"നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ചല്ലാതെ ഒരു മേലാവിന്റെ കീഴ് അനുസരണത്തോടുകൂടി ജീവിക്കുന്നതു് വളരെ മഹത്തായ ഒരു കാര്യമാകുന്നു. ആജ്ഞാപിക്കുന്നതിനുള്ള അധികാരസ്ഥാനത്തിരിക്കുന്നതിനേക്കാൾ, ആജ്ഞാനുസാരിയായിരിക്കുന്നതു് വളരെയധികം സുരക്ഷിതമാണ്. അനേകംപേരും അനുസരണമുള്ളവരായിരിക്കുന്നതു് അവർക്കു ഈശ്വരനോടുള്ള സ്നേഹം നിമിത്തമായിരിക്കുന്നതിനേക്കാൾ ഗത്യന്തരമില്ലാത്തതുകൊണ്ടാണ്."

—ക്രിസ്ത്വാനുകരണം

# സത്യദീപം

"നാല്പതു രാവും നാല്പതു പകലും ഈശോ ഉപവസിച്ചു. അതിന്റെ അവസാനത്തിൽ അവിടുത്തേക്കു വിശന്നു. അപ്പോൾ പരീക്ഷകൻ സമീപിച്ചു് അവിടുത്തോടു പറഞ്ഞു: നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരുവാൻ കല്പിക്കുക. അതിനു അവിടുന്നു മറുപടി പറഞ്ഞു: അപ്പംകൊണ്ടുമാത്രം ജീവിക്കുവാൻ മനുഷ്യനു സാധിക്കയില്ല ദൈവവദനത്തിൽനിന്നു പുറപ്പെടുന്ന സകല വചനങ്ങളാലും അവൻ ജീവിക്കുന്നുണ്ടു് എന്നു എഴുതപ്പെട്ടിരിക്കുന്നു."

—മത്തായി IV: 52

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293 | 1957 മാർച്ച് 6—ബുധനാഴ്ച | Vol. 30, No. 29

# പന്ത്രണ്ടാംപീയൂസ് പോപ്പുരാജൻ നീണാൾ വിജയിപ്പൂതാക!




പരിശുദ്ധപിതാവ് പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു്

(പാപ്പാദിനം—മാർച്ച് 10)

ചെറുകഥ

# കത്തുകൾ

## (തൃക്കൊടിത്താനം ചാക്കോ)

(തുടർച്ച)

നിറഞ്ഞ പ്രതീക്ഷകളോടെ അവൾ പുതിയൊരു ജീവിതത്തിലേക്ക കാലെടുത്തുവച്ചു. തങ്കച്ചന്റെ ഓരോ പ്രവൃത്തിയും ജെയിംസിനെ കൂടുതൽ സന്തോഷിപ്പിച്ചു. അന്നൊക്കെ ജെയിംസിന്റെ മാതാവു പറയും: "മോളി ഭാഗ്യമുള്ളവളാ, ദൈവംതമ്പുരാൻ കണ്ണുതുറന്നനുഗ്രഹിച്ചു. സ്വന്തമായി ഒരു സെൻറു സ്ഥലമില്ലാത്ത കുടുംബത്തിൽനിന്നും ഒരു പണക്കാരന്റെ മകൻ വിവാഹംചെയ്തു. എല്ലാം നമ്മുടെ ഭാഗ്യമാ......"

കാലങ്ങൾ നീങ്ങിയതോടെ അവരുടെ വൈവാഹികജീവിതത്തിൽ ചില കറുത്ത വരകൾ വീണുതുടങ്ങി. കഴിഞ്ഞകാലത്തിൽക്കൂടി കെട്ടിപ്പടുത്ത സ്നേഹശൃംഖലയുടെ കണ്ണികൾ ദ്രവിച്ചുതുടങ്ങി. ആശിച്ചിരുന്നതുപോലെ വിവാഹജീവിതം മധുരമായി ആസ്വദിക്കാൻ കഴിഞ്ഞില്ല. അവളുടെ സ്വപ്നങ്ങൾ തകർന്നു. തങ്കച്ചന്റെ ഭാവപ്പകർച്ചകൾ അവളെ വ്യാകുലപ്പെടുത്തി. അവൾ സന്തോഷിപ്പിക്കാൻ ശ്രമിക്കുന്തോറും അയാൾ അകന്നകന്നു പോകുകയാണ്. സ്നേഹത്തിനുവേണ്ടിയുള്ള മോളിയുടെ ദാഹം വർദ്ധിക്കുകയാണ്.

തങ്കച്ചൻ മോളിയോടുള്ള പെരുമാററം ഓരോ ദിവസം കഴിയുന്തോറും കർക്കശമാക്കിത്തുടങ്ങി. എന്നാലും അവൾക്കതിൽ വിഷമമില്ല. സ്നേഹമൂറുന്ന തങ്കച്ചന്റെ ഒരു പുഞ്ചിരിക്കുവേണ്ടി അവൾ കൊതിച്ചു. പക്ഷെ വിഷംവമിക്കുന്ന പെരുമാററങ്ങളായിരിക്കും തങ്കച്ചനിൽനിന്നും അവൾക്ക അനുഭവപ്പെടുന്നതു്. അങ്ങനെ സ്നേഹം സ്നേഹത്തെ അവിശ്വസിക്കുകയാണ്. മനുഷ്യൻ മനുഷ്യത്വത്തെ അവഹേളിക്കുകയാണ്. അത്തരത്തിലുള്ള പെരുമാററത്തിനു് തങ്കച്ചനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തായിരുന്നുവെന്നുള്ളതാണ് അവൾക്കറിയേണ്ടതു്. പക്ഷെ തങ്കച്ചൻ അതു വെളിപ്പെടുത്തുകയുമില്ല.

മോളി ആ നിസ്സഹായതയിൽ കിടന്നു കുഴങ്ങി. അവൾ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരഗ്നിപർവ്വതത്തിനു സമമായിത്തീർന്നുകഴിഞ്ഞു. എത്തും പിടിയും കിട്ടാത്ത ജീവിതം; ഊഹാപോഹങ്ങളിൽപ്പെട്ടു ഞെരിപിരികൊള്ളുന്ന ഒരു ജീവിതം. അവൾ ഭർത്താവിന്റെ കാല്ക്കൽ വീണുകരഞ്ഞു.

ഇതുകൊണ്ടൊന്നും തങ്കച്ചനിൽ ഒരു മാററവും സംഭവിച്ചില്ല. ഒടുവിൽ അയാൾ അവളെ അവളുടെ വീട്ടിലാക്കി.

ജെയിംസും മാതാവും കുഴങ്ങി. കാരണം എന്താണെന്നറിയാതെ അവർ അമ്പരന്നു. അവളെന്താണു പറയുക! തങ്കച്ചനെ സ്നേഹിച്ചു. പാതിവ്രത്യത്തിൽനിന്നും അണുമാത്രം വ്യതിചലിക്കാതെ അയാളെ ശുശ്രൂഷിച്ചു എന്നതിൽ കവിഞ്ഞു് ഒരു തെററും അവൾ ചെയ്തിട്ടില്ല.

പണക്കാരുടെ നീതിയില്ലാത്ത പെരുമാററത്തിൽ ജെയിംസിനു പ്രതികാരബുദ്ധിയുണ്ടായി. പക്ഷെ മോളി അതിനെതിരായിരുന്നു. അവൾ സ്നേഹിക്കുന്ന തങ്കച്ചനെ ഉപദ്രവിക്കുന്നതിൽ അവൾക്ക അതിയായ വേദനയുണ്ടായിരുന്നു. സ്വസഹോദരനോടവൾ യാചിച്ചു, പ്രതികാരമനസ്ഥിതി ഉപേക്ഷിക്കുവാൻ.

മോളിയുടെ ഹൃദയാസ്വാസ്ഥ്യം വർദ്ധിച്ചു തുടങ്ങി. അവളുടെ പ്രായത്തിന്റേതായ കൊഴുത്ത ശരീരവും, സൗന്ദര്യം മുററിനിന്ന മുഖഭാവവുമെല്ലാം മാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. അവളുടെ തിളങ്ങുന്ന കണ്ണുകളുടെ പ്രകാശം കുറഞ്ഞു. തങ്കച്ചനെ അവൾ വിശ്വസിച്ചു. ആ സ്നേഹപൂർത്തീകരണത്തിനു് അവൾ അന്നും വേദനിച്ചു; അതിനുശേഷവും അവൾ വേദനിക്കുകയാണ്. മഹത്തായ സ്നേഹത്തിന്റെ അവസാനം ഇതോ? പണക്കാരനും പാവങ്ങളും തമ്മിലുള്ള ബന്ധം ശാശ്വതമല്ലേ? തങ്കച്ചനുവേണ്ടി ഒരു ജീവൻ മരണവുമായി മല്ലിടുകയാണ്. അയാളുടെ സ്നേഹമൂറുന്ന സംഭാഷണത്തിനു് മോളി ഇന്നു ദാഹിക്കുകയാണ്. ത്യാഗത്തിനുവേണ്ടി കുരിശിൽ തൂങ്ങിയതുപോലെ സ്നേഹത്തിനുവേണ്ടി ഒരു ജീവൻ ക്രൂശിക്കപ്പെടുകയാണ്. ആ ക്രൂശിൽ കിടന്നുകൊണ്ടും ദാഹിക്കുന്നു എന്നവൾ യാചിക്കുന്നുണ്ടു്. പക്ഷെ ആ ദാഹം ശമിപ്പിക്കുവാൻ ആരുമില്ല.

അവൾക്ക പ്രതികാരമില്ല. മരണാവസ്ഥയിലും തങ്കച്ചനെ അവൾ കൂടുതൽ കൂടുതൽ സ്നേഹിക്കുകയാണ്. സ്നേഹത്തിന്റെ ബാലപാഠം മോളിയെ പഠിപ്പിച്ചതും തങ്കച്ചനാണ്. ജീവിതമാകുന്ന വലിയ പുസ്തകത്തിലെ "അവിശ്വസിക്കുന്ന" അദ്ധ്യായവും തങ്കച്ചൻ അവളെ പഠിപ്പിക്കുന്നു. പക്ഷെ അവൾക്കതു മനസ്സിലാകുന്നില്ല. അതവൾക്ക് അംഗീകരിക്കുവാൻ നിവൃത്തിയില്ല. അയാൾ അവളെ വെറുത്തു. എന്നിട്ടും അവൾ അയാളെ സ്നേഹിക്കുകയാണ്. സ്നേഹിക്കാതിരിക്കുവാൻ അവളുടെ ഹൃദയം അനുവദിക്കുന്നില്ല.........ജെയിംസ് പൊട്ടിക്കരഞ്ഞുപോയി.



കുന്നപ്പള്ളിൽ ബ. തോമാച്ചൻ
ജനനം 7 IV 1894
ഗുരുപ്പട്ടം 18 XII 1921
മരണം 15 III 1933
Inserted by his loving Brother
Rev. Fr. Jacob Kunnappalli
Vicar, Chempamthotty

x x x

ഇതെല്ലാം ഒരു വർഷത്തിനുമുൻപു നടന്ന സംഭവങ്ങളായിരുന്നു. അന്നത്തെപ്പോലുള്ള കൂരിരുട്ട് ഇന്നും ചിതറിക്കിടപ്പുണ്ടു്. അന്നു പിതാവിന്റെ കിടക്കയിൽ കമഴ്ന്നുകിടന്നു കരഞ്ഞ മോളി ഇന്നു് അതേകിടക്കയിൽ തങ്കച്ചനുവേണ്ടി ഇഞ്ചിഞ്ചായി മരിക്കുകയാണ്.

"അച്ചാച്ചാ..." മുറിക്കുള്ളിൽ നിന്നു് അവൾ വിളിച്ചു.

വരാന്തയിലുള്ള കൽത്തൂണിൽ ചാരിയിരുന്ന ജെയിംസ് എണീററു് അകത്തേക്കു ചെന്നു.

"തങ്കച്ചൻ വന്നോ...?"

"ഇല്ല മോളീ."

"എന്താ അച്ചാച്ചാ, തങ്കച്ചൻ വരാത്തതു്. ഇന്നും വരത്തില്ലേ?"

"വരും മോളീ."

"നേരം വെളുപ്പടുത്തല്ലോ, എന്നിട്ടും വന്നില്ലല്ലോ? അച്ചാച്ചൻ പറഞ്ഞില്ലേ...?"

"പറഞ്ഞുമോളീ, നിന്റെ അവശതയെല്ലാം പറഞ്ഞു."

"ങാ, എന്നാൽ വരും...വരാതിരിക്കുകയില്ല."

ജെയിംസിന്റെ നയനങ്ങൾ വിതുമ്പി. അവൾ അങ്ങേലോകം പാറിക്കിടക്കുകയാണ്. അവൾക്കെന്തെങ്കിലും സംഭവിക്കുന്നതിനുമുൻപായി തങ്കച്ചൻ ഒന്നു വന്നിരുന്നെങ്കിൽ. അവൻ ആശിച്ചു.

തങ്കച്ചനെ അവസാനമായി ഒരുനോക്കു കാണണമെന്നുള്ള അവളുടെ ആഗ്രഹം സഹോദരിയുടെ ജീവനിൽ കൂടുതൽ കടപ്പാടുണ്ടായിരുന്ന ജെയിംസ് തങ്കച്ചനെ അറിയിച്ചു. അത്രടം ഒന്നു വന്നു് അവളുടെ അന്ത്യാഭിലാഷം ഒന്നു കേൾക്കുവാൻ ജെയിംസ് അഭ്യർത്ഥിച്ചു. പക്ഷെ തങ്കച്ചൻ അതും തിരസ്കരിച്ച് ആട്ടിയോടിച്ചു.

തുറന്നുകിടന്ന ജാലകത്തിൽക്കൂടി പുലരിയിലെ തണുത്ത കാററ് മുറിക്കുള്ളിൽ തത്തിക്കളിച്ചു. ജെയിംസ് ജനൽപ്പാളികൾ അടച്ചശേഷം മുറിക്കുള്ളിൽക്കയറി തണുത്തിരിക്കുന്ന മോളിയുടെ ശരീരം കമ്പിളിപ്പുതപ്പുകൊണ്ടു പുതപ്പിച്ചു. അവളുടെ കുഴിഞ്ഞുതാണിരിക്കുന്ന കണ്ണുകൾ തങ്കച്ചനുവേണ്ടി തുറന്നിരിക്കുകയാണ്.

"അച്ചാച്ചാ......തങ്കച്ചൻ വന്നോ...?"

"ഇല്ല മോളീ."

"എന്താ അച്ചാച്ചാ, തങ്കച്ചൻ വരാത്തതു്. ഇന്നും വരത്തില്ലേ?"

"വരും മോളീ."

"നേരം വെളുത്തിട്ടും വന്നില്ലല്ലോ...അച്ചാച്ചൻ പറഞ്ഞില്ലേ?"

"പറഞ്ഞുമോളീ. നിന്റെ അവശതയെല്ലാം പറഞ്ഞു."

"എന്നാൽ വരും...വരാ....തിരി...ക്കു ...ക...യി ......."

ആ വാക്കുകൾ പൂർത്തീകരിക്കുന്നതിനുമുൻപായി ആ മനുഷ്യാത്മാവു പൊലിഞ്ഞു, തികഞ്ഞ പ്രതീക്ഷയോടെ.

ജെയിംസ് മോളിയുടെ നാടി പരിശോധിച്ചുനോക്കി. അനക്കമില്ല. എന്നന്നേക്കുമായി ചലനം നിലച്ചു. ആസ്സത്രി നടുങ്ങുമാറു് അവൻ ഹൃദയംപൊട്ടിക്കരഞ്ഞു.

x x x

തങ്കച്ചനും ജീവിക്കുന്നുണ്ടു്. അയാളുടെ സ്മരണയിൽനിന്നും മോളിയുടെ രൂപം വിട്ടുമാറുന്നില്ല. അവ ഹൃദയത്തിൽ പററിപ്പിടിച്ചു കിടക്കുകയാണ്. അടുത്ത ക്ഷണം അയാളുടെ നയനങ്ങളിൽ തുവാലയിൽ പൊതിഞ്ഞ ഒരു പൊതിക്കെട്ടു കണ്ടുകിട്ടി. അയാൾ അതെടുത്തു.

കഴിഞ്ഞകാലജീവിതത്തിലെ ചില അമൂല്യസമ്പത്തുകൾ; അവരുടെ സ്നേഹശൃംഖലയുടെ കണ്ണികൾ ഉറപ്പിച്ച കുറെ എഴുത്തുകൾ. തങ്കച്ചൻ അതു വായിച്ചുനോക്കി. ഒരു വർഷത്തിനുമുമ്പു് അയാൾ മോളിക്കു് കൊടുത്ത കുറെ കത്തുകൾ. അന്നു് തങ്കച്ചന്റെ ഹൃദയത്തിൽനിന്നും കുതിച്ച സ്നേഹത്തിന്റെ വിത്തുകൾ. ആ എഴുത്തിലെ കനത്ത വാക്കുകൾ അയാളുടെ മനസ്സിൽ കുമിഞ്ഞുപൊങ്ങി. വർഷങ്ങൾക്കപ്പുറം അയാൾ കുത്തിക്കുറിച്ച വാക്കുകൾതന്നെ ഇന്നു് അയാളുടെ ഹൃദയത്തെ വലിച്ചുമുറുക്കിത്തുടങ്ങി. ആ വാക്കുകളിൽ വിശ്വസിച്ച ഒരു ജീവൻ അയാളുടെ പുറകേ തിരിച്ചു. ആ കത്തുകൾതന്നെ ആ മനുഷ്യാത്മാവിനെ മരണത്തിന്റെ ബലിവേദിയിൽ അർപ്പിച്ചു. തങ്കച്ചൻ ചിന്തിച്ചു, മോളിയെ തെററിദ്ധരിച്ച് അവളോടു മനുഷ്യത്വരഹിതമായി പെരുമാറിയ അയാളുടെ നീചകൃത്യത്തെക്കുറിച്ചു്. അയാളുടെ ചിന്തയുടെ കരിമരുന്നുശാലയ്ക്കു തീപിടിച്ചു. തങ്കച്ചൻ പരിഭ്രമിച്ചു.

ഓടിയൊളിക്കുവാൻ ഒരഭയസ്ഥാനവും തങ്കച്ചനില്ല. പ്രകൃതിപോലും അയാളെ പരിഹസിക്കുന്നതായി അയാൾക്കു തോന്നി. തങ്കച്ചന്റെ ബുദ്ധി എത്തുംപിടിയും കിട്ടാത്ത പ്രപഞ്ചത്തിൽ വട്ടമിട്ടു പറക്കുകയാണ്, ബ്രേക്കില്ലാത്ത ഒരു മോട്ടോർവണ്ടിപോലെ.

"മോളീ......" തങ്കച്ചൻ വിളിച്ചു.

പക്ഷേ...? ആരു കേൾക്കാനാണു്? മൈലുകൾക്കപ്പുറത്തുനിന്നുപോലും വിളിച്ചാൽ വിളികേൾക്കുന്ന ഒരവസരമുണ്ടായിരുന്നു. പക്ഷേ അവ ഇന്നു നീതിയുടെ കൈക്കുള്ളിൽ അമർന്നുപോയി. അയാൾ ആഗ്രഹിച്ചു, ആ കഴിഞ്ഞുപോയ കാലങ്ങൾ, അതേ വസന്തം പൊട്ടിവിടരുന്ന ആ നല്ലകാലങ്ങൾ, പാലപ്പൂക്കളുടെ നറുമണം ദിഗന്തങ്ങളിൽ പാറിപ്പറന്നു നടക്കുന്ന ആ നിമിഷങ്ങൾ തങ്കച്ചനുവേണ്ടി വീണ്ടും ഒരുങ്ങിവരാൻ. പക്ഷേ, അവയെല്ലാം പറന്നുപോയി. കാലത്തിന്റെ കറുത്ത കരിമ്പടത്തിൻകീഴിൽ ആ നല്ല നിമിഷങ്ങളെല്ലാം ഓടിയൊളിച്ചുപോയി. അവ വീണ്ടും തിരികെ വരാൻ...ഇല്ല...അവയൊന്നും ഇനിയും തങ്കച്ചനുവേണ്ടി മടങ്ങിവരികയില്ല. കാലത്തിന്റെ തകിടം മറിച്ചിലിൽ പാലയും പൂക്കും. അതിന്റെ നറുമണം ദിഗന്തങ്ങളിൽ പരക്കുകയും ചെയ്യും. പക്ഷേ മോളി! ആ മനുഷ്യഹൃദയത്തെ അയാൾക്കിനി ഈ ഭൂമിയിൽ കാണുവാൻ സാധിക്കുകയില്ല. ആ സൗന്ദര്യദേവതയോടു നർമ്മസംഭാഷണം നടത്തുവാനും ഇനി സാദ്ധ്യമല്ല. അയാളുടെ രക്തത്തിൽ അലിഞ്ഞുചേർന്ന ഒരു ഗ്രാമീണയുവതിയെ ആണു് അയാൾ അവിശ്വസിച്ചതു്. അന്ത്യനിമിഷത്തിൽപോലും ഒരു നോക്കു കാണുവാനുള്ള അവളുടെ ആഗ്രഹത്തിനു കൂട്ടുനിന്നു്, നീറിപ്പുകയുന്ന അവൾക്കു ശാന്തിനൽകുവാൻ അയാളുടെ സംസ്കാരം അനുവദിച്ചില്ല. വെറും തെററിദ്ധാരണയാൽ അയാൾ ആ ചെമ്പകപ്പുഷ്പത്തെ അറുത്തു താഴെയിട്ടു. തങ്കച്ചൻ ഓർക്കുകയാണ്...ഓർത്തു.

ജീവിതം വിഷമസമ്പൂർണ്ണമാണെന്നു് ഇപ്പോഴാണു് തോന്നിയതു്. ആ ജീവിതയാത്രയിൽ അയാളിന്നു് ഏകനാണ്. അയാളോടൊത്തു എന്തു കഷ്ടപ്പാടും സഹിക്കുവാൻ ഹൃദയമുള്ള മോളിയെ അയാൾ പുറംതള്ളി. ജീവിതമാകുന്ന മരുഭൂമിയിൽവന്നു വഴിമുട്ടി നില്ക്കുകയാണു് തങ്കച്ചൻ.

ജെയിംസു് പറഞ്ഞകാര്യം അയാൾ ഓർത്തു.

അല്പസമയത്തിനുശേഷം തങ്കച്ചൻ ആ ജീവനുള്ള കത്തുകളുമായി ആസ്സത്രിയിലേക്ക പാഞ്ഞുപോയി.

മോളിയുടെ മൃതദേഹം ശ്മശാനത്തിലേക്കു നീക്കിക്കഴിഞ്ഞു.

തങ്കച്ചൻ വിവശനായി ആസ്സത്രിയിൽ ചെന്നു, നിറഞ്ഞ ഹൃദയത്തോടെ. പക്ഷേ മോളി മരിച്ചു എന്ന വാർത്ത അറിഞ്ഞതോടെ അയാൾ ബോധരഹിതനായിത്തീർന്നു.

അയാളുടെ കണ്ണുകളിൽ ഇരുട്ടു വ്യാപിച്ചതുപോലെതോന്നി. അവസാനമായിട്ടെങ്കിലും മോളിയെ ഒരു നോക്കുകാണുവാൻ വേണ്ടി... ആ മൃതദേഹത്തോടെങ്കിലും മാപ്പു ചോദിക്കുവാൻ ....അയാൾ ശ്മശാനത്തെ ലക്ഷ്യമാക്കി നീങ്ങി... തങ്കച്ചൻ ശ്മശാനത്തിൽ എത്തി.

പക്ഷേ മോളിയുടെ മൃതദേഹം സംസ്കരിച്ചുകഴിഞ്ഞു.

ആളുകൾ അമ്പരന്നു.

ആ സൗന്ദര്യവതിയായ മോളിയെ അവിശ്വസിച്ച് ആ യുവതിയെ ഞെക്കിക്കൊന്ന മനുഷ്യാധമനെ കണ്ടാൽ ആളുകൾ എങ്ങിനെ അമ്പരക്കാതിരിക്കും?

അയാൾ അവളുടെ കുഴിമാടത്തിൽ കമഴ്ന്നുവീണു കണ്ണുനീർ വീഴ്ത്തി.

"എഴുന്നേൽക്കൂ വിഷമിക്കാതെ—എല്ലാം ദൈവനിശ്ചയം..." ജെയിംസു് സമാധാനപ്പെടുത്തി.

തങ്കച്ചന്റെ കണ്ണുകളിൽനിന്നും കണ്ണുനീർച്ചാലുകൾ ഒഴുകിത്തുടങ്ങി...അയാൾ പറഞ്ഞു:

"ക്ഷമിക്കുകയില്ലേ...? മോളി പരിശുദ്ധയാണ്. അവളെ തെററിദ്ധരിച്ചു. തെററുകൾ പൂർണ്ണമായും എന്നിലാണ്. പല ദിവസങ്ങളിലും അവൾ കത്തുകൾ വായിക്കുന്നതു കണ്ടിട്ടുണ്ടു്. പക്ഷേ പണ്ടു ഞാൻ അയച്ച കത്തുകളാ

(ശേഷം 11-ാംപേജിൽ)


സാധാരണഗതിയിലുള്ള എല്ലാവിധ ബാങ്ക്
പ്രവർത്തനങ്ങൾചെയ്തു, നാൾക്കുനാൾ
കൂടുതൽ കൂടുതൽ ആളുകളുടെ
സംപ്രീതി ആർജ്ജിക്കുന്നു.

സീഷ്യ ബാങ്ക് (ക്ലിപ്തം)

H. O. ആലപ്പുഴ
ബ്രാഞ്ചു്:- പുളിങ്കുന്നു് & മണിമല

31—12—1956

| | | |
|---|---|---|
| പിരിഞ്ഞുകിട്ടിയ മൂലധനവും കരുതൽ ധനവും...... | Rs. | 148165 |
| ആകെ ഡിപ്പോസിററ്...... | " | 989213 |
| റൊക്കമിരുപ്പും, മററു ബാങ്കുകളിൽ നിക്ഷേപവും...... | " | 86968 |
| ഗവമ്മേണ്ടു് കടപത്രങ്ങളിലുള്ള നിക്ഷേപം...... | " | 216293 |
| പ്രവർത്തനമൂലധനം...... | " | 1496520 |
| തന്നാണ്ടു് അററആദായം....... | " | 17653 |

(Subject to audit)

മാനേജിംഗ് ഡയറക്ടർ



ആഖ്യായിക

## ബറാബാസ്

അദ്ധ്യായം 22

### വേറൊരു തടവുകാരൻ

(വി. സി. ജോർജ്ജ് ബി എ. എൽ. റ്റി.)

വിനോദരംഗത്തിലെ സംഭവങ്ങൾക്കു ശേഷം എസ്രാക്കു അയാളുടെ നേതാവു് ബറാബാസിനെ സംബന്ധിച്ചു് യാതൊരു വിവരവും ലഭിച്ചില്ല. ബറാബാസിനു വിനോദരംഗത്തു് കൈവന്ന "വിജയം" അനുസ്മരിച്ചു് അയാളുടെ ജീവൻ രക്ഷിക്കുവാൻ പീലാത്തോസ് സന്നദ്ധനാണെന്നു് കിംവദന്തി പരന്നിരുന്നു. ഈ കിംവദന്തിക്കേതോ അടിസ്ഥാനമുണ്ടെന്നു് ധരിക്കുവാൻ ബറാബാസിൻെറ വധശിക്ഷയെപ്പററി യാതൊന്നും അറിയാതിരുന്നതു് എസ്രാക്കു പ്രേരണ നൽകി. വധിക്കാതെ ബറാബാസിനെ വലിക്കപ്പലിലെ പണിക്കു ശിക്ഷിക്കുന്നുവെന്നു വന്നാലും അതു എസ്രാക്കാശ്വാസപ്രദമായില്ല. ആ അവസ്ഥയിലും മേലിൽ തൻെറ നേതാവിനെ കാണുവാൻ സാധിക്കുകയില്ലല്ലോ എന്നായിരുന്നു എസ്രായുടെ ആധി.

വേറൊരു സംഭാവ്യതയെപ്പററിയും അയാൾ ചിന്തിച്ചു. പീലാത്തോസ് ബറാബാസിനെ പണിപ്പുരയിലെ ശിക്ഷക്കു വിധിച്ചാലോ? അങ്ങനെയെങ്കിൽ എസ്രാ രക്ഷപെട്ടവിധം അവിടെനിന്നു മോചനം പ്രാപിക്കുവാൻ ബറാബാസിനും സാധിച്ചേക്കും. ഇല്ലെങ്കിൽതന്നെ, ബറാബാസ് അടുത്തുണ്ടെന്നുള്ള ചിന്ത ഒരു ജനകീയക്ഷോഭത്തിന്നവസരം നൽകുകയും, ജനങ്ങൾ സംഘടിച്ചു അയാളെ സ്വതന്ത്രനാക്കുകയും ചെയ്തേക്കാം. ജനങ്ങൾ തങ്ങളുടെ നേതാക്കന്മാരെ ബന്ധനവിമുക്തരാക്കിയ സംഭവങ്ങൾ ചരിത്രത്തിൽ ധാരാളമുണ്ടല്ലോ. ബറാബാസ് നഷ്ടപ്പെട്ടു എന്ന ചിന്ത എസ്രാക്കു തീത്തും ദുസ്സഹമായിരുന്നു.

എസ്രാ, നസ്രായനെപ്പററിയും ഒട്ടധികം ചിന്തിച്ചു. സക്കസിലെ വിനോദങ്ങൾ നടന്ന ദിവസമാണു് നസ്രായൻ പ്രസംഗിക്കുന്നതു് എസ്രാ ആദ്യമായി കേട്ടതു്. നേതാവിനെപ്പററി നിരാശപ്പെട്ടും അടുത്തപടിയായി എന്തുചെയ്യണമെന്നറിയാതെയും എസ്രാ നസ്രായൻ ഈശോ പ്രസംഗിക്കുന്നതു് കേൾക്കുവാൻ ദേവാലയക്കുന്നു ലക്ഷ്യമാക്കി പാഞ്ഞുകൊണ്ടിരുന്ന ജനക്കൂട്ടത്തിൽ ചേന്നു. ദേവാലയപരിസരത്തിലെ പടിവാതലിനു സമീപം കാഹളധ്വനിക്കു യഥാകാലം രംഗമായി കഴിഞ്ഞ വലിയ ചതുരകൽക്കെട്ടുകളിൽ ഒന്നിലേക്കു ഈശോ കയറുന്നതും അയാൾ കണ്ടു. അസ്തമനസൂര്യൻെറ കിരണങ്ങളേററു്, ധാവള്യത്തിൽ തിളങ്ങി നസ്രായൻ ജനക്കൂട്ടത്തിൻമീതെ ദൃശ്യനായി. അവിടുന്നു കരമുയത്തിയപ്പോൾ സംജാതമായ നിശ്ശബ്ദതയിൽ പ്രഭാഷണമാരംഭിച്ചു. സമാധാനത്തിൻെറയും സ്നേഹത്തിൻെറയും പീഡാനുഭവത്തിൽ സഹനത്തിൻെറയും, സ്വർഗ്ഗീയപിതാവിൻെറ സവ്വലോകവ്യാപകമായ ദൈവികകാരുണ്യത്തിലുള്ള ആശ്രയത്തിൻെറയും സന്ദേശം നസ്രായനിൽനിന്നു് പുറപ്പെട്ടതു് എസ്രാ ശ്രദ്ധാപൂവ്വം കേട്ടു. ദ്വേഷനിബിഡമായ അയാളുടെ ഹൃദയം അയാളറിയാതെതന്നെ സ്നേഹമസൃണമായിത്തീന്നു. നസ്രായൻെറ വാക്കുകൾ തൻെറ ഹൃദയത്തെ സ്പർശിച്ചുവെന്നു മനസ്സിലാക്കിയതിനെ തുടന്നു്, ഝടുതി അയാൾ തിങ്ങിക്കൂടിയ ആ ജനസംഘത്തിൽനിന്നു പിന്മാറുകയും ചെയ്തു. ലാസറസിൻെറ ഭവനത്തിൽനിന്നു് അയാളെ പായിച്ചുകളഞ്ഞ ആ വികാരംതന്നെ—കാരുണ്യത്തെപ്പററിയുള്ള ഭീതി—ഇവിടെയും അയാളുടെ പലായനത്തിനു് കാരണമായി. "ഇയാളുടെ ചൊല്പടിക്കു—വരുന്നതെന്തെങ്കിലും വരട്ടെ എന്നു കരുതുന്ന ഈ ജനങ്ങളെപ്പോലെ—ഞാൻ എന്നെത്തന്നെ വിടുകയാണെങ്കിൽ, എൻെറ കാര്യമെല്ലാം തുലഞ്ഞതുതന്നെ. ഞാൻ ഇവിടെ നിന്നുകൂടാ—പോകണം, ദൂരെ പോകണം" ഈവിധമായിരുന്നു എസ്രായുടെ ചിന്താഗതി.



St. Alphonsa. I.C.

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

കെ. വി. വർഗ്ഗീസ്, കൂനമ്മാവു്.

ദേവാലയാങ്കണത്തിലെ പ്രധാനവാതിൽകടന്നു്, അവിടെ കൂടിയിരുന്ന രോഗികളേയും അപൂണ്ണാംഗരേയും പിന്നിലാക്കിക്കൊണ്ടു്, എസ്രാ അതിശീഘ്രം നീങ്ങി, "ദാവീദിൻപുത്രനായ യേശുവേ, ഞങ്ങളിൽ കാരുണ്യമുണ്ടാകണേ" എന്നിങ്ങനെ കേണപേക്ഷിച്ച കുഷ്ഠരോഗികളും ഒരു പ്രത്യേകസംഘമായി അവിടെ കാണപ്പെട്ടു. ഈ ദുർഭഗരുടെയെല്ലാം വിശ്വാസദാർഢ്യം തുലോം ഹൃദയസ്പൃക്കായിരുന്നു. "ഇവരൊക്കെ അദ്ദേഹത്തിൽനിന്നു രോഗവിമുക്തിയും രക്ഷയും ലഭിക്കുമെന്നു് വിശ്വസിക്കുന്നു!" എന്നുമാത്രം എസ്രാ ചിന്തിച്ചു. അടുത്തക്ഷണം എസ്രാ സ്വയം ചോദിക്കുകയായി, "ഇദ്ദേഹം എന്തുകൊണ്ടു് ബറാബാസിനു മോചനം നൽകുകയില്ലാ?" മൃതനായിരുന്ന ലാസറസിനെ ജീവനിലേക്കു ഇദ്ദേഹം മടക്കിവിളിച്ചല്ലോ. കാരാഗൃഹത്തിൻെറ വാതിൽ തുറക്കുകയാണോ മൃതിയുടെ കവാടം ഉടക്കുകയാണോ പ്രയാസം കുറഞ്ഞ ജോലി? ബറാബാസ്തന്നെയും വധശിക്ഷക്കു വിധിക്കപ്പെട്ടിരിക്കയല്ലേ? നസ്രായനെ സമീപിച്ചു് സ്വന്തം നേതാവിൻെറ മോചനം അഭ്യത്ഥിക്കുകയല്ലയോ വേണ്ടതെന്നായിരുന്നു എസ്രായുടെ അടുത്ത ആലോചന. പക്ഷെ ആ ആലോചന ജനിച്ചമാത്രയിൽ തന്നെ മരിച്ചു. അദ്ദേഹം എങ്ങനെയാണു് ബറാബാസിനെ മോചിക്കുക? എങ്ങനെയാണദ്ദേഹത്തിനു് മോചിക്കുവാനുള്ള കഴിവുണ്ടാകുക? ഈ ചോദ്യങ്ങൾക്കു് എസ്രാ സമാധാനം കണ്ടില്ല. ഈ വമ്പിച്ച ജനൗഘം അവരുടെ കരങ്ങളിൽ താലശാഖകൾക്കുപകരം ഖഡ്ഗങ്ങൾ ധരിച്ചിരുന്നുവെങ്കിൽ! ശാന്തനായ നസ്രായൻെറ വാക്കുകൾ കേൾക്കുന്നതിനുപകരം റോമൻഭരണകത്താക്കളുടെ കിങ്കരന്മാക്കെതിരായ ഒരഭിയോഗത്തിനവർ തുനിഞ്ഞിരുന്നുവെങ്കിൽ! തീർച്ചയായും ബറാബാസിൻെറ മോചനം അസന്നിഗ്ദ്ധമാകുമായിരുന്നു. എന്തുചെയ്യാം! നസ്രായൻ ഹിംസക്കു വിരോധിയാണു്. താലശാഖകൾകൊണ്ടു് കാരാഗൃഹങ്ങൾ ഭേദിക്കുവാൻ സാധിക്കുകയുമില്ല.


എന്നിരുന്നാലും എസ്രാ ആശാരഹിതനായി പ്രൊക്കുറേറററുടെ അരമനയ്ക്കു സമീപം ലക്ഷ്യംകൂടാതെ അലഞ്ഞുതിരിഞ്ഞു നടന്നപ്പോഴും, തൻെറ അഭയസ്ഥാനമായിത്തീന്ന, സൽകീത്തിസമ്പന്നമല്ലാതിരുന്ന ഗുണ്ടയിൽ നിദ്രാവിഹീനനായി രാത്രികാലം വൈക്കോൽമെത്തയിൽ മറിഞ്ഞും പിടഞ്ഞും കഴിച്ചപ്പോഴും, നസ്രായ

## ലോകത്തിലെ ധാർമ്മികകേന്ദ്രമായ വത്തിക്കാൻ






വത്തിക്കാൻനഗരത്തിൻെറ ഒരു വിഹഗവീക്ഷണം. വിശ്വവിഖ്യാതമായ വി. പത്രോസിൻെറ ദേവാലയവും അതിവിസ്തൃതമായ അതിൻെറ അങ്കണവും. ഇവിടെയാണു് ലക്ഷോപലക്ഷം ജനങ്ങൾ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും തടിച്ചുകൂടുന്നതു്.





മാർപ്പാപ്പാ തിരുമേനി ഔദ്യോഗികമായ കർമ്മങ്ങൾക്കും പരിപാടികൾക്കും വി. പത്രോസിൻെറ ദേവാലയത്തിലേക്കു് "സെഡിയാ ജെസ്റ്റത്തോറിയാ" എന്ന സിംഹാസനത്തിൽ വഹിക്കപ്പെടുന്നു.



1939-ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ സ്ഥാനാരോഹണം കഴിഞ്ഞു് തിരുമേനി അവിടുത്തെ ആദ്യത്തെ സന്ദേശം പ്രഖ്യാപനം ചെയ്യുന്നു.

നെപ്പററി കൂടെക്കൂടെ ചിന്തിക്കാറുണ്ടായിരുന്നു. നസ്രായന്റെ പ്രസംഗം കേട്ടതിനുശേഷം അഞ്ചുദിവസം കടന്നുപോയി. ഈ അഞ്ചുദിവസവും രാവും പകലും തന്റെ നായകൻ ബറാബാസിന്റേയും തന്റേയും രക്ഷയ്ക്കായി നസ്രത്തിലെ അത്ഭുതപ്രവർത്തകനുമായി സമ്പർക്കത്തിലേർപ്പെടണമോ എന്ന പ്രശ്നവുമായി എസ്രാ ഒരു മല്പിടുത്തം നടത്തുകതന്നെയായിരുന്നു. അഞ്ചാംരാത്രി ശൂണ്ടയും അയാൾക്കരോചകമായിത്തീർന്നു. അയാൾ അതിൽനിന്നു മെല്ലെ ഇറങ്ങി ബറാബാസിന്റെ തടവുമുറിക്കു സമീപം അവിടെ തവണ ചുററി സഞ്ചരിച്ചിരുന്ന ഭടന്മാരുടെ ദൃഷ്ടിയിൽ പെടാതെ അയാൾ നുഴഞ്ഞുചെന്നു. തെരുവിൽക്കൂടി ശീതവായു ഊതിയിരുന്നു. ശശിബിംബത്തെ ക്ഷണികമായി മറച്ചുംകൊണ്ടു കരിങ്കാർക്കൂട്ടം ആകാശത്തിൽ നീങ്ങി. വാതായനത്തിൽക്കൂടി ബറാബാസിനെ ഒരുനോക്കു കാണാമെന്നാശിച്ചിരുന്ന എസ്രായ്ക്കു വാതായനം സമീപിക്കുവാൻപോലും സാധിച്ചില്ല. അവസാനം ഈ ഉദ്യമം ഉപേക്ഷിച്ച്, പീഡകമായ ചിന്തകളിൽ ലീനനായി ഏതെങ്കിലും പ്രാപ്യസ്ഥാനം ഉദ്ദേശിക്കാതെ എസ്രാ നഗരത്തിൽനിന്നു മന്ദം നിർഗ്ഗമിച്ചു. കെദ്രോൻ തോടിനുമീതെയുള്ള പാലത്തിങ്കൽ എത്തിയപ്പോൾ സൈത്തുമലയിൽനിന്നു നഗരത്തിലേക്കുള്ള വഴിയിൽക്കൂടി ഒട്ടുവളരെ കത്തിച്ച പന്തങ്ങളുമായി ഒരു വമ്പിച്ച യാത്ര നീങ്ങുന്നതു എസ്രായ്ക്കു കാണുവാൻ കഴിഞ്ഞു. ഒരു ശതകം റോമൻ ഭടന്മാരാണു വരുന്നതെന്നു പ്രഥമതഃ തോന്നി. അവരെ അഭിമുഖീകരിക്കാതിരിക്കുവാൻ വഴിയിൽനിന്നു പിന്മാറണമെന്നു എസ്രാ തീരുമാനിച്ചു. എന്നാൽ യാത്ര കുറെക്കൂടി അടുത്തപ്പോൾ റോമൻ ഭടന്മാരല്ലെന്നും ദേവാലയത്തിലെ ഉദ്യോഗസ്ഥന്മാർ ആയുധപാണികളായി ജയോൽഘോഷപൂർവ്വം നീങ്ങുകയാണെന്നും എസ്രാ മനസ്സിലാക്കി. അല്പം കഴിഞ്ഞപ്പോൾ ഒന്നാം ഗണത്തിൽപെട്ട പുരോഹിതൻ നഥാനിയേൽ നായകത്വം വഹിക്കുന്നതും താണതരത്തിൽപെട്ട ധാരാളം പുരോഹിതന്മാരും ലേവായരും അദ്ദേഹത്തെ അനുഗമിക്കുന്നതും തിരിച്ചറിയുവാൻ സാധിച്ചു. ഇവരുടെ പിന്നാലെ പന്തക്കാരും അവരുടെ പിറകെ വാളും ശൂലവും ധരിച്ചു ദേവാലയസേവകരും അണിനിരന്നിരുന്നു. ഈ കൂട്ടർ പ്രായേണ ഹീനകൃത്യങ്ങൾക്കായി ഉപയോഗിക്കപ്പെട്ട ചന്തച്ചെറുക്കന്മാരും കശാപ്പുകാരും ആയിരുന്നു. പന്തക്കാർ യാത്രയുടെ ഇരുവശങ്ങളിലും പിൻഭാഗത്തും ചരിച്ചു. ദേവാലയോദ്യോഗസ്ഥന്മാർ ഒരു നീണ്ടകയറിൽ ബന്ധിച്ചു മുതുകിൽ ചേർത്തു കൈകൾ പിറകോട്ടുകെട്ടിയിട്ടുണ്ടായിരുന്ന ഒരു തടവുകാരനെ മദ്ധ്യത്തിൽ നയിച്ചിരുന്നു. വളരെ പണിപ്പെട്ടായിരുന്നു തടവുകാരൻ അടിവെച്ചു മുമ്പോട്ടു നീങ്ങിയതു. ദേവാലയോദ്യോഗസ്ഥന്മാർ ബന്ധിതന്റെ മുതുകിലും ഇരുപാർശ്വങ്ങളിലും കൂടെക്കൂടെ കുന്തങ്ങളുടെ തടിയററം കൊണ്ടടിക്കുകയും അടിയോടൊത്തു അയാളുടെമേൽ ശാപങ്ങളും ആക്ഷേപശരങ്ങളും ചൊരിയുകയും ചെയ്തു.

"ഒരു തടവുകാരനെച്ചൊല്ലിയെത്രമാത്രം ബഹളം!" എസ്രാ വിസ്മയഭരിതനായി ചിന്തിച്ചു. അതേക്ഷണംതന്നെ, ചന്ദ്രന്റെ ക്ഷയകാലപ്രകാശത്തിന്നെതിരെ തടവുകാരൻ മുഖമുയർത്തി; എസ്രാ വിസ്മയപരതന്ത്രനായി ഞെട്ടിത്തിരിഞ്ഞു. അതെ നസ്രായൻ ഈശോതന്നെ ബന്ധിതൻ!

അദ്ദേഹത്തിന്റെ കേശവും മീശയും ജടിലമായിരുന്നു. വിളറിയ മുഖം ശബ്ദരഹിതവും വശഗവുമായ ദുഃഖഭാരം ദ്യോതിപ്പിച്ചുവെങ്കിലും പ്രൗഢിയുടെയും ഔൽകൃഷ്ട്യത്തിന്റെയും ദീപ്തി വീശുന്നുണ്ടായിരുന്നു. വിനയമസൃണമായ ദുഃഖഭാരമാണു എസ്രായുടെ ശ്രദ്ധ ആദ്യമായി ആകർഷിച്ചതു. അതു അയാളെ പശ്ചാകുലനാക്കുകതന്നെ ചെയ്തു. പുരോഹിതരും ഫരിസേയരും നസ്രായന്റെ വിരോധികളായിരുന്നുവെന്നു എസ്രാ ധരിച്ചിരുന്നു. അവർ അദ്ദേഹത്തിന്റെ തലയ്ക്കൊരു തുക കൊടുക്കുവാൻ സന്നദ്ധരെന്നും അയാൾ കേട്ടിരുന്നു. നസ്രായനെ വധിക്കുവാൻ ഉന്നതാചാര്യൻ ബറാബാസിനു പ്രേരണ നൽകിയതും അയാൾക്കറിയാമായിരുന്നു. എന്നാൽ ശരണവും സംശയവും പരസ്പരം അനുധാവനം ചെയ്തിരുന്ന ആ ദിവസങ്ങളിൽ ശത്രുക്കൾക്കു നസ്രായനെ ഉപദ്രവിക്കുവാൻ സാധിച്ചില്ലെന്നുള്ള ബോധമാണു ആ അപദാനസമ്പന്നൻമൂലം ബറാബാസിന്റെ രക്ഷ സാധിക്കാമെന്നുള്ള എസ്രായുടെ ആശ്ശാധാരമായിരുന്നതു. എന്നാൽ ഇപ്പോഴത്തെ സ്ഥിതിയോ?

(തുടരും)

വിമർശനപംക്തി

# യുക്തിവാദിയുടെ അന്ധവിശ്വാസങ്ങൾ

19. "യുക്തിവാദി"യുടെ കുയുക്തിവാദങ്ങളെപ്പററിയുള്ള സത്യദീപത്തിലെ സുദീർഘമായ ചർച്ചകൾക്കും, "യുക്തിവാദി"യുടെ വികത്ഥനങ്ങൾ അന്തസ്സാരവിഹീനങ്ങളും അന്ധവിശ്വാസപരങ്ങളുമാണെന്നു തെളിയിക്കുന്ന പത്തിലധികം അത്ഭുതരോഗശാന്തികളെപ്പററിയുള്ള വസ്തുസ്ഥിതികഥനങ്ങൾക്കും യാതൊരു മറുപടിയും പറയാതെ, അവയ്ക്കു യാതൊരു സമാധാനവുമില്ലെന്നുള്ള പരമാർത്ഥം സമ്മതിക്കാതെ, ഒററ വാചകത്തിൽ വീമ്പടിച്ചു കൃതാർത്ഥനാകാനാണു യുക്തിവാദിപ്പത്രാധിപർ ശ്രമിച്ചിരിക്കുന്നതു്. "ഏതായാലും യുക്തിവാദം അഭികാമ്യവും അഭിമാനകരവുമാണെന്നും അന്ധവിശ്വാസം അപലപനീയവും പരിത്യാജ്യവുമാണെന്നും ഉള്ള ബോധമെങ്കിലും സത്യദീപത്തിന്റെ അന്തരംഗത്തിലുളവാക്കാനെങ്കിലും സാധിച്ചതിൽ ഞങ്ങൾക്കനല്പമായ കൃതകൃത്യതയ്ക്കുവകാശമുണ്ടു്" എന്നതാണു് ആ വാക്യം.

യുക്തിവാദിയുടെ ഈ വാചകം വായിച്ചപ്പോൾ "വാലല്ലാത്തതെല്ലാം അളയിലായി" എന്നു പ്രതിവചിച്ച അനന്തരവന്റെ കഥയാണു് ഞങ്ങൾക്കു ഓർമ്മവരുന്നതു്. കുടുംബസ്നേഹിയായ ഒരു കാരണവർ, മരണക്കിടക്കയിൽവെച്ചു അനന്തരവനെ സമീപത്തുവിളിച്ച്, തന്റെ മരണശേഷം കുടുംബഭരണം നിർവ്വഹിക്കേണ്ട വിധത്തെക്കുറിച്ചു് വിസ്തരമായി പറഞ്ഞുകൊടുത്തു. എല്ലാം പറഞ്ഞുകഴിഞ്ഞശേഷം, മനസ്സിലായോയെന്നു അമ്മാവൻ മരുമകനോടു ചോദിച്ചു. "ആയി. വാലല്ലാത്തതെല്ലാം അളയിലായി" എന്നായിരുന്നു മരുമകന്റെ മറുപടി. (അമ്മാവൻ കൊണ്ടുപിടിച്ചു് ഉപദേശിച്ചപ്പോഴെല്ലാം മരുമകൻ ഒരു ചേരപ്പാമ്പു് അളയിലേക്കു കയറിപ്പോകുന്നതു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു) പാമ്പിന്റെ അളയിലേക്കുള്ള പ്രവേശനമല്ലാതെ, ഗഹനമായ കുടുംബഭരണകാര്യങ്ങൾ ഗ്രഹിക്കുന്നതിനുമാത്രം വികസിച്ചതല്ലായിരുന്നു ആ വിഡ്ഢിയുടെ ബുദ്ധി.

"നീരുറവയുടെ അത്ഭുതസിദ്ധി"യെപ്പററി യുക്തിവാദിക്കു് അനേകം അന്ധവിശ്വാസങ്ങളുണ്ടെന്നു സത്യദീപം തെളിയിക്കുകയും, യഥാർത്ഥവസ്തുതകൾ ചൂണ്ടിക്കാണിക്കുകയുംചെയ്തു. സാമാന്യമര്യാദയുള്ളവർ തങ്ങളുടെ തെററുകൾ ഏററുപറയുകയും അബദ്ധത്തിൽനിന്നു പിൻവാങ്ങുകയുമാണു ചെയ്യുക. അതിനുപകരം യുക്തിവാദം അഭികാമ്യവും അഭിമാനകരവുമാണെന്നും അന്ധവിശ്വാസം അപലപനീയവും പരിത്യാജ്യവുമാണെന്നും ഒരു ബോധം സത്യദീപത്തിനുണ്ടായി എന്നു വീമ്പിളക്കി കൃതകൃത്യത ഭാവിക്കുകയാണു ചെയ്യുന്നതു്. യുക്തിവാദം അഭികാമ്യവും അഭിമാനകരവുമാണെന്നു "യുക്തിവാദി" ഉണ്ടാകുന്നതിനുമുൻപുതന്നെ സത്യദീപത്തിനു ബോദ്ധ്യമായിട്ടുള്ളതാണു്. അതുകൊണ്ടാണു് ശരിയായ യുക്തിവാദം എന്തെന്നു ചൂണ്ടിക്കാണിക്കുന്നതിനും, യുക്തിലേബൽ ഒട്ടിച്ചിട്ടുള്ള യുക്തിവാദിയുടെ കുയുക്തിവാദങ്ങളെ അപ്പഴപ്പോൾ വെളിച്ചത്തുകൊണ്ടുവരുന്നതിനും സത്യദീപം ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. അന്ധവിശ്വാസം അപലപനീയവും പരിത്യാജ്യവുമാണെന്നു സത്യദീപത്തിനു ബോദ്ധ്യമായിട്ടുള്ളതുകൊണ്ടാണു് യുക്തിവാദി നിർലജ്ജം വച്ചുപുലർത്തുന്ന അന്ധവിശ്വാസങ്ങളെ സ്നേഹബുദ്ധ്യാ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. പക്ഷെ സത്യത്തെ സ്വീകരിക്കുകയില്ലെന്നും അന്ധവിശ്വാസത്തെ പരിത്യജിക്കുകയില്ലെന്നും മക്കടമുഷ്ടി പിടിച്ചിരിക്കുകയാണു യുക്തിവാദി. ചികിത്സയില്ലാത്ത ഒരു രോഗംതന്നെയാണതു്.

20. "സത്യദീപത്തിന്റെ അതിദീർഘമായ വിമർശനപരമ്പരകളിൽ ബാക്കിഭാഗം ലൂർദ്ദിൽ നടന്ന 51-ൽ 9 അത്ഭുതരോഗശാന്തികളുടെ ദിവ്യതയേയും ലൂർദ്ദിലെ 7 പ്രത്യേകതകളേയും അയവിറക്കാനും, യുക്തിവാദികൾ അന്ധവിശ്വാസികളാണെന്നും, കത്തോലിക്കർ യുക്തിവാദികളാണെന്നും പറയാനുമാണു് ഉപയോഗിച്ചിട്ടുള്ളതെ"ന്നു് യുക്തിവാദി പറയുന്നു. ഈ ഒററവാചകത്തിൽ രണ്ടു കൃത്രിമങ്ങൾ യുക്തിവാദി പ്രയോഗിച്ചിട്ടുണ്ടു്. സത്യദീപത്തിലെ വിമർശനപരമ്പരയിൽ പ്രതിപാദിച്ചിരിക്കുന്ന രോഗശാന്തികൾ "51-ൽ 9" ആണെന്നു ഒരിടത്തും പറഞ്ഞിട്ടില്ല. എഴുതാപ്പുറമാണു് അക്കാര്യത്തിൽ യുക്തിവാദി വായിക്കുന്നതു്. അതു മനഃപൂർവ്വം ദുരുദ്ദേശ്യത്തോടുകൂടിയുമാണെന്നതാനും.

രണ്ടാമതായി, ഈ രോഗശാന്തികൾ സത്യദീപം സ്വയമേവ ഉദ്ധരിക്കുന്നവയല്ല. തദ്വിഷയമായ മിസ്സസ് റൂത്തു് ക്രാൻസ്റ്റന്റെ ഗ്രന്ഥസംഗ്രഹത്തിൽ പ്രതിപാദിച്ചിട്ടുള്ളവയാണു്. ആ വസ്തുത യുക്തിവാദി ഗോപനം ചെയ്യുകയാണു്. ഒരു പ്രോട്ടസ്റ്റന്റുകാരിയായ മിസ്സസ് റൂത്തു് ക്രാൻസ്റ്റൺ നേരിട്ടു മനസ്സിലാക്കിയിട്ടുള്ള ചില വസ്തുതകളാണു് അവ. വസ്തുതകളെ വസ്തുതകൾകൊണ്ടു് എതിർക്കുകയല്ലാതെ, എത്ര കോളം പരിഹാസം എഴുതിയാലും സമാധാനമാകയില്ലല്ലോ.

ലൂർദ്ദിലെ നീരുറവയുടെ അത്ഭുതസിദ്ധികൾ തെളിയിക്കുവാൻ മിസ്സസ് റൂത്തു് ക്രാൻസ്റ്റൺ, തനിക്കു പരിപൂർണ്ണബോദ്ധ്യം വന്നിട്ടുള്ള ഏതാനും വസ്തുതകൾ (facts) ഉദ്ധരിക്കുന്നു. ആ വസ്തുതകൾ വസ്തുതകളല്ലെന്നു തെളിയിക്കുവാൻ—ഒരൊററ എണ്ണംപോലും തെളിയിക്കുവാൻ—യുക്തിവാദിക്കു ഇതേവരെ കഴിഞ്ഞിട്ടില്ല. (യുക്തിവാദിയുടെ കഴിവുകളെപ്പററി ഞങ്ങൾക്കു അറിയാവുന്നിടത്തോളം യുക്തിവാദിക്കു സാധിക്കുകയുമില്ല) ആ വസ്തുതകളെ ഖണ്ഡിക്കുവാൻ സാധിക്കാത്തകാലത്തോളം, ആ വസ്തുതകളിൽനിന്നുള്ള യുക്തിപൂർവ്വമായ അനുമാനത്തെ ചോദ്യംചെയ്യുവാൻ "യുക്തിവാദി"ക്കു സാധിക്കുന്നതല്ല. യുക്തിവാദിയുടെ ദയനീയമായ ഈ പരാജയത്തിന്റെ കാരണവും അതുതന്നെയാണു്.

—o—

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.

EP

ചന്ദ്രിക REGD. ഔഷധസോപ്പ്

ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്

S.V.PRODUCTS, IRINJALAKUDA

## ബ്രിട്ടനിൽ വത്തിക്കാന്റെ പ്രതിനിധി

വത്തിക്കാനിൽ ബ്രിട്ടന്റെ ഒരു സ്ഥാനപതി ഉണ്ടെങ്കിലും ബ്രിട്ടനിൽ വത്തിക്കാന്റെ ഒരു സ്ഥാനപതി ഇല്ലാതാണിരിക്കുന്നതു്. 1553-1558 വരെ പേപ്പൽസ്ഥാനപതിയായിരുന്ന കർദ്ദിനാൾ പോൾ തിരുമേനിയായിരുന്നു അവസാനത്തെ സ്ഥാനപതി. ഇപ്പോൾ ഒരു ദലഗാദപ്പസ്തോലിക്കയാണു് ഇംഗ്ലണ്ടിലുള്ളതു്. ബ്രിട്ടനിൽ വത്തിക്കാന്റെ ഒരു നയതന്ത്രപ്രതിനിധിയെ നിയമിക്കുന്ന കാര്യം ബ്രിട്ടീഷ് ഗവൺമെന്റു ആലോചിച്ചുവരികയാണെന്നു് ഡെയിലിടെലിഗ്രാഫിന്റെ റോമാലേഖകൻ ആ പത്രത്തിലേക്കു് എഴുതിയിരിക്കുന്നു. ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മി. സെൽവിൻ ലോയിഡ് ഈ അടുത്ത അവസരത്തിൽ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയുണ്ടായി. "ഈ കാര്യം ഗവർമെന്റിന്റെ പര്യാലോചനയിലാണു്" എന്നു വിദേശകാര്യാലയം ലണ്ടനിലെ യൂണിവേഴ്സ് പത്രത്തെ അറിയിക്കുകയുണ്ടായി.

## ഈശോസഭയുടെ മധുര പ്രോവിൻസ്

കേരളത്തിലൊ, തമിഴ്‌നാട്ടിലൊ, ആന്ധ്രദേശത്തൊ പ്രേഷിതവേല ചെയ്യുവാൻ സന്നദ്ധരായവരെ ആവശ്യമുണ്ടു്. ഇന്റർമീഡിയറ്റൊ, പ്രീയൂണിവേഴ്സിററിയൊ എങ്കിലും ജയിച്ചവർക്കു് ഉടനെ സഭയിൽ ചേരാം. സ്കൂൾഫൈനൽമാത്രം പാസായവരാണെങ്കിൽ അവർ തൃശ്ശിനാപ്പള്ളി സെന്റു് ജോസഫ്സ് കോളേജിൽ പ്രീയൂണിവേഴ്സിററി ക്ലാസ്സിൽ ചേർന്നു പഠിക്കേണ്ടിവരും.

തുണസഹോദരന്മാരാകുവാൻ ആഗ്രഹിക്കുന്നവർ ഒന്നുകിൽ III Form പാസായിരിക്കണം. അല്ലെങ്കിൽ ഇംഗ്ലീഷിൽ സാമാന്യജ്ഞാനവും അതോടൊപ്പം ഏതെങ്കിലും ഒരു തൊഴിൽ പരിചയവും ഉള്ളവരായിരിക്കണം.

കൂടുതൽ വിവരങ്ങൾക്കു് താഴെ കാണുന്ന മേൽവിലാസത്തിൽ അന്വേഷിക്കുക.

REV. FR. SUPERIOR,
JESUIT HOUSE,
ST. ALBERT'S HIGH SCHOOL,
ERNAKULAM-1



# കളമശ്ശേരിയിലെ സാമൂഹ്യക്ഷേമകേന്ദ്രം

## എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ശിലാസ്ഥാപനം നിർവ്വഹിച്ചു

ഫെബ്രു: 26-ാം തീയതി ചൊവ്വാഴ്ച വൈകിട്ട കളമശ്ശേരിയിൽ ഇടപ്പള്ളിപള്ളിവക വിശാലമായ മൈതാനത്തു പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമേനി സമാഗതനായപ്പോൾ, പള്ളിവികാരി വെ. റവ. ഫാ. ജോസഫ് പാനികുളം സ്വീകരിച്ച് പ്ലാററ്ഫോമിലേക്ക് ആനയിച്ചു. ശ്രീ ഏ വി ജോസഫ് ബി എ എൽഎൽ ബി ഹാരമണിയിക്കുകയും ശ്രീ പുത്തലത്തു് കൊച്ചുനാരായണൻ നായർ ബൊക്കെ സമൎപ്പിക്കുകയും ചെയ്തു. കുട്ടികളുടെ പ്രാൎത്ഥനാഗാനത്തിനുശേഷം ഗവ. പോളിറെറക്‌നിക്കിലെ ലക്ചറർ ശ്രീ എ ഒ വക്കി എം എ സ്വാഗതമാശംസിക്കുകയും ശിലാസ്ഥാപനം നിർവഹിക്കുവാൻ തിരുമേനിയോടു് അഭ്യൎത്ഥിക്കുകയും ചെയ്തു. തിരുമേനിചെയ്ത ശ്രദ്ധേയമായ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:-

"ഇവിടെ നവമായി ആരംഭിക്കുവാൻ പോകുന്ന സാമൂഹ്യക്ഷേമകേന്ദ്രത്തിൻെറ ശിലാസ്ഥാപനം നിർവഹിക്കുന്നതിൽ എനിക്കു് അതിയായ ആനന്ദമുണ്ടു്. നമ്മുടെ ചിരകാലപ്രതീക്ഷകളുടെ സാക്ഷാൽക്കാരത്തിനു് ഈ സായാഹ്നം സാക്ഷിനില്ക്കുകയാണു്. ദീർഘകാലമായി മൊട്ടിട്ടുനിന്ന ആശാസുമങ്ങൾ കാലത്തിൻെറ പൂൎണ്ണതയിൽ ഇന്നു വിടരുവാൻ തുടങ്ങുകയാണു്. വിളംബം വിനാ അവ ഫലമണിയുമെന്നു് നമുക്കു പ്രതീക്ഷിക്കാം.

"സ്വാഗതപ്രസംഗകൻ പ്രസ്താവിച്ചതുപോലെ ഒരു സാങ്കേതികവിദ്യാലയം, ഒരദ്ധ്യയനമണ്ഡലം തുടങ്ങിയ പ്രസ്ഥാനങ്ങളാണു് ഈ സ്ഥാപനത്തിൻെറ ഭാരവാഹികൾ ഉദ്ദേശനം ചെയ്യുന്നതു്. ഭാരതത്തിലെ വൻകിട പ്രസ്ഥാനങ്ങളോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ, ഇതൊരു ചെറിയ സംരംഭവും എളിയ സമാരംഭവുമാണെങ്കിലും നമ്മുടെ മാതൃരാജ്യത്തിൻെറ നിൎമ്മാണപരിപാടികളോടു നാം പ്രദർശിപ്പിക്കേണ്ട സഹകരണമനോഭാവത്തിൻെറ ഒരു സൂചനയെന്ന നിലയിൽ ഇതിനു ഗണ്യമായ പ്രാധാന്യമുണ്ടു്. രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സ്വഭാവം, ലക്ഷ്യം, പ്രവൎത്തനപരിപാടി തുടങ്ങിയ സംഗതികൾ ബഹുജനങ്ങളെ യഥാകാലം അറിയിച്ചുകൊണ്ടിരിക്കുന്നതിനായി അടുത്തകാലത്തു പ്രസിദ്ധീകരിച്ചുതുടങ്ങിയിരിക്കുന്ന "യോജന" എന്ന പ്രതിപക്ഷപത്രികയുടെ പ്രഥമമുഖപ്രസംഗത്തിൽ പറഞ്ഞിരിക്കുന്ന ഒരു സംഗതി പ്രത്യേകം നമ്മുടെ പരിഗണനയെ അർഹിക്കുന്നു. നമ്മുടെ മാതൃരാജ്യമായ ഭാരതം രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതു് നൂതനവും അനന്യസാധാരണവുമായ ഒരു മാൎഗ്ഗത്തിലൂടെയായിരുന്നു. രക്തച്ചൊരിച്ചിലും ബലപ്രയോഗവും കൂടാതെ അക്രമരഹിതമായ മാൎഗ്ഗത്തിലൂടെ മഹാത്മജിയുടെ നേതൃത്വത്തിൽ ഭാരതം ഉദ്ദിഷ്ടലക്ഷ്യം പ്രാപിച്ചുവെന്നതു് ലോകചരിത്രത്തിൽ മായാമുദ്രകൾ പതിച്ചിട്ടുള്ള ഒരു



തിരുമേനി പ്രസംഗിക്കുന്നു

മഹാസംഭവമാണു്. രാഷ്ട്രീയ സ്വാതന്ത്ര്യസമ്പാദനത്തിലെന്നതുപോലെ സാമ്പത്തികസ്വാതന്ത്ര്യസമ്പാദനത്തിലും രക്തച്ചൊരിച്ചിലും ബലപ്രയോഗവും കൂടാതെ ഭാരതത്തിനു സ്വകീയമായിട്ടുള്ള സമാധാനപരവും സൃഷ്ടിപരവുമായ വിപ്ലവംമുഖേന വിജയം വരിക്കുവാൻ സാധിക്കുമെന്നു പ്രസ്തുത പത്രിക ചൂണ്ടിക്കാണിക്കുന്നു. ഈ ലക്ഷ്യം കൺമുമ്പിൽ വച്ചുകൊണ്ടു് കരുപ്പിടിപ്പിക്കപ്പെട്ടിട്ടുള്ളവയാണു് നമ്മുടെ പഞ്ചവത്സരപദ്ധതികൾ. സാമൂഹ്യക്ഷേമപരിപാടികൾ, വ്യവസായവികസനപരിപാടികൾ തുടങ്ങിയവ രണ്ടാം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ളതു് പ്രസ്താവ്യമാണു്.

"ഇക്കഴിഞ്ഞ പത്തു വർഷങ്ങളിലായി നമ്മുടെ നാട്ടിനുണ്ടായിട്ടുള്ള പുരോഗതി തികഞ്ഞ ശുഭാപ്തിവിശ്വാസത്തിനു വകനൽകുന്നുണ്ടു്. നാടിൻെറ നാനാഭാഗങ്ങളിലും ദൃശ്യമാകുന്ന പുതിയ റോഡുകൾ, പാലങ്ങൾ, വലകളുടെ കണ്ണികൾപോലെ പടൎന്നുപിടിച്ചിട്ടുള്ള കനാലുകൾ, ഇതര ജലസേചനപദ്ധതികൾ, പച്ചയണിഞ്ഞു പരന്നുകിടക്കുന്ന നെൽപ്പാടങ്ങൾ, ഇവയെല്ലാം ആരുടെയാണു് കണ്ണും കരളും കുളൎപ്പിക്കാതിരിക്കുക! തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള വ്യാവസായിക പരിപാടികളും വിജയപ്രദമായി പുരോഗമിക്കുകയാണു്. പ്രസ്തുത പരിപാടികളോടു ഇണങ്ങിപ്പോകുന്നതും അവയുടെ ലക്ഷ്യപ്രാപ്തിക്കു സഹായിക്കുന്നതുമായ ഒരു വിനീതസ്ഥാപനമാണു് ഇവിടെ സമാരംഭിക്കുന്ന സാങ്കേതിക വിദ്യാലയം (സിവിൽ എൻജിനീയറിംഗ് കോഴ്സ്).

"സർവ്വോപരി ദൈവത്തെ സ്നേഹിക്കുക; ദൈവം കഴിഞ്ഞാൽ മാതൃരാജ്യത്തെ സ്നേഹിക്കുക എന്നതാണു് നമ്മുടെ ആദർശം. മാതൃരാജ്യത്തെ സ്നേഹിക്കുക എന്നു പറയുമ്പോൾ, അതിലെ നിവാസികളെ സ്നേഹിക്കുക എന്നൎത്ഥം. അവരുടെ അഭ്യുന്നതിക്കു വേണ്ടി പരിശ്രമിക്കുമ്പോൾ അതു സാക്ഷാത്തായ പരസ്നേഹമാണു്; ദൈവത്തിനു പ്രിയംകരമായ ഒരു പുണ്യവുമാണു്. ഈ വസ്തുതയത്രെ ഈദൃശ പ്രവൎത്തനങ്ങളിലേൎപ്പെടാൻ നമുക്കു പ്രചോദനംനൽകുന്നതു്.

"ഇടപ്പള്ളിപ്പള്ളിയുടെ ആഭിമുഖ്യത്തിൽ, ഒരു ന്യൂൽന്യൂൽപ്പവിദ്യാലയം ഉൽഘാടനംചെയ്തിട്ടു് അധികനാളായില്ല. ഇപ്പോൾ ആ പള്ളിയുടെ ആഭിമുഖ്യത്തിൽ തന്നെ അതിനേക്കാൾ വിപുലമായ തോതിലുള്ള ഈ സാമൂഹ്യക്ഷേമകേന്ദ്രം ഉദയംചെയ്യാൻ ഇടയായതു് നമ്മുടെ നാട്ടിനു്, വിശിഷ്യാ ഈ പ്രദേശത്തിൽ വസിക്കുന്ന നാനാജാതിമതസ്ഥരായ ജനങ്ങൾക്കു വലിയൊരു അനുഗ്രഹമായി പരിഗണിക്കാവുന്നതാണു്. സകല ജനങ്ങളും ഒത്തൊരുമിച്ചു് ഇതിനെ വളൎത്തിക്കൊണ്ടുവരണമെന്നും ഫലസന്ദായകമാക്കണമെന്നും ഉൽബോധിപ്പിച്ചുകൊള്ളട്ടെ."

പ്രസംഗാനന്തരം തിരുമേനി ശിലാസ്ഥാപനകൎമ്മം യഥാവിധി നിൎവ്വഹിച്ചു. തുടൎന്നു് ഫാദർ പാനികുളം സദസ്സിനു കൃതജ്ഞത പ്രകടിപ്പിച്ചു ദേശീയഗാനത്തോടുകൂടി ചടങ്ങുകൾ സമംഗളം പൎയ്യവസാനിച്ചു. പ്രൊവിൻഷ്യൽ വെരി റവ ഫാദർ ജോൺ ബക്കമാൻസ്, വെരി റവ. മോൺ: വൎഗ്ഗീസ് പുതുശ്ശേരി, വെരി റവ. ഫാദർ തെയോഫിൻ തോമ്മസ് തുടങ്ങിയ വൈദികപ്രമുഖരും പോളിറെറക്‌നിക്കിലേയും സമീപസ്ഥമായ കമ്പനികളിലേയും ഉയൎന്ന ഉദ്യോഗസ്ഥന്മാർ, പൌരപ്രമാണികൾ തുടങ്ങിയ പല പ്രശസ്താതിഥികളും ചടങ്ങിൽ സംബന്ധിച്ചിരുന്നു.

—o—

## എസ്. വി. ഡി. പി. സഖ്യവംക്തി

സെൻറു വിൻസെൻറു് ഡി പോൾ സഖ്യത്തിലെ നാലു പൊതുതിരുനാളുകളിൽ ഒന്നാണു് വലിയനോയമ്പിലെ ആദ്യത്തെയാഴ്ച. മാർച്ചു് 10-ാംനു-യായ അന്നു അംഗങ്ങൾ പൊതുദിവ്യകാരുന്യസ്വീകരണവും ഒരു പൊതുയോഗവും നടത്തണമെന്നാണു് സഖ്യനിയമം. ഈ സഖ്യത്തിൽ ചേൎന്നു മരിച്ചുപോയിട്ടുള്ള അംഗങ്ങളുടെ ആത്മാനുകൂലാൎത്ഥം മരിച്ചവൎക്കുവേണ്ടിയുള്ള ഒരു ദിവ്യപൂജ നടത്തിക്കുകയും വേണം. ഇതെല്ലാം 10-ാംനു-യോ അന്നു മുതൽ എട്ടു ദിവസത്തിനകം എന്നെങ്കിലുമോ നടത്തിയാൽ മതി. ഇവയിലെല്ലാം സംബന്ധിക്കുന്ന എല്ലാവിധ അംഗങ്ങൾക്കും വരിക്കാൎക്കും സഹായം സ്വീകരിക്കുന്നവൎക്കും പരി. സിംഹാസനത്തിൽനിന്നു പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിട്ടുണ്ടു്. പൊതുയോഗം സമീപസ്ഥങ്ങളായ പല കോൺഫറൻസുകൾ ഏകോപിച്ചു നടത്തുന്നതു നന്നായിരിക്കും.

## ഇൻഡ്യാ വാൎത്തകൾ

കാശ്മീർകാൎയ്യങ്ങളെപ്പററി ഇൻഡ്യാപാക്കിസ്ഥാൻ ഗവമ്മെൻറുകളുമായി കൂടിയാലോചനനടത്തുവാൻ സെക്യൂരിററികൗൺസിൽ പ്രസിഡൻറു് മി. ഗണ്ണർ ജാറിംഗ് മാർച്ചു് 15-ാംനു- ഇന്ത്യയിലെത്തുമെന്നു പ്രതീക്ഷിക്കുന്നു.

—മിഡ്നപ്പൂർഡിസ്ട്രിക്റ്റിൽ പൎയ്യടനം നടത്തവെ, ഗംഗാനദിയിൽവച്ചു കോൺഗ്രസ്പ്രസിഡണ്ടു് മി. യു. എൻ. ധേബാർ ഒരു വഞ്ചിയപകടത്തിൽ പെട്ടുവെങ്കിലും ഒരു കടത്തുബോട്ടുസ്രാങ്കിൻെറ മനസ്സാന്നിദ്ധ്യംമൂലം രക്ഷപെട്ടിരിക്കുന്നു.

—1957 ജനുവരിക്കുശേഷം കേന്ദ്രസാമൂഹ്യക്ഷേമബോർഡ് 11 സാമൂഹ്യക്ഷേമപദ്ധതികൾ അനുവദിച്ചിരിക്കുന്നു. ഇവയിൽ 1 പഞ്ചാബിലും, 4 പശ്ചിമബംഗാളിലും, 5 ബോംബെയിലും, 1 രാജസ്ഥാനിലുമാണു്.

---

ഈശോ മറിയം യൗസേപ്പപിതാവിൻെറ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും റീത്താ പുണ്യവതിയുടേയും പത്താംപീയൂസ് പാപ്പായുടെയും മാദ്ധ്യസ്ഥതാലും ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. എം. സാറ, ആലുവാ

---

—അഡ്വക്കേററു് ശ്രീ നളിനികാന്ത അംബാലാൽ മോഡിയെ ബോംബെ ഹൈക്കോടതിയിൽ ഒരു ജഡ്ജിയായി ഒരു കൊല്ലത്തേക്കു നിയമിച്ചിരിക്കുന്നു.

—ശൎക്കരയുടേയും കൽക്കണ്ടത്തിൻേറയും നിൎമ്മാണം അഭിവൃദ്ധിപ്പെടുത്തുന്നതിനു് 1956-57-ൽ ഉപയോഗിക്കുവാൻ കേന്ദ്രഉല്പാദനവകുപ്പു മൊത്തം 490600 ക. യുടെ ഗ്രാൻറുകളും വായ്പകളും അനുവദിച്ചിരിക്കുന്നു.

—മംഗലാപുരത്തുനിന്നു റെയിച്ചൂരിലേക്കു പ്രധാനമന്ത്രിയും പാർട്ടിയും യാത്രചെയ്തിരുന്ന "മേഘദൂത്" എന്ന വിമാനത്തിനു് അന്തരീക്ഷത്തിൽവച്ചു് അഗ്നിബാധ ഉണ്ടാകുകയാൽ, വിമാനം റെയിച്ചൂരിലിറങ്ങുവാൻ നിർബന്ധിതമായി. ഹൈദ്രബാദിൽനിന്നുവന്ന മറെറാരു റിലീഫ്‌വിമാനത്തിൽ അവർ ജയ്പ്പൂരിലേക്കു യാത്രതുടൎന്നു.

—തിരുസിംഹാസനത്തിൽനിന്നും നടത്തിയ നിവേദനങ്ങളുടെ ഫലമായിട്ടാണു ഗോവയിലെ 33 ഇന്ത്യൻ തടവുകാരെ പോൎത്തുഗീസ് ഗവമ്മെൻറു മോചിപ്പിച്ചതെന്നും, ഇക്കാൎയ്യത്തിൽ ഇടപെടണമെന്നു തിരുസിംഹാസനത്തോടു് ഇൻഡ്യൻ ബിഷപ്പ്സ് കോൺഫറൻസ് അഭ്യൎത്ഥിക്കുകയുണ്ടായെന്നും ബോംബെ മെത്രാപ്പോലീത്താ കൎദ്ദിനാൾ ഗ്രേഷ്യസ് തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.


# ഗ്രൂപ്പ് ഫോട്ടോ

നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലുമുള്ള ഗ്രൂപ്പ് ഫോട്ടോകൾക്കു് ഞങ്ങളെ സമീപിക്കുക.

# ലോയൽ സ്റ്റുഡിയോ

H. O. തൊടുപുഴ, Br. മൂവാററുപുഴ.




ശിലാസ്ഥാപനകൎമ്മം നിർവ്വഹിക്കുന്നു

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MARCH 6 || No. 29.


# ആധുനികലോകത്തിലെ ധാർമ്മികശക്തികേന്ദ്രം

ഭൗതികവാദങ്ങൾക്കടിപ്പെട്ടു് മനുഷ്യൻ ധാർമ്മികമൂല്യങ്ങളേയും ആദ്ധ്യാത്മികബോധത്തേയും അവഗണിച്ചും അനാദരിച്ചും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ ധാർമ്മികതയെ നിലനിർത്തുന്നതിനും പ്രാവർത്തികമാക്കുന്നതിനും മുന്നണിയിൽനിന്നു അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശക്തികേന്ദ്രം വത്തിക്കാനാണെന്നുള്ളതു് നിർമ്മത്സരബുദ്ധികളെല്ലാം സശിരഃകമ്പം സമ്മതിക്കുന്ന ഒരു വസ്തുതയാണു്. റോമാസിംഹാസനത്തിൽ ഇപ്പോൾ ഭാഗ്യമോടെ വാണരുളുന്ന പുണ്യശ്ലോകനും പരമപണ്ഡിതനുമായ പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ വ്യക്തിവിലാസം ആ മഹാസ്ഥാനത്തെ സമഞ്ജസമായി സമലങ്കരിക്കുന്ന ഒന്നാണെന്നുള്ളതും വിശ്വവിഖ്യാതമത്രെ. തിരുമേനിയുടെ സ്വരം ഇന്നു ലോകം മുഴുവനും ആദരപൂർവ്വം ശ്രവിക്കുന്നു. തിരുമനസ്സിലെ നിർദ്ദേശങ്ങൾ ശിരസ്സാവഹിക്കുന്നതിനു ലോകം മുഴുവനിലുമുള്ള കത്തോലിക്കർ മാത്രമല്ല, ജാതിമതഭേദമെന്യേ ലോകത്തിന്റെ സുസ്ഥിതിയെ അഭിലഷിക്കുന്ന എല്ലാ ജനവിഭാഗങ്ങളും അത്യധികമായ ശുഷ്കാന്തി പ്രദർശിപ്പിച്ചുപോരുന്നു. ഏവംവിധം ജനഹൃദയങ്ങളെ ഹഠാദാകർഷിച്ചുകൊണ്ടിരിക്കുന്ന പോപ്പുരാജന്റെ പ്രത്യേക സ്മരണയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു മഹദ്ദിനമാണു് പാപ്പാദിനം. "പോപ്പുരാജൻ വിജയിക്കട്ടെ" എന്നുള്ള ഉൽഘോഷങ്ങൾ ദിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളുന്നതോടൊപ്പം പുത്രനിർവ്വിശേഷമായ ഭക്ത്യാദരങ്ങളാൽ മാനവഹൃദയങ്ങൾ മുഖരിതമാകേണ്ടിയിരിക്കുന്നു. ലോകമാകെയുള്ള ഓരോ മനുഷ്യവ്യക്തിയേയും, അവശതകൾക്കു വിധേയരായിരിക്കുന്ന ക്ലേശിതരെ പ്രത്യേകിച്ചും പിതൃതുല്യം സ്നേഹിക്കുകയും അവർക്കു സാന്ത്വനമരുളുന്നതിൽ ഉൽക്കണ്ഠാകുലനായിരിക്കുകയും ചെയ്യുന്ന പരിശുദ്ധപിതാവു് അതിനു തികച്ചും അർഹനാണു് എന്നു പറയേണ്ടതില്ലല്ലോ.

1939 മാർച്ച് രണ്ടാംതീയതിയാണു് ഇപ്പോഴത്തെ മാർപ്പാപ്പാ തൽസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതു്. സംഭവബഹുലമായ 18 നീണ്ട വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു ആ സംഭവം നടന്നിട്ടു്. മഹായുദ്ധങ്ങളും, ശീതസമരങ്ങളും, ഉഷ്ണസമരങ്ങളും ലോകരാഷ്ട്രങ്ങളെ തകിടംമറിച്ചു പല പല ചരിത്രങ്ങൾ അഭിനയിക്കപ്പെട്ടുകഴിഞ്ഞു. മതബോധത്തിനെതിരായും ധാർമ്മികമൂല്യങ്ങൾക്കെതിരായും ഇത്ര സാഹസികമായ പോരാട്ടങ്ങൾ നടന്നിട്ടുള്ള ഒരു ചരിത്രകാലം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. അഗ്നിപർവ്വതംപോലെ പൊട്ടിയൊഴുകിയ റഷ്യൻ കമ്മ്യൂണിസ്റ്റുവിഷദ്രാവകം എത്രയെത്രരാജ്യങ്ങളേയും ജനവിഭാഗങ്ങളേയുമാണു് നിരീശ്വരത്വഭൗതികത്വപ്രളയത്തിൽ മുക്കിക്കൊന്നതെന്നു കുപ്രസിദ്ധമാണല്ലോ. ഭയാനകവും വിനാശകരവുമായ ഈ കാലസന്ധിയിൽ ജനകോടികൾക്കു സാക്ഷാത്തായ നേതൃത്വവും രക്ഷാകരമായ ദൗത്യവും ഇടതടവില്ലാതെ പ്രദാനംചെയ്തുകൊണ്ടിരിക്കുന്ന ധാർമ്മികകേന്ദ്രമാണു്, പത്രോസാകുന്ന പാറമേൽ അടിയുറപ്പിച്ചിട്ടുള്ള തിരുസഭാനൗകയുടെ നേതൃത്വം വഹിക്കുന്ന പോപ്പുരാജൻ എന്നുള്ളതു ഇന്നാരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. വത്തിക്കാനിലെത്തുന്ന സന്ദർശകഗണങ്ങൾതന്നെ ഇതിനു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും പണ്ഡിതസദസ്സുകളുടെ പ്രതിനിധികളും, വിവിധവിജ്ഞാനീയസംഘടനകളുടെ അംഗങ്ങളും, രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ കോൺഫറൻസുകളുടെ നേതാക്കന്മാരും മാർപ്പാപ്പായെ സന്ദർശിക്കുന്നതിനും അവിടുന്നുമായി ഗഹനങ്ങളായ അവരുടെ ആദർശസമ്പത്തുകളെപ്പററി പരാമർശനം നടത്തുന്നതിനും അത്യധികം ഉത്സാഹം പ്രദർശിപ്പിച്ചുപോരുന്നതു് അവർക്കു സർവ്വലോകാരാദ്ധ്യമായ ഒരു ചൈതന്യകേന്ദ്രവുമായി സമ്പർക്കപ്പെടുന്നതിനു വേണ്ടിയത്രെ. ലോകത്തിലുള്ള നാല്പതിൽപരം രാഷ്ട്രങ്ങൾ ഏററവും ചെറിയ രാജ്യമായ വത്തിക്കാനുമായി നയതന്ത്രബന്ധങ്ങൾ പുലർത്തുന്നതിനും രാഷ്ട്രപ്രതിനിധികളെ പരസ്പരം നിയമിക്കുന്നതിനും ബദ്ധശ്രദ്ധരായി വർത്തിക്കുന്നതും ആ കേന്ദ്രത്തിന്റെ സാർവ്വലൗകികമായ ധാർമ്മികാധിപത്യത്തെ ശരിയായി മനസ്സിലാക്കുന്നതുകൊണ്ടാണു്. ഇദാനീന്തനകാലങ്ങളിൽതന്നെ എത്രയെത്ര അനീതികളെ നിർവ്വിശങ്കം അപലപിക്കുന്നതിനാണു് വത്തിക്കാന്റെ ഗംഭീരസ്വരമുയർന്നിട്ടുള്ളതു്. എത്രയെത്ര ദുർഭഗരാജ്യങ്ങളെ സാന്ത്വനപ്പെടുത്തുന്നതിനാണു് അതു സമാധാനദൗത്യം വഹിച്ചിട്ടുള്ളതു്. എത്രയെത്ര പീഡിതരാജ്യങ്ങളെ സമാശ്വസിപ്പിക്കുന്നതിനാണു് സഹായസരണികൾ അതു വെട്ടിത്തുറന്നിട്ടുള്ളതു്. ലോകമൊക്കെയിലുമുള്ള ജനഹൃദയങ്ങളെ അടിപ്പെടുത്തുന്നതിനു പോരുന്ന ധാർമ്മികമേധാവിത്വവും പൈതൃകസ്നേഹവും വഴിയുന്ന ഒരു ഹൃദയമാണു് വത്തിക്കാൻ കേന്ദ്രത്തിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്നതു്. അതാണു് അജയ്യമായ അതിന്റെ ശക്തി.

കഴിഞ്ഞകൊല്ലത്തെ പാപ്പാദിനാചരണമാണു് ഇത്തരുണത്തിൽ ഓർമ്മയിൽ വരുന്നതു്. വിവിധരാജ്യങ്ങളിൽനിന്നു വത്തിക്കാനിൽ വന്നുചേർന്നിരുന്ന ജനൗഘം ഒരുലക്ഷത്തിനു മേലായിരുന്നു. 40,000 ത്തോളംപേർ കർമ്മങ്ങളിൽ ഭാഗഭാക്കാകുവാൻ നേരത്തെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ സ്ഥലംപിടിച്ചിരുന്നു. ബാക്കിയുണ്ടായിരുന്ന 60,000 ത്തിൽപ്പരം വരുന്ന ജനവിഭാഗം ബസ്ലിക്കായുടെ അങ്കണത്തിൽ തടിച്ചുകൂടി. പ്രകൃതി അന്നു അസഹനീയമാംവിധം മോശമായിരുന്നു. മഞ്ഞു പെയ്തുകൊണ്ടിരുന്നു. ദുസ്സഹമായ തണുത്ത കാററു ചീററിയടിച്ചുകൊണ്ടിരുന്നു, പക്ഷെ പ്രകൃതിയുടെ ഈ ഭേദങ്ങളെല്ലാം തൃണവൽഗണിച്ചുകൊണ്ടു് ജനാവലി വെളിയിൽനിന്നു ചടങ്ങുകളിൽ പങ്കെടുത്തു. കർമ്മങ്ങൾക്കുശേഷം പതിവുപോലെ സെൻറു് പീറേറഴ്സിന്റെ മട്ടുപ്പാവിൽ വന്നു ലോകം മുഴുവനേയും ആശീർവ്വദിക്കുന്ന പരിപാടി നിർവ്വഹിക്കുവാൻവേണ്ടി പരിശുദ്ധ പിതാവു് 15 മിനിററുനേരം കാത്തുനിന്നു. പ്രകൃതിയുടെ ക്ഷോഭം അതിനനുവദിച്ചില്ല. കഠിനമായ മഞ്ഞുനിപാതവും ഉഗ്രമായ കാററും തുടർന്നുകൊണ്ടിരുന്നു. തന്മൂലം ആ കർമ്മം ബസ്ലിക്കായുടെ അകത്തുതന്നെയാണു് നിർവ്വഹിക്കപ്പെട്ടതു്. തുടർന്നു അങ്കണത്തിൽ കൂടിയിരുന്ന ജനാവലിയെ കാണുന്നതിനും, അവരുടെ ആശംസകൾ നേരിൽ സ്വീകരിക്കുന്നതിനും, അവരെ പൈതൃകമായി ആശീർവ്വദിക്കുന്നതിനും അവിടുന്നു മുറിയുടെ ജനാലയിൽ പ്രത്യക്ഷപ്പെടുകയും അവരെ അനുഗ്രഹിക്കുകയുംചെയ്തു. ഇക്കൊല്ലത്തെ അന്തരീക്ഷം പ്രശാന്തസുന്ദരമായിരിക്കുമെന്നു പ്രതീക്ഷിക്കാം. അവിടെ തിങ്ങിക്കൂടുന്ന ജനാവലിയോടൊപ്പം നമുക്കോരോരുത്തർക്കും സ്വരമുയർത്താം:-

"പോപ്പുരാജൻ
നീണാൾ വാഴട്ടെ."

## തിരുനാൾ മംഗളം



തിരുവനന്തപുരം
മെത്രാപ്പോലീത്താ മഹാവന്ദ്യ
ദിവ്യശ്രീ ബെനഡിക്ട് മാർ
ഗ്രിഗോറിയോസ്
തിരുമനസ്സുകൊണ്ടു്
(തിരുനാൾ—മാർച്ച് 12)

## "ഡൊമസ്ററിക്കു് പ്രിലേററു്" സ്ഥാനം
### മോൺ. തോമസ് പഴേപറമ്പിൽ അവർകൾക്കു്

തലശേരിരൂപതയുടെ വികാരി ജനറാൾ റൈററു് റവ. മോൺ: തോമസ് പഴേപറമ്പിൽ അവർകൾക്കു് "ഡൊമസ്റ്റിക്കു് പ്രിലേററു്" എന്ന ഉന്നതസ്ഥാനം പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കല്പിച്ചുനൽകിയിരിക്കുന്നു. തലശേരിരൂപത രൂപംപ്രാപിച്ചതുമുതൽ രൂപതയ്ക്കുവേണ്ടി അദ്ദേഹം മഹത്തായ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. രൂപതാദ്ധ്യക്ഷൻ റൈററു് റവ. ഡോക്ടർ വള്ളോപ്പിള്ളി തിരുമേനി മെത്രാഭിഷേകം സ്വീകരിക്കുന്നതിനു റോമയിലേക്കു പോയിരുന്ന അവസരത്തിൽ രൂപതാഭരണം അദ്ദേഹമാണു് ശ്രേയസ്കരമായി നിർവ്വഹിച്ചിരുന്നതു്. മോൺ: പഴേപറമ്പിൽ അവർകളെ അദ്ദേഹത്തിന്റെ സ്ഥാനലബ്ധിയിൽ ഹൃദയപൂർവ്വം അനുമോദിച്ചുകൊള്ളുന്നു.

## ജപാപ്പസ്തോലസഖ്യത്തിന്റെ മാർച്ചുമാസത്തെ പൊതുനിയോഗം

"മാർപ്പാപ്പായുടെ എല്ലാ നിയോഗങ്ങൾക്കും വേണ്ടി."

## വേദപ്രചാരനിയോഗം

"തെക്കേ അമേരിക്കയിൽ വൈദികദൈവവിളികൾ വർദ്ധിക്കുവാൻ."

## പ്രസാധകക്കുറിപ്പുകൾ

### മിൻസെന്തിയെ പിടികൂടാൻ കമ്മ്യൂണിസ്ററുകൾ കളമൊരുക്കുന്നു

ഹങ്കറിയിൽനടന്ന സ്വാതന്ത്ര്യപ്രക്ഷോഭണത്തിനിടയിൽ ജനങ്ങളുടെ ശ്രമഫലമായി ഹങ്കേറിയൻ പ്രൈമേററു അത്യുന്നതകർദ്ദിനാൾ മിൻസെന്തി തിരുമനസ്സുകൊണ്ടു് തടവിൽനിന്നു മോചിക്കപ്പെടുകയുണ്ടായല്ലോ. ദുർഭഗയായ ഹങ്കറി വീണ്ടും റഷ്യൻ കമ്മ്യൂണിസ്റ്റുകളുടെ ആക്രമണത്തിനു വിധേയയായെങ്കിലും അവരുടെ പ്രിയപ്പെട്ട കർദ്ദിനാളിനെ ഹങ്കറിയിലെ അമേരിക്കൻ ലെഗേഷനിൽ അഭയം പ്രാപിക്കുന്നതിനു സൗകര്യപ്പെടുത്തി. തിരുമേനി ഇപ്പോഴും അവിടെ അഭയാർത്ഥിയായി കഴിയുകയാണു്. ഹങ്കറിയിൽ കമ്മ്യൂണിസ്റ്റു് ഭീകരഭരണം ഉറപ്പിച്ചശേഷം ഇപ്പോൾ കർദ്ദിനാളിനെ പിടികൂടുന്നതിനുള്ള കരുക്കൾ സൃഷ്ടിക്കുന്നതിൽ കമ്മ്യൂണിസ്റ്റുകൾ വ്യാപൃതരായിരിക്കുകയാണു്. "നെപ്പ് സബേഡ്സാഗ്" എന്ന കമ്മ്യൂണിസ്റ്റു് പത്രം, കർദ്ദിനാൾ തിരുമേനി അഭയാർത്ഥിത്വനിയമങ്ങളെ ലംഘിച്ചതായി ആരോപിക്കാൻ തുടങ്ങിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകളുടെ പാവകളായ "ജനാധിപത്യ ഉൽപതിഷ്ണു വൈദികരെ" അവരുടെ സ്ഥാനങ്ങളിൽനിന്നു ബഹിഷ്കരിക്കാൻ അദ്ദേഹം നിർദ്ദേശങ്ങൾ നൽകുന്നുവെന്നും, ഏജൻസിവക തപാൽവകുപ്പുവഴി സന്ദേശങ്ങൾ അയക്കുന്നുവെന്നും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചു പ്രവർത്തിക്കാത്തപക്ഷം ശിക്ഷിക്കുന്നതാണെന്നു ഭീഷണിപ്പെടുത്തുന്ന കത്തുകൾ വൈദികർക്കയക്കുന്നുവെന്നും മററുമാണു് പ്രസ്തുതപത്രം ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ. അദ്ദേഹം വീട്ടുതടങ്കൽ നിയമം ലംഘിച്ചിട്ടുള്ളതുകൊണ്ടും വിപ്ലവത്തിനു പിന്തുണ നൽകിയിട്ടുള്ളതുകൊണ്ടും ലെഗേഷനിൽ അഭയാർത്ഥിത്വത്തിനു അവകാശമില്ലെന്നും പത്രം അവകാശപ്പെടുന്നു. ഈ ആരോപണങ്ങളുടേയും അവാസ്തവപ്രചാരണങ്ങളുടേയും ഫലമായി കർദ്ദിനാൾ തിരുമേനിക്കു എന്തു സംഭവിക്കുമെന്നു് ഹങ്കറിയിലെ കത്തോലിക്കർ ഒന്നടങ്കം ആകുലരും ഉൽക്കണ്ഠിതരുമായിരിക്കുകയാണു്. കമ്മ്യൂണിസ്റ്റുകളുടെ ആരോപണങ്ങളെ നിഷേധിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയാണു് ലെഗേഷനിൽനിന്നു പ്രസ്തുത പത്രത്തിനു മറുപടിയായി പുറപ്പെടുവിച്ചിട്ടുള്ളതു്:-

"അമേരിക്കൻലെഗേഷന്റെ അതിത്ഥികൾക്കുള്ളിൽ കർദ്ദിനാളിന്റെ ആരോഗ്യത്തിനും വ്യക്തിപരമായ സൗകര്യങ്ങൾക്കും കഴിവുള്ള എല്ലാ മുൻകരുതലുകളും പരമാവധി ചെയ്യുന്നുണ്ടു്. എങ്കിലും അദ്ദേഹം ഏതെങ്കിലും വിധത്തിൽ ഈ ലെഗേഷനെ രാഷ്ട്രീയമോ രാഷ്ട്രീയത്തോടനുബന്ധപ്പെട്ടതോ ആയ പ്രവർത്തനങ്ങൾക്കുള്ള ആസ്ഥാനമാക്കുകയില്ലെന്നു ഉറപ്പുവരുത്തുവാൻ ആവശ്യമായ എല്ലാ പ്രായോഗികനടപടികളും എടുത്തിട്ടുണ്ടു്, എടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്." ഇതിൽനിന്നെല്ലാം വിശദമാകുന്നതു്, കമ്മ്യൂണിസ്റ്റുകളുടെ ദുഷ്പ്രചരണങ്ങളുടെ ലക്ഷ്യം അവരുടെ പിടിയിൽനിന്നു് വഴുതിപ്പോയ കർദ്ദിനാളിനെ വീണ്ടും പിടികൂടുന്നതിനു ഏതെങ്കിലും വഴിയുണ്ടാക്കണമെന്നുള്ളതാണു് എന്നതത്രേ. അതു എളുപ്പം സാധിക്കുമോ എന്നു കണ്ടറിയണം.

× × ×

### മയക്കുമരുന്നുകളുടെ ഉപയോഗത്തെപ്പററി മാർപ്പാപ്പാ

ഉദ്ദേശം നാലുമാസംമുമ്പു ഇററാല്യൻ അനെസ്റ്റേററിക്കു് നാഷനൽകോൺഗ്രസ്സ് മയക്കുമരുന്നുകളുടെ ഉപയോഗത്തെസംബന്ധിച്ചു് ചില ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവ താഴെ പറയുന്നവയാണു്:- 1) വേദന ശമിപ്പിക്കുന്നതിനുള്ള കൃത്രിമോപാധികളെ ഉപേക്ഷിക്കുകയും, ശാരീരികവേദനകൾ ഒരു വിശ്വാസപ്രകടനമായി സ്വീകരിക്കുകയും ചെയ്യാൻ പൊതുവായ ഒരു ധാർമ്മികബാദ്ധ്യതയുണ്ടോ? 2) ഒരു രോഗിയിൽ മയക്കമുണ്ടാക്കുന്ന ഔഷധോപകരണങ്ങളുടെ ഉപയോഗംമൂലം അയാൾക്കു സുബോധാവസ്ഥ നിഷേധിക്കുന്നതു് സുവിശേഷത്തിന്റെ ആദർശങ്ങൾക്കനുഗുണമാണോ? 3) ആസന്നമരണനോ, മരണവിപത്തുണ്ടെന്നു സംശയിക്കപ്പെടുന്നവനോ ആയ രോഗിക്കു മയക്കമരുന്നുകൊടുക്കുന്നതു്, വൈദ്യോപദേശമനുസരിച്ചു് അതു ആവശ്യമെന്നു കണ്ടാൽ, യുക്തമായിരിക്കുമോ? വേദനാലഘൂകരണത്തെത്തുടർന്നു ജീവിതം ഹ്രസ്വമാക്കപ്പെടുമെങ്കിൽ അതുപയോഗിക്കാമോ?

ധാർമ്മികനിയമത്തെ സ്പർശിക്കുന്ന ഈ പ്രശ്നങ്ങൾക്കു പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈയിടെ ഒരു അന്താരാഷ്ട്രീയ ഭിഷഗ്വരസംഘത്തിനു തിരുമേനി നൽകിയ സന്ദർശനാവസരത്തിൽ സമാധാനം പറയുകയുണ്ടായി. അവിടുത്തെ പ്രഭാഷണം ഏഴായിരം വാക്കുകളടങ്ങിയ സുദീർഘമായ ഒന്നായിരുന്നു. പ്രഭാഷണത്തിന്റെ പൂർണ്ണരൂപം ഇനിയും ലഭ്യമായിട്ടില്ലെങ്കിലും അതേപ്പററി റോയിട്ടറുടെ റിപ്പോർട്ടുകളിൽ നൽകിയിട്ടുള്ള സംഗ്രഹം ഏതാണ്ടീപ്രകാരമാണു്:- വേദന ശമിപ്പിക്കുന്നതിനുവേണ്ടി, സ്വയമേവ അധാർമ്മികമല്ലാതെയുള്ള കൃത്രിമോപാധികൾ ആലംബമാക്കുന്നതിൽ മതപരമോ ധാർമ്മികമോ ആയ യാതൊരാക്ഷേപവുമില്ല. ഒരു ശാസ്ത്രമെന്നനിലയിലും ഒരു കലയെന്ന നിലയിലും ബോധക്ഷയമുണ്ടാക്കുന്നതു സംബന്ധിച്ച അനെസ്റ്റേററിക്സിന്റെ മൗലികമായ തത്വങ്ങളും അവയുടെ ലക്ഷ്യങ്ങളും ആക്ഷേപാർഹമായി തോന്നുന്നില്ല. ഈ സമ്പ്രദായങ്ങൾ സ്വീകരിക്കുന്ന ഡോക്ടർമാർ സ്വാഭാവികമോ ധാർമ്മികമോ ആയ ക്രമത്തിനോ, ക്രിസ്തീയാദർശത്തിനോ വിരുദ്ധമായി പ്രവർത്തിക്കുന്നില്ല. വേദന ഒഴിവാക്കാനോ കുറയ്ക്കുവാനോ ആഗ്രഹിക്കുന്ന രോഗി, ശാസ്ത്രം കണ്ടുപിടിച്ചതും സ്വയമേവ അധാർമ്മികമല്ലാത്തതുമായ ഈ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതു് അവിഹിതമല്ല. ഭാഗികമായോ പൂർണ്ണമായോ ബോധക്ഷയമുണ്ടാക്കുന്ന മയക്കുമരുന്നുകൾ സ്വാഭാവികധാർമ്മികനിയമമനുസരിച്ചു് അനുവദിക്കപ്പെട്ടിട്ടുള്ളവയാകുന്നു. അതു നിയന്ത്രിതസീമകൾക്കുള്ളിൽ സുവിശേഷത്തിന്റെ തത്വങ്ങൾക്കു അനുയോജ്യവുമാകുന്നു. എന്നാൽ ഒരു രോഗിക്കു ബോധക്ഷയമുണ്ടാക്കുന്നതുമൂലം അധാർമ്മികതയുടെ പരിധിയിലേക്കെത്താവുന്നതാണു്. നിയന്ത്രണയന്ത്രഘടനയുടെ സാവധാനത്തിലുള്ള പ്രവർത്തനം, ഒരുപക്ഷെ യാതൊരുത്തരോടും വെളിപ്പെടുത്താവുന്നതല്ലാത്ത ചില രഹസ്യങ്ങൾ വെളിപ്പെടുത്തുവാൻ പ്രചോദനം

# വിവിധവൃത്താന്തങ്ങൾ

## വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ

ഇംഗ്ലണ്ടിൽ വെസ്റ്റ്മിനിസ്റ്ററിലെ മെത്രാപ്പോലീത്തായായി നിയമിതനായിരിക്കുന്ന ആർച്ചുബിഷപ്പ് ഗോഡ്ഫ്റേ തിരുമനസ്സുകൊണ്ട് ഫെബ്രുവരി 5-ാം തീയതി സ്ഥാനാരോഹണം ചെയ്തിരിക്കുന്നു. തിരുമനസ്സിലെതന്നെ ആഘോഷമായ ദിവ്യപൂജക്കുശേഷമാണ് ഈ ചടങ്ങു നടന്നത്. ഇംഗ്ലണ്ടിലെ ദലഗാദപ്പസ്തോലിക്കയായ ആർച്ചുബിഷപ്പ് ഒഹാരാ തിരുമേനിയാണ് പുതിയ മെത്രാപ്പോലീത്തായെ അതിമെത്രാസനത്തിലേക്കു സമാനയിച്ചത്. 1953-ൽ ലിവർപ്പൂൾമെത്രാപ്പോലീത്തായാകുന്നതിനുമുൻപ് ആർച്ചുബിഷപ്പ് ഗോഡ്ഫ്റേ ഇംഗ്ലണ്ടിലെ ദലഗാദപ്പസ്തോലിക്കയായിരുന്നു.

## ഇററലിയും കമ്മ്യൂണിസവും

ഇററാലിയൻ സോഷ്യലിസ്റ്റുകാരുടെ കമ്മ്യൂണിസ്റ്റ്ബന്ധം വിടത്തുവാനുള്ള തീരുമാനം ദൂരവ്യാപകമായ ഫലങ്ങളോടുകൂടിയതാണെന്നാണ് രാഷ്ട്രീയനിരീക്ഷകന്മാരുടെ അഭിപ്രായം. സോഷ്യലിസ്റ്റ്ചിന്താഗതിക്കാർ യോജിക്കുന്നതോടുകൂടി അടുത്ത തിരിഞ്ഞെടുപ്പിൽ ഭൂരിപക്ഷം അവർക്കു ലഭിക്കുമെന്നുള്ളതാണ് ഒരു പ്രതീക്ഷ. യുദ്ധത്തെത്തുടർന്നു ഇതേവരെ അധികാരത്തിലിരിക്കുന്ന ക്രിസ്ത്യൻഡിമോക്രാറ്റുകാർക്കു അതൊരു ക്ഷീണമായിത്തീർന്നേക്കാമെങ്കിലും ഇററലിയിലെ കമ്മ്യൂണിസ്റ്റ്സ്വാധീനശക്തിയെ അതു നിശ്ശേഷം ഉന്മൂലനംചെയ്യുമെന്നു നിരീക്ഷകർ അഭിപ്രായപ്പെടുന്നു. അതു പശ്ചിമയൂറോപ്പിൽ കമ്മ്യൂണിസത്തിനു വലിയ ഒരു അടിയായിരിക്കുമെന്നുള്ളതു തീർച്ചയാണ്.

## പതിനൊന്നാം പീയൂസ്

പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ചരമത്തിന്റെ 18-ാം വാർഷികദിനത്തിൽ സിസ്റ്റയിൻകപ്പേളയിൽ വച്ചു മാർപ്പാപ്പാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ, കർദ്ദിനാൾസംഘം ഡീൻ ആയ കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി, പരേതനായ തിരുമേനിയുടെ ആത്മാനുകൂലാർത്ഥം ദിവ്യബലിസമർപ്പിച്ചിരിന്നു. റോമയിൽ സ്ഥിരതാമസക്കാരായ കർദ്ദിനാളന്മാരും, പലേർമോ മെത്രാപ്പോലീത്താ, അർമേനിയൻ പാത്രിയർക്കീസ്, മോൺട്രീൽ മെത്രാപ്പോലീത്താ എന്നീ കർദ്ദിനാൾമാരും സംബന്ധിച്ചിരുന്നു. തലേദിവസം ലാത്തറാൻ ഉടമ്പടിയുടെ 20-ാം വാർഷികം ഇററലിയിലെങ്ങും ആഘോഷിക്കുകയുണ്ടായി. പതിനൊന്നാം പീയൂസ് തിരുമനസ്സിലെ ജന്മശതവത്സരപൂർത്തി അടുത്ത മേയ് 31-ാം തീയതിയാണ്.

നൽകിയേക്കാമെന്ന വിപത്തുമുണ്ട്. സർജനും സഹായികളും രഹസ്യംപാലിക്കുന്നതിന്റെ സ്വാഭാവികമായ കർത്തവ്യത്താൽ പ്രചോദിതരായിരുന്നാൽ മാത്രം പോരാ; നേരെമറിച്ച് ശസ്ത്രക്രിയാതിയേററിൽ നടക്കുന്ന എല്ലാ കാര്യങ്ങളേയുംപററി രഹസ്യംകാക്കുവാനുള്ള തൊഴിൽപരമായ വിശ്വാസപ്രതിജ്ഞയാൽ അവർ ബദ്ധരാകുന്നു. അതുകൊണ്ട് ഈ ലക്ഷ്യത്തെ പുരസ്കരിച്ചുള്ള ഔഷധോപകരണങ്ങളുടെ ഉപയോഗം മൂലം ഈ വിപത്തുകളെ ഒഴിവാക്കാൻ ഭിഷഗ്വരന്മാർ ശ്രമിക്കേണ്ടതാകുന്നു. വൈദ്യശാസ്ത്രപരമായ ആവശ്യത്തിനു മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതിൽ യാതൊരാക്ഷേപവുമില്ലെങ്കിലും, ഈ സമ്പ്രദായത്തെപ്പററിയുള്ള ശാസ്ത്രീയമായ ഗവേഷണങ്ങൾ ഉത്തരവാദിത്വമുള്ള വിദഗ്ദ്ധന്മാർമാത്രം നിർവ്വഹിക്കേണ്ടതാണ്. ആസന്നമരണനായിരിക്കുന്ന ഒരാൾ സുബോധവാനാണെങ്കിൽ, അയാളുടെ ഇച്ഛയ്ക്കെതിരായി മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതു വ്യക്തമായും നിയമവിരുദ്ധമാണ്. മരണത്തിനിടയാക്കുകയോ അതു ത്വരിതപ്പെടുത്തുകയോ ചെയ്യുന്ന ഔഷധോപകരണങ്ങളുടെ ഉപയോഗവും നിയമരഹിതമായിരിക്കും. പരിശുദ്ധ മാർപ്പാപ്പായുടെ ഈ വിശദീകരണം ശസ്ത്രക്രിയാസംബന്ധമായും മററും രോഗികളുടെ ബോധംകെടുത്തുന്നതിനു ആവശ്യമായ അവസരങ്ങളിലും, മരണാസന്നരായ രോഗികൾക്കു സമാശ്വാസകരമായ ശുശ്രൂഷകൾ ചെയ്യുന്ന അവസരങ്ങളിലും പാലിക്കപ്പെടേണ്ട സ്വാഭാവികവും ധാർമ്മികവുമായ നിയമങ്ങളേയും കടമകളേയും വിവരിക്കുന്നു.

## അടുത്തയാഴ്ചയിൽ

മാർച്ച്

7 വ്യാ: വി. തോമസ് അക്വീനാസ്

8 വെ: കർത്താവിന്റെ മുൾമുടി

9 ശ: വി. അർവീൻ

10 ഞാ: നോമ്പ് 1-ാം ഞായർ

11 ചൊ: വി. കൂറില്ലോസ്

12 തി: വി. ഗ്രീഗോരിയോസ്

13 ബു: വി. പെർപത്തയും ഫെലിസിത്തയും

"കാളൻ'സ് ലഘുലേഖ" സൗജന്യം. എഴുതുക:

**കാളൻ**

നെല്ലായി (S. India)

## കർദ്ദിനാൾ മിൻസെന്തിക്കെതിരായി

ഹംഗറിയിലെ കമ്മ്യൂണിസ്റ്റ് പത്രങ്ങൾ കർദ്ദിനാൾ മിൻസെന്തിക്കെതിരായി രൂക്ഷമായ വിമർശനങ്ങളും അവഹേളനങ്ങളും ആരംഭിച്ചിരിക്കുന്നു. ഹംഗറിയിലെ സ്വാതന്ത്ര്യസമരത്തെ കർദ്ദിനാൾ സഹായിച്ചുവെന്നും പഴയ തല്പരകക്ഷികളുടെ ഭരണം പുനഃസ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും ഹംഗറിയിലെ ജനങ്ങൾക്കു നിർദ്ദേശങ്ങളും കല്പനകളും പുറപ്പെടുവിക്കുന്നുവെന്നും, ദൂതന്മാർവഴി സന്ദേശങ്ങൾ കൊടുത്തയക്കുന്നുവെന്നും, അമേരിക്കൻ എംബസിയിൽ രക്ഷതേടാൻ നിയമപരമായ അവകാശമില്ലെന്നും മററുമാണ് ആക്ഷേപങ്ങൾ. കർദ്ദിനാൾ തിരുമേനിയെ ബലമായി എംബസിയിൽനിന്നു കൊണ്ടുപോകുവാനുള്ള ഒരു തന്ത്രത്തിന്റെ പ്രാരംഭമാണിതെന്നു പരിഗണിക്കപ്പെടുന്നു. കർദ്ദിനാൾ രാഷ്ട്രീയമോ അതിനോടു ബന്ധപ്പെട്ടതോ ആയ യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടുന്നില്ലെന്നും, പത്രങ്ങളുടെ ആരോപണങ്ങൾ തീർത്തും അടിസ്ഥാനരഹിതങ്ങളാണെന്നും എംബസി പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ പറയുന്നു.

## ഇററാല്യൻ സോഷ്യലിസ്റ്റുകൾ

പ്രൊഫസർ നെന്നിയുടെ നേതൃത്വത്തിലുള്ള ഇററാല്യൻ സോഷ്യലിസ്റ്റ് പാർട്ടി ഈയിടെ വെനീസിൽ സമ്മേളിച്ച് കമ്മ്യൂണിസ്റ്റുകാരുമായുള്ള സകല സമ്പർക്കങ്ങളും പരിത്യജിക്കുന്നതിനും സിഞ്ഞോർ സാരഗാതിന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റുകാരുമായി യോജിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. 9 കൊല്ലം മുൻപ് നെന്നിസോഷ്യലിസ്റ്റുകാർ സോഷ്യൽ ഡിമോക്രാററു പാർട്ടിയിൽനിന്നു പിരിഞ്ഞപ്പോൾ കമ്മ്യൂണിസ്റ്റുകാരുമായി സഖ്യത്തിലേർപ്പെടുകയാണു ചെയ്തത്. അങ്ങനെയാണ് ഇററലിയിൽ കമ്മ്യൂണിസ്റ്റു വിജയത്തിനു വഴിതെളിഞ്ഞത്. എന്നാൽ സ്റ്റാലിനെപ്പററി ക്രൂഷ്ചേവ് ചെയ്ത പ്രസംഗവും ഈയിടെ ഹംഗറിയിൽ സോവ്യററഷ്യ നടത്തിയ കൂട്ടക്കൊലയും നെന്നിസോഷ്യലിസ്റ്റുകാരുടെ കണ്ണുതുറക്കുന്നതിനു വളരെയധികം സഹായിച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണു കമ്മ്യൂണിസ്റ്റു സമ്പർക്കം പരിത്യജിക്കുന്നതിനും ജനാധിപത്യമാർഗ്ഗങ്ങളിലൂടെ ഇററലിയുടെ പുരോഗതിക്കായി പരിശ്രമിക്കുന്നതിനും തീരുമാനിച്ചത്.

## ചൈനീസ് ജനറലിന്റെ മാനസാന്തരം

ചൈനയിൽ ഹോപ്പി പ്രോവിൻസിന്റെ മുൻഗവർണരും, കഴിഞ്ഞ യുദ്ധത്തിൽ 5-ാമത്തെയും 11-ാമത്തെയും സമരപ്രദേശങ്ങളിൽ ചൈനായുടെ സർവ്വസൈന്യാധിപനുമായിരുന്ന ജനറൽ സൂൺ ലീൻ-ചുംഗും ഭാര്യ സൂൺ ലോ യി-ഫെങ്ങും മാമ്മോദീസാ സ്വീകരിച്ചു കത്തോലിക്കരായിരിക്കുന്നു. ടൈപ്പായിലെ ആർച്ചുബിഷപ്പ് ജോസഫ് കുവാങ് അവർക്കു ജ്ഞാനസ്നാനം നൽകിയതു്. ചൈനായിലെ ചക്രവർത്തിയായിരുന്ന തുമോ കുവാങ്ങിന്റെ നാലാം തലമുറയിലുള്ള പൗത്രിയും 1900-ാമാണ്ടത്തെ യുദ്ധത്തിൽ ചൈനീസ് സേനയുടെ സുപ്രീം കമാൻഡർ ആയിരുന്ന തുവാൻ രാജകുമാരന്റെ പ്രപൗത്രിയുമാണ ജനറലിന്റെ ഭാര്യയായ മാഡം ലീൻ-ചുംഗ്. ഉന്നതരായ ഈ വ്യക്തികളുടെ മാനസാന്തരം ചൈനീസ് സഭയുടെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരിക്കുന്നു.

## കർദ്ദിനാളിന്റെ വിമോചകർ

ഹംഗറിയിലെ കർദ്ദിനാൾ മിൻസെന്തിയെ രഹസ്യപ്പോലീസു വലയത്തിൽനിന്നും ആയുധസഹായത്തോടുകൂടി മോചിപ്പിച്ച ബെനഡിക്ട്, സോൾട്ടൺ എന്ന രണ്ടു ചെറുപ്പക്കാരും ഇപ്പോൾ അമേരിക്കയിൽ ഫിലാഡെൽഫിയായിലെത്തിയിരിക്കുന്നു. ഹംഗറിയിൽനിന്നുള്ള ഒളിച്ചോട്ടത്തിൽ അവർ റഷ്യൻ സൈന്യത്തിന്റെ പിടിയിൽ പെട്ടതാണ്. ആദ്യതവണ അവരെ അറസ്റ്റുചെയ്തു ഗിയോർ എന്ന സ്ഥലത്തേക്കു കൊണ്ടുവന്നു; അവിടെനിന്നും കാവൽക്കാരുടെ കണ്ണിൽ പൊടിയിട്ടു അവർ രക്ഷപ്രാപിച്ചു. രഹസ്യപ്പോലീസു വലയത്തിൽനിന്നും കർദ്ദിനാളിനെ രക്ഷിക്കുന്നതിനു് ഇത്രയും വിഷമം സഹിക്കേണ്ടിവന്നിട്ടില്ലായെന്നാണു അവർ പറയുന്നതു്. 21 വയസ്സു പ്രായമുള്ള ഈ ചെറുപ്പക്കാർ ഫിലാഡെൽഫിയായിൽ സ്ഥിരതാമസമാക്കുന്നതാണ്. അവരുടെ വീരപ്രവൃത്തിയെപ്പററി കർദ്ദിനാൾ എഴുതികൊടുത്തിട്ടുള്ള ഒരു കുറിപ്പും അവരുടെ പക്കലുണ്ട്.

## സൊഡാലിററിക്കാരോട്

മരിയൻ സൊഡാലിററികളുടെ വേൾഡ് ഫെഡറേഷന്റെ ഡയറക്ടറായ ആർച്ചുബിഷപ്പ് ജോസഫ് ഫെലിക്സ് ഗോലിനാ പുറപ്പെടുവിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽ ലോകത്തിലെങ്ങുമുള്ള മരിയൻ സൊഡാലിററിക്കാർ, പരിശുദ്ധപിതാവു തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകത്തിന്റെ 40-ാം വാർഷികദിനമായ അടുത്ത മേയ് 13-ാം തീയതി ഏതെങ്കിലും മരിയദേവാലയത്തിലേക്കു തീർത്ഥയാത്ര പോകുകയും, മാർപ്പാപ്പാ തിരുമനസ്സിലെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. ഈ തീർത്ഥയാത്രകൾ ദേശീയമോ പ്രാദേശികമോ ആയഅടിസ്ഥാനത്തിൽ ആകാമെന്നും, ചെയ്യാൻ പോകുന്ന തീർത്ഥയാത്രയെപ്പററിയുള്ള വിവരങ്ങൾ മേയ് 1-ാം തീയതിക്കു മുൻപ് സൊഡാലിററികളുടെ കേന്ദ്രസിക്രട്ടറിയേററിൽ അറിയിക്കണമെന്നുംകൂടി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

## വിദേശവാർത്തകൾ

സ്പെയിനിലെ നാലാമത്തെ ദേശീയദിവ്യകാരുണ്യകോൺഗ്രസ് മേയ്മാസത്തിൽ ഗ്രാനഡായിൽ വച്ചു നടത്തപ്പെടുന്നതാണ്.

—കഴിഞ്ഞ മാസത്തിൽ 79-ാമത്തെ വയസ്സിൽ നിര്യാതയായ, അമേരിക്കയിൽ ന്യൂജെഴ്സിയിലെ മിസ്സസ് മാർഗരററ് റിപ്പി എന്ന വനിത അവരുടെ സ്വത്തിൽ പതിനായിരം ഡോളർ മാർപ്പാപ്പാ തിരുമനസ്സിലേക്കു വിൽപ്പത്രപ്രകാരം നീക്കിവച്ചിരിക്കുന്നു.

—റോമയിലെ സെൻറ് പീറ്റേഴ്സ് ദേവാലയത്തിൽ ഒരു പോളിഷ്ചാപ്പൽ നിർമ്മിക്കുന്നതിനു

ആദ്ധ്യാത്മികവീഥി

## പ്രേഷിതവേല—സന്മാതൃക

ദൈവത്തിന്റെ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ ദൈവമാതാവിനെ പ്രസാദിപ്പിക്കുന്നതിനു ഏററവും പററിയമാർഗ്ഗം പ്രേഷിതവേലയിൽ ഏർപ്പെട്ടു ഈശോയ്ക്കായി ആത്മാക്കളെ നേടിക്കൊടുക്കുകയാണെന്നു പറഞ്ഞുവല്ലോ. ഇനി എന്തെല്ലാംവിധത്തിൽ നമുക്കു പ്രേഷിതവേല ചെയ്യാമെന്നു ആലോചിച്ചുനോക്കാം.

ഒന്നാമതുതന്നെ മററുള്ളവർക്കു സന്മാതൃക കാണിച്ചുകൊടുക്കണം. കത്തോലിക്കരായ നാം ഇതരക്രിസ്ത്യാനികളെക്കാളും അന്യമതക്കാരെക്കാളും കൂടുതൽ സത്യസന്ധരും നീതിബോധമുള്ളവരും, സഹോദരസ്നേഹമുള്ളവരും, നിർമ്മലജീവിതം നയിക്കുന്നവരും, വിശ്വസ്തരും, ദീനാനുകമ്പയുള്ളവരും മററുമാണെന്നു നമ്മുടെ പ്രവൃത്തികൊണ്ടു പ്രത്യക്ഷപ്പെടുത്തുകയാണെങ്കിൽ നാം ഒരക്ഷരംപോലും പ്രസംഗിച്ചില്ലെങ്കിലും ഇതരമതസ്ഥർ നമ്മെ സമീപിച്ചു തങ്ങളെയുംകൂടി നമ്മുടെ മതത്തിൽ ചേർക്കണമെന്നു് അപേക്ഷിക്കുമായിരുന്നു.

ഒരിക്കൽ ഗാന്ധിജിയോടു ഒരു യൂറോപ്യൻമിഷനറി ക്രിസ്തുമതം ഭാരതത്തിൽ പ്രചരിച്ചു വേരൂന്നുന്നതിനു എന്താണു ചെയ്യേണ്ടതെന്നു ചോദിച്ചപ്പോൾ ക്രിസ്ത്യാനികൾ സുവിശേഷപാഠങ്ങൾ അനുസരിച്ചു ജീവിച്ചുകാണിച്ചാൽ മാത്രം മതിയെന്നാണു അദ്ദേഹം പറഞ്ഞതു്. ആദ്യശതകങ്ങളിൽ ക്രിസ്തുമതം പെട്ടെന്നു പ്രചരിക്കുന്നതിനുണ്ടായിരുന്ന പ്രധാനകാരണം ക്രിസ്ത്യാനികളുടെ സന്മാതൃകയായിരുന്നു. മററുള്ളവരിൽനിന്നു് വളരെ വ്യത്യസ്തമായ രീതിയിൽ സകല സൽഗുണങ്ങളുടെയും വിളനിലമായി ചിലർ വർത്തിക്കുന്നതു കണ്ടിട്ടു "ഇവർ എന്താണു ഇത്ര നന്നായി ജീവിക്കുന്നതു്?" എന്നു് അന്വേഷിച്ചിരുന്നവർക്കു കിട്ടിയിരുന്ന മറുപടി "ഇവർ ഒരു പുതിയ മതക്കാരാണ്. ആ മതത്തിൽ ചേർന്നാൽ ഇങ്ങനെ നല്ലവരാകാൻ സാധിക്കും" എന്നായിരുന്നു. "എന്നാൽ ഞങ്ങൾക്കും ആ മതത്തിൽ ചേരണം. അതിനെന്താണു ചെയ്യേണ്ടതു്?" എന്നു തുടർന്നന്വേഷിച്ചുകൊണ്ടു വേണ്ട നടപടികൾ എടുക്കുകയായി.

ഇന്നും ഇതുപോലുള്ള നല്ല ഫലം സന്മാതൃക നൽകാതിരിക്കയില്ല. നമുക്കു അതിനായി ശ്രമിക്കാം. വളരെപ്പേർ മറിച്ചുചെയ്യുന്നല്ലോ എന്നു വിചാരിച്ചു മനസ്സുമടുക്കരുതു്. ഒരാൾ നന്നായാൽ അയാളോടു അടുത്തു സഹവസിക്കുന്ന കുറേപ്പേരെങ്കിലും അയാളെ അനുകരിച്ചുകൊള്ളും. അയാളുടെ സൽപ്രവൃത്തികളുടെ ഫലം ലോകം മുഴുവനിലും ദൈവം അനുഭവവേദ്യമാക്കും. അതിനാൽ ഉത്തമരായി ജീവിക്കുന്നതിനു ഇന്നുതന്നെ നമുക്കു ദൃഢപ്രതിജ്ഞചെയ്തു പരിശ്രമിച്ചുതുടങ്ങാം. അതു ഏററവും ഫലവത്തായ പ്രേഷിതവേലയാണ്.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

## Statement about ownership and other particulars about newspaper

**The Sathyadeepam**

| | |
|---|---|
| 1. Place of Publication | Ernakulam |
| 2. Periodicity of its publication | Weekly |
| 3 & 4 Printers' & Publishers' Name | K. L. Varkey |
| Nationality | Indian |
| Address | Archbishop's House, Ernakulam |
| 5. Editors' Names | i) Very Rev. Mgr. Jacob Naduvathucherry, ii) Rev. Fr. Joseph Vithayathil |
| Nationality | Indian |
| Address | The Sathyadeepam offlice, Ernakulam |
| 6. Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital | Archdiocese of Ernakulam |

I, K. L. Varkey, hereby declare that the particulars given above are true to the best of my knowledge and belief.

1-3-'57 Publisher

ള്ള പണി ആരംഭിച്ചിരിക്കുന്നു. പോളണ്ടിന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥയായ ചെസ്റ്റോക്കോവയിലെ മാതാവിന്റെ മനോഹരമായ സ്വരൂപത്തിന്റെ ഒരു മൊസായിക്കുചിത്രം അൾത്താരമുകളിൽ സ്ഥാപിക്കുന്നതാണ്.

—വത്തിക്കാൻനഗരത്തിൽ നടത്തിയ ഖനനജോലികളിൽനിന്നു്, എ. ഡി. ഒന്നാം നൂറ്റാണ്ടിലെ ഒരു മഷിക്കുപ്പിയും പേനയും കിട്ടിയിരിക്കുന്നു. കുപ്പിയിൽ മഷി ഉണങ്ങിയിരിപ്പുണ്ട്. ദന്തനിർമ്മിതമായ ഈ മഷിക്കുപ്പിയോടൊപ്പം നീറോചക്രവർത്തിയുടെ ഒരു അടിമയുടെ കുഴിമാടവും മററു ചില സാമഗ്രികളും കണ്ടെത്തപ്പെട്ടിരിക്കുന്നു.

## ഇടവകവാർത്തകൾ

**കരുവേലിപ്പടി:** ഇവിടെ പ്രവർത്തിച്ചുവരുന്ന സെൻറ് സെബാസ്റ്റ്യൻസ് ഗാർഡ് അസോസിയേഷന്റെ വാർഷികം ഫെ: 24-ാംനു- ഞായറാഴ്ച വൈകുന്നേരം 6 മണിക്കു് ശ്രീ കെ വി ജോണിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. സിക്രട്ടറി സി പി ജോസഫ് വാർഷികറിപ്പോർട്ടു വായിച്ചു. തുടന്നു അദ്ധ്യക്ഷപ്രസംഗവും, സംഘാംഗങ്ങളുടെ കലാപരിപാടികളും നടന്നു. അടുത്തവർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു യോഗം പിരിഞ്ഞു.

**കിഴപറയാർ:** തലശ്ശേരി രൂപതയുടെ അഭിവന്ദ്യമെത്രാനച്ചൻ റൈററു് റവ ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് ഫെബ്ര : 25-ാംനു- സ്ഥലം പള്ളിയിൽ ആഗതനായപ്പോൾ തിരുമേനിക്കു് ഈ സ്ഥലവാസികൾ ഗംഭീരമായ ഒരു സ്വീകരണം നൽകുകയുണ്ടായി. അനന്തരം മെത്രാനച്ചൻ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വികാരി റവ ഫാദർ മാത്യു വെള്ളാപ്പാട്ടു് സ്വാഗതമാശംസിക്കുകയും ഭക്തസംഘടനകളുടെ ഏകോപിച്ചുള്ള സുകൃതമഞ്ജരി സമപ്പിക്കുയും ഒരു സ്വർണ്ണക്കുരിശും മാലയും അതോടുകൂടി ഒരു പണക്കിഴിയും സമ്മാനിക്കയുംചെയ്തു. തിരുബാലസഖ്യത്തിന്റെ ഉദ്ഘാടനകർമ്മം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് തദവസരത്തിൽ നിർവ്വഹിച്ചു.

**കരൂർ:** അ: കേ: ചെറുപുഷ്പം മിഷൻലീഗു് കരൂർശാഖയുടെ ഒരു യോഗം ഫെബ്രുവരി 17-ാംനു- ഞായറാഴ്ച പകൽ 11 മണിക്കു് ഡയറക്ടർ റവ ഫാദർ ജേക്കബ്ബു് ഞാവള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി പുതിയ ഭാരവാഹികളെ തിരിഞ്ഞെടുത്തു.

**ചിറനെല്ലൂർ:** ഈ ഇടവക വാഴപ്പിള്ളി പൊറിഞ്ചുവിന്റെ മകൻ ശ്രീ വി പി പോളും, നീലങ്കാവിൽ അന്തോണിയുടെ മകൾ കുമാരി എൻ എ സിസിലിയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 25-ാംനു- ചിററാട്ടുകര പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

**കാഞ്ഞൂർ:** കാഞ്ഞൂർ ഫൊറോ: പള്ളി ഇടവക പദരതനായ വെള്ളാറക്ക എത്തപ്പാനു മകൾ കുമാരി ത്രേസ്യായും കറുകുററിപ്പള്ളി ഇടവക ചക്യേത്തു് പൗലോസ് മകൻ ജോസഫും തമ്മിലുള്ള വിവാഹം ഫെ: 25-ാംനു- കറുകുററിപ്പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

**കീക്കൊഴൂർ:** സ്ഥലം കത്തോലിക്കാപ്പള്ളി ഇടവകാംഗമായ മി എം എം ഫിലിപ്പിന്റെ മകളും പുല്ലൂപ്പാടി ഗവ: പ്രൈമറിസ്കൂൾ അദ്ധ്യാപികയുമായ കുമാരി എം പി സാറാമ്മയും പാലാ അധികാരത്തിൽ എ സി തോമസിന്റെ മകൻ ടി കുര്യാക്കോസും തമ്മിലുള്ള വിവാഹം ഫെബ്രുവരി 25-ാം തീയതി തിങ്കളാഴ്ച മൂവാററുപുഴപള്ളിയിൽവച്ചു നടന്നു. റവ ഫാദർ ജേക്കബ്ബ് ചുണ്ടേവാലേൽ അവർകളാണു് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

**കോയമ്പത്തൂർ:** സ്ഥലം കേരളകത്തോലിക്കാ അസോസിയേഷന്റെ 4-ാംവാർഷികമീററിംഗ്, വികാരിജനറൽ വെരി റവ. ഫാദർ എ ജോസഫ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സ്ഥലം ബ്രിട്ടോ ഹാളിൽവെച്ചു ഫെബ്രു : 24-ാംനു- കാലത്തു് 9-30ന്നു കൂടുകയും, അസോസിയേഷന്റെ ഒരു വർഷത്തെ വരവു ചിലവു കണക്കുകളും റിപ്പോർട്ടും വായിച്ചു പാസ്സാക്കുകയും അടുത്ത വർഷത്തേക്കു 12 കമ്മററി മെമ്പർമാരെ തിരഞ്ഞെടുക്കുകയും, മി. വി സി ഈനാശു പ്രസിഡന്റായി നിയമിക്കപ്പെടുകയും ചെയ്തു. ഉച്ചതിരിഞ്ഞു് 4-30ന്നു് പൊതുയോഗം സെൻറ് ബ്രിട്ടോ ഹാളിൽവെച്ചു കോയമ്പത്തൂർ മെത്രാൻ അഭിവന്ദ്യ ദിവ്യശ്രീ ഡോക്ടർ എം. ശവരിമുത്തു തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നടന്നു. ശ്രീ എം വി ജോസഫ് സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനുശേഷം സിക്രട്ടറി അസോസിയേഷന്റെ ഒരു വർഷത്തെ റിപ്പോർട്ടും വരവു ചിലവു കണക്കുകളും വായിച്ചു. വെരി റവ. ഫാദർ സിൽവെസ്റ്റർ ജോസഫ് ഒ. സി. ഡി., ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം (എഡിററർ മലബാർ മെയിൽ) എന്നിവർ പ്രസംഗിച്ചു അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വേദോപദേശക്ലാസിൽ പാസ്സായ ബാലികാബാലന്മാർക്കു് വന്ദ്യതിരുമേനി സമ്മാനദാനം നിർവ്വഹിച്ചു അനന്തരം അസോസിയേഷൻ അംഗങ്ങൾ "ത്യാഗദീപ്തി" എന്ന മലയാളസംഗീതനാടകം തന്മയത്വമായി അഭിനയിക്കുകയും കുമാരി ബെററിയും രജീനയും നൃത്തം നടത്തുകയും ചെയ്തു.

**ചേപ്പുംപാറ:** ഈ ഇടവക കൊട്ടുപ്പള്ളിൽ വക്കിയുടെ മകൻ ശ്രീ കെ. വി. മാത്യുവും പുളിക്കൽ കവലപള്ളി ഇടവക നെടുംപുറത്തു് പീലിപ്പോസിന്റെ മകൾ കുമാരി ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം ജനുവരി 21-ാംനു- ചേപ്പുംപാറ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. റവ. ഫാദർ ജേക്കബ് നരിക്കുഴി അവർകളാണ വിവാഹം ആശീർവ്വദിച്ചതു്.

## ചരമവാർത്തകൾ

**ഉരുളകുന്നം:** ഈ ഇടവക ആവഞ്ചേരിൽ തൊമ്മൻ തൊമ്മൻ 78-ാമത്തെ വയസ്സിൽ ഫെബ്രുവരി 28-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം റവ ഫാദർ ജോസഫ് കുവള്ളൂർ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല വൈദികരുടെ സഹകരണത്തിലും വൻപിച്ച ഒരു ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും ഉരുളകുന്നംപള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു

**ചേപ്പുംപാറ:** ഈ ഇടവക കൊട്ടുപ്പള്ളിയിൽവക്കിയുടെ ഭാര്യ ഏലിയാമ്മ 46-ാമത്തെ വയസ്സിൽ ഫെബ്രു: 15-ാംനു- കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം രാവിലെ 9 മണിക്കു് റവ ഫാദർ ജേക്കബ്ബ് കാഞ്ഞുപുറം അവർകളുടെ പ്രധാന കാർമ്മികത്വത്തിലുംഒരു വൻപിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും പള്ളിസിമിത്തേരിയിൽ യഥാവിധിനിർവ്വഹിക്കപ്പെട്ടു.

R. I. P.

## കേരളവാർത്തകൾ

അഖിലേന്ത്യാ റേഡിയോവിന്റെ തിരുവനന്തപുരം കോഴിക്കോടു നിലയങ്ങളോടനുബന്ധിച്ചുള്ള പ്രോഗ്രാം ഉപദേശകസമിതിയിലെ ഒരംഗമായി അഡ്വക്കേറ്റു് മി. കെ. പി. കുട്ടികൃഷ്ണൻ നായരെ രണ്ടുവർഷത്തേക്കു നിയമിച്ചിരിക്കുന്നു.

—ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേററിന്റെ 10 ബ്ലോക്കുകളുടെ ഉൽഘാടനം കേരളഗവർണ്ണർ മിറാവു നിർവ്വഹിച്ചിരിക്കുന്നു.

—തൃശ്ശൂർ തേക്കിൻകാടുമൈതാനത്തു കുട്ടികൾക്കു നിർമ്മിക്കുവാനുദ്ദേശിക്കുന്ന പാർക്കിന്റെ ശിലാസ്ഥാപനകർമ്മം ഇൻഡ്യൻ പ്രധാനമന്ത്രി നിർവ്വഹിച്ചിരിക്കുന്നു.

—വെള്ളായണിയിലെ കർഷക കോളെജിനു കേന്ദ്രഗവമ്മെൻറിൽനിന്നും 14.78 ലക്ഷം ക. ഗ്രാൻറും 4.72 ലക്ഷം ക. വായ്പയും അനുവദിച്ചിരിക്കുന്നു. തൃശ്ശൂർ വെററിനറി കോളെജിനു 21.71 ലക്ഷം ക. യുടെ ഗ്രാൻറും അനുവദിച്ചിരിക്കുന്നു.

—കേരളത്തിൽ ഓരോ സ്ഥലത്തും പോളിംഗ് നടക്കുന്ന ദിവസങ്ങളിൽ മദ്യവില്പന ഗവർമ്മെൻറു നിരോധിച്ചിരിക്കുന്നു

—തിരുക്കൊച്ചി ബാങ്കുജീവനക്കാർക്കു ശമ്പളക്കൂടുതൽ ശുപാർശചെയ്തുകൊണ്ടുള്ള തിരുക്കൊച്ചി ബാങ്കിങ്ങ് എൻക്വയറികമ്മീഷൻ റിപ്പോർട്ടിന്മേൽ ഇന്ത്യാഗവമ്മെൻറ് ഉത്തരവു പാസാക്കിയിരിക്കുന്നു.

—എറണാകുളം സെൻറ് തെരേസാസ് കോളെജ്ദിനം, തിരുവിതാംകൂർ സർവ്വകലാശാലാ വൈസ്ചാൻസലർ ഡോക്ടർ എ. രാമസ്വാമിമുതലിയാരുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. മദ്രാസ്സർവ്വകലാശാലയ്ക്കു ടോസ്റ്റ് ആശംസിച്ചുകൊണ്ടു് ലോകോളെജ് പ്രിൻസിപ്പാൾ മി. സുബ്രഹ്മണ്യയ്യർ ഒരു പ്രസംഗംചെയ്തു.

—ഇപ്പോൾ അടച്ചിട്ടിട്ടുള്ള കൊല്ലത്തെ മിക്ക കശുവണ്ടിഫാക്ടറികളും തുറന്നു പ്രവത്തനമാരംഭിക്കാമെന്നു അവയുടെ ഉടമസ്ഥർ സമ്മതിച്ചിരിക്കുന്നു.

—കോഴിക്കോട്ടു് ഒരു മെഡിക്കൽ കോളെജ് അടുത്തുതന്നെ സ്ഥാപിക്കുന്നതാണെന്നു കോഴിക്കോട്ടു കളക്ടർ പ്രസ്താവിച്ചിരിക്കുന്നു.

## നിങ്ങൾക്കു് ഒരു കപ്പൂച്ചിൻ മിഷനറിയാകണമോ?



കോയമ്പത്തൂർ "ശാന്തി ആശ്രമ"ത്തിൽ പഠനം നടത്തുന്ന വൈദികവിദ്യാർത്ഥികൾ.

കപ്പൂച്ചിൻസഭയിൽ ചേന്നു് പ്രേഷിതജീവിതം നയിക്കുന്നതിനോ, പ്രസ്തുത സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ആഗ്രാ, ഗോറാക്പൂർ എന്നീ രൂപതകളിൽ മിഷണറി വൈദികരായി ജോലിചെയ്യുന്നതിനോ ആഗ്രഹിക്കുന്ന യുവാക്കന്മാർ ഉടനെ താഴെക്കാണുന്ന മേൽവിലാസത്തിലെഴുതുകയോ, നേരിട്ടു കാണുകയോ ചെയ്യുക. വൈദികാർത്ഥികൾ സ്കൂൾഫൈനൽ പാസ്സായവരോ, പാസ്സാകുമെന്നു പ്രതീക്ഷിക്കുന്നവരോ ആയിരിക്കണം.

റവ. ഫാദർ സുപ്പീരിയർ,
അസ്സീസി ആശ്രമം, ഭരണങ്ങാനം.

## കത്തോലിക്കരും വേദപുസ്തകവും

(ഫാദർ ഫ്റാൻസിസ് ടി. ഒ. എസ്. എഫ്.)

വി. വേദപുസ്തകം എന്ന ശീർഷകത്തിൽ, സുപ്രസിദ്ധ വേദപണ്ഡിതനായ ഫാദർ വടശ്ശേരി എന്നെ കാണിച്ച ഒരു പുസ്തകത്തിൽ ഞാനൊരു ഖണ്ഡിക വായിക്കാനിടയായി. പ്രസ്തുത പുസ്തകം "വി. സി ഗീവറുഗീസച്ചനും റോമാസഭയും" എന്ന പേരിൽ, എം. എ. ബി. ടി; എസ് ടി. എം. എന്നീ ബിരുദങ്ങളുള്ള ഓർത്തഡോക്സ്കാരനായ അച്ചൻ എഴുതിയതാണ്. അതിലെ ഒരു ഖണ്ഡികയാണ് എന്റെ ലേഖനത്തിന്റെ തലക്കെട്ടു്.

ആ ഖണ്ഡികയിൽ ഇങ്ങനെ ഞാൻ വായിച്ചു:- "റോമ്മാസഭയിൽ, വി. വേദപുസ്തകം വായിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നു് ബ: അച്ചൻ വാദിക്കുന്നു. പതിവായി വായിക്കുന്നവർക്കു ബന്ധവിമോചനംപോലും അനുവദിച്ചിട്ടുണ്ടുപോൽ. The test of the pudding is in the eating thereof. റോമ്മാസഭ വേദപുസ്തകത്തിനു ഇത്ര പ്രാധാന്യം നൽകുന്നുവെങ്കിൽ അവരുടെ മിക്ക വീടുകളിലും വി. വേദപുസ്തകം ഇല്ലാത്തതെന്തുകൊണ്ടു്? ......"

വി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ എഴുതിയ പുസ്തകത്തിന്റെ പ്രത്യാഖ്യാനഗ്രന്ഥത്തിൽ ഈ കണ്ട ആക്ഷേപത്തിൽ വല്ല വാസ്തവവുമുണ്ടോയെന്നു അന്വേഷിക്കുകയല്ലാ ഈ ലേഖകന്റെ ഉദ്ദേശം.

"എല്ലാ വീട്ടിലും ഓരോ ബൈബിൾ" എന്നു പ്രസ്താവിച്ചുകൊണ്ടു് "ഏകവത്സരപദ്ധതി"യെന്നും പറഞ്ഞു് ഒരു നോട്ടീസ് തേവരപ്രസ്സിൽനിന്നു് ഇറങ്ങിയിട്ടുള്ളതിനെപ്പററി പറയാനാണ് ഞാനുദ്ദേശിക്കുന്നതു്. അതിൽ അമ്പതുനോമ്പിനകമായി ഓരോ വീട്ടിലും ഓരോ വേദപുസ്തകമുണ്ടായിരിക്കണമെന്നും, സുവിശേഷങ്ങൾ നാലും ഒന്നിച്ചു് ഒന്നരരൂപാ വിലയ്ക്കും പുതിയ നിയമം മുഴവനുമുള്ളതിനു മൂന്നുരൂപാ വിലയ്ക്കും തേവരപ്രസ്സിൽനിന്നും ഏവർക്കും വാങ്ങിക്കാമെന്നും മററും ഞാൻ വായിക്കയുണ്ടായി. ഈ പരസ്യപ്രകാരം അനേകം കത്തോലിക്കർ വേദപുസ്തകം വാങ്ങിക്കുകയും ചെയ്തിട്ടുണ്ടു്. ഓർത്തഡോക്സുകാർ സ്വന്തമായി സുവിശേഷങ്ങൾമാത്രമേ മലയാളത്തിലേക്കു തർജ്ജമചെയ്തിട്ടുള്ളു. മററുള്ള കത്തോലിക്കേതരന്മാരെല്ലാം പ്രോട്ടസ്റ്റൻറുബൈബിളാണു് വായിക്കുന്നതു്. കത്തോലിക്കരാകട്ടെ, മഞ്ഞുമ്മൽ, മാന്നാനം, തേവര, എൽത്തുരുത്തു്, മംഗലപ്പുഴ, ഒല്ലൂർ എന്നീ സ്ഥലങ്ങളിലുള്ള പ്രസ്സുകളിലായി വിവിധപരിഭാഷകൾ ഇറക്കിയിട്ടു് എത്രയോ വർഷങ്ങളായി! ഈ വസ്തുതകൾ കോട്ടയത്തു താമസക്കാരനായ എം. വി. ജോർജച്ചൻ അറിയായ്കയാണോ അറിയാൻ മനസ്സില്ലായ്കയാണോയെന്നു അറിഞ്ഞുകൂടാ.

—കേരളഅസംബ്ളിയിലേക്കും പാർലമെൻറിലേക്കുമുള്ള പൊതുതിരഞ്ഞെടുപ്പു് കഴിഞ്ഞ വ്യാഴാഴ്ച ആരംഭിച്ചിരിക്കുന്നു. അടുത്ത ശനിയാഴ്ചകൊണ്ടു് തിരഞ്ഞെടുപ്പു് അവസാനിക്കുന്നതും മാർച്ച് 18-ാം തീയതിയോടുകൂടി വോട്ടെണ്ണി കഴിയുന്നതുമാണ്.

—തൃശ്ശൂർ സെൻറ്തോമ്മസ് കോളെജ്ദിനം, അഡ്വൈസർ മി. കെ. രാമുണ്ണിമേനോന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു.

# "മലങ്കരസഭയുടെ ഭാവി"

(ഏ. പീലിപ്പോസ് എം. ഏ., ബി. എൽ.)

മേൽ എഴുതിയിരിക്കുന്ന പേരിൽ ആലുവാ യൂണിയൻകോളേജ് റിട്ടയർഡ് പ്രൊഫസർ പെ. ബ. ഫാദർ റ്റി. വി. ജോൺ എം. എ., എൽ. റ്റി. എഴുതിയ ഒരു ചെറിയ പുസ്തകം ഞാൻ ശ്രദ്ധയോടുകൂടി വായിച്ചുതീർത്തു. ബ. ജോൺ അച്ചനോടു എനിക്കു അല്പമായ പരിചയമുള്ളതുകൊണ്ടു അച്ചൻെറ ആശയങ്ങൾ അറിയാനുള്ള കൗതുകത്തോടുകൂടിയാണു ഞാൻ ഈ പുസ്തകം വായിച്ചതു്. ഗൗരവബുദ്ധിയോടും, സ്വതന്ത്രനിലയിലും, ഏതു പ്രശ്നവും വീക്ഷിച്ചു കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിൻെറ സ്വന്തം മാർഗ്ഗത്തിൽക്കൂടിയാണു് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സംഗതികളെയും അദ്ദേഹം കൈകാര്യംചെയ്തിരിക്കുന്നതു്. കോളേജിൽനിന്നും റിട്ടയർചെയ്ത ശേഷം, കിട്ടിയ വിശ്രമവേളയിൽ, ഉള്ള സമയത്തെ തൻെറ സ്വന്തം സഭയുടെ ഭാവിയേയും ഉന്നമനത്തേയുംസ്പർശിക്കുന്ന കാര്യങ്ങൾക്കുവേണ്ടി അദ്ദേഹം ചിലവഴിച്ചതു വളരെ ബഹുമാനാർഹമാണു്. അദ്ദേഹത്തിൻെറ ചരിത്രപാണ്ഡിത്യമാകുന്ന വഴിയിൽക്കൂടിയുമാണു ഈ പ്രശ്നങ്ങളെ അദ്ദേഹം വീക്ഷിച്ചിരിക്കുന്നതു്. മലങ്കരസഭയുടെ സുരക്ഷിതവുംസുഖകരവുമായ ഭാവി കത്തോലിക്കാസഭയോടുള്ള പുനരൈക്യത്തിൽ മാത്രമാണു് അടങ്ങിയിരിക്കുന്നതു് എന്നു അദ്ദേഹത്തിൻെറ പഠനം അദ്ദേഹത്തിനു വഴികാണിച്ചിരിക്കുന്നു.

പോർട്ടുഗീസുകാർ ഇൻഡ്യയിൽ വരുന്നതിനുമുമ്പു കൽദായറീത്തു അനുകരിക്കുന്ന റോമാ അനുസരണത്തിലുള്ള ബാബേൽ പാത്രിയർക്കീസു അയക്കുന്ന മെത്രാന്മാർ ഇവിടെവന്നു ഈ നാട്ടുകാരും, ജനങ്ങളുടെ ഭാഷ അറിയാവുന്നവരുമായ അർക്കദിയാക്കോന്മാരുടെ സഹായത്തോടുകൂടി മലങ്കരസഭയെ അനേകശതവർഷങ്ങൾ ഭരിച്ചിരുന്നു. എന്നാൽ ആർച്ചുബിഷപ്പു മെനിസെസ്സ് (ലത്തീൻറീത്തുകാരൻ) — തെററിദ്ധരിച്ചിട്ടോ, ശരിയായി ധരിച്ചിട്ടോ, ദുർബുദ്ധിയിൽനിന്നോ, എന്നു ഇവിടെ ചിന്തിക്കേണ്ട ആവശ്യമില്ല— ഈസഭയുടെ ഭരണം കൈയേല്ക്കണമെന്നു നിശ്ചയിച്ചു. അന്നത്തെ നാട്ടുവാഴികളുടെ സഹായത്തോടുകൂടി, കത്തോലിക്കാസഭ സ്വീകരിച്ചിട്ടില്ലാത്ത ഉദയമ്പേരൂർ സൂനഹദോസിൽവച്ചു്, അദ്ദേഹത്തിൻെറ ഈ ഉദ്ദേശം ഏറെക്കുറെ സാധിച്ചു. ഈ സൂനഹദോസു് മലങ്കരസഭയെ ആദ്യമായി റോമൻ നുകത്തിൽ ചേർക്കുകയാണു ചെയ്തതു് എന്നുള്ള ആ കളങ്കകുററാരോപണം, പ്രോട്ടസ്റ്റൻറു ചരിത്രകാരന്മാരിൽനിന്നുണ്ടായതിനെ ഇന്നും കൊട്ടിഘോഷിക്കുന്ന സമൂഹങ്ങൾ ഈ നാട്ടിൽ ഇപ്പോഴും ഉണ്ടു്. എങ്കിലും, കൂടുതൽ അറിവു വർദ്ധിക്കുന്തോറും ആ അഭിപ്രായക്കാർ കുറഞ്ഞുകുറഞ്ഞുവരുന്നുണ്ടു്. ലത്തീൻവലയത്തിൽനിന്നു വെളിക്കുചാടി പൂർവ്വികകൽദായവലയത്തിൽ ഉൾപ്പെട്ടു നടന്നുപോകണമെന്നു അന്നുമുതൽ മലങ്കരസഭ ആഗ്രഹിച്ചിരുന്നതിനെയാണു കൂനൻകുരിശുസത്യം ഒരുവിധത്തിൽ സാധിച്ചതു്. പക്ഷെ ഇടയനില്ലാത്ത ആടുകളെപ്പോലെ ആ കുണ്ടാമണ്ടി അവരെ ആക്കിത്തീർത്തു. അതിൽനിന്നും രക്ഷപെടാൻവേണ്ടി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ കള്ളപ്രമാണം ഉണ്ടാക്കി. ആ കള്ളപ്രമാണത്തെ തുടർന്നു പന്ത്രണ്ടു അച്ചന്മാർ ചേർന്നു അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചു. ആ ശാപം ഇന്നുവരേയും തീർന്നിട്ടില്ല. ആ വിഷം ഇറക്കുന്നതിനുള്ള തക്ക വൈദ്യൻ കത്തോലിക്കാസഭമാത്രമാണെന്നു പല പല ന്യായങ്ങൾകൊണ്ടു് ബ: ജോണച്ചൻ ഈ പുസ്തകത്തിൽ സമർത്ഥിച്ചിരിക്കുന്നു. ന്യൂനപക്ഷമായ പുത്തൻകൂർ പിരിഞ്ഞതിൽ പിന്നെ 1) തൊഴിയൂർസഭ, 2) സി. എം. എസ്. സഭ, 3) മാർതോമ്മാസഭ, 4) ഓർത്തഡോക്സ് സഭ, 5) യാക്കോബായസഭ ഇങ്ങനെ അഞ്ചുസഭകൾ പുത്തൻകൂർ ന്യൂനപക്ഷത്തിൽ നിന്നു തന്നെ പിരിഞ്ഞിട്ടുള്ളതിനെ നോക്കുമ്പോൾ, ദൈവത്തിൻെറ കല്പനകൾ അനുസരിക്കാത്തവർ ചിതറിക്കപ്പെടുമെന്നുള്ള ദൈവവചനം എത്ര അർത്ഥവത്തായവിധത്തിൽ നിവൃത്തിക്കപ്പെട്ടുവെന്നു ആർക്കാണു് കാണാൻകഴിയാത്തതു്? എന്നാൽ ദൈവത്തിൻെറ കരുണയാൽ തായിത്തടിയോടു വീണ്ടും യോജിപ്പിക്കാൻ ദൈവംചെയ്ത സഹായമാണു് മാർ ഈവാനിയോസ് കൊളുത്തിയ പുനരൈക്യപ്രസ്ഥാനം എന്നുള്ള പരമാർത്ഥവും ഒന്നിനൊന്നിനു ശക്തിപ്രാപിച്ചുവരുന്നു. ബ: ജോണച്ചൻെറ കത്തോലിക്കാസഭാ പ്രവേശനത്തിൻെറ ഒന്നാമത്തെ പടിയാണു് ഈ ചെറുപുസ്തകം. അദ്ദേഹത്തിൻെറ പുനരൈക്യത്തിൻെറ സുദിനം കാണാൻ സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെ ഞാനും അഭിവാഞ്ഛയോടുകൂടി കാത്തിരിക്കുന്നു. ദൈവം ആ സുദിനം വേഗത്തിൽ വരുത്തട്ടെ. പെ. ബ. ഗീവറുഗീസ് കോർഎപ്പിസ്കോപ്പായുടെ പുനരൈക്യത്തെ അടുത്തു തുടർന്നു് ഈ പുസ്തകം ഇറങ്ങാൻ ഇടയായതു് ദൈവകൃപതന്നെയാണു്. പണ്ഡിതന്മാരും ജനസമ്മതന്മാരുമായ ബ: പട്ടക്കാരുടെ പുനരൈക്യം നക്ഷത്രവെളിച്ചംപോലെ പ്രകാശിക്കുന്ന സത്യമാണു്. പലരും ആ വെളിച്ചത്തെ അനുഗമിക്കും ബ: ജോണച്ചൻ ഈ പുസ്തകം എഴുതിയതു് യാക്കോബായ- ഓർത്തഡോക്സ്സഭയിലെ വന്ദ്യ മേല്പട്ടക്കാരും പട്ടക്കാരും നേതാക്കന്മാരും വായിച്ചറിയുന്നതിനാണു്. യാതൊരു കാര്യലാഭമോ, സേച്ഛാസേവനമോ കൂടാതെ സഭയുടെ നന്മയേയും സുരക്ഷിതമായ ഭാവിയേയുംമാത്രം കരുതി അദ്ദേഹം ചെയ്ത പഠനവും അതിൻെറ ഫലമായ ഈ പുസ്തകവും യാക്കോബായ-ഓർത്തഡോക്സ്സഭയിലെ മേല്പട്ടക്കാരുടേയും മററും കണ്ണുതുറന്നു് അവരുടെ നില ഉള്ളതുപോലെ അവർ കാണാൻ ദൈവം സഹായിക്കട്ടെ.

കാർഡിനൽ ന്യൂമൻെറ മാനസാന്തരത്തെത്തുടർന്നു് ഇംഗ്ലണ്ടിലും മററും അനേകം പണ്ഡിതന്മാർ കത്തോലിക്കാസഭയിൽ പ്രവേശിച്ചുവരുന്നതുപോലെ, ഒരൊഴുക്കിൻെറ ആരംഭമായി ബ: കോർഎപ്പിസ്കോപ്പായുടേയും ബ: ജോണച്ചൻേറയും പുനരൈക്യത്തെ നമുക്കു പ്രതീക്ഷിക്കാം. ദൈവം അതിനു സഹായിക്കട്ടെ. നമുക്കു പ്രാർത്ഥിക്കാം. അതല്ലാതെ നമുക്കു വേറെ ആയുധം ഇല്ലല്ലോ. ദാവീദിൻെറ അഞ്ചു കല്ലുകൾപോലെ, ഗോലിയാത്താകുന്ന ശീശ്മയെ കൊല്ലാൻ, നമ്മുടെ പ്രാർത്ഥനയ്ക്കു കഴിയുമെന്നും നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്

# തിരസ്ക്കരണിക്കുള്ളിൽ

(ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. ഏ.

## പോളണ്ടു്

(തുടർച്ച)

1950 ഏപ്രിൽമാസത്തിൽ പോളണ്ടിലെ മെത്രാന്മാരെല്ലാവരും അടുത്തു സംഭവിക്കാൻപോകുന്ന കമ്മ്യൂണിസ്റ്റ്മർദ്ദനത്തിൻെറ ഭീകരതയെ വിഭാവനംചെയ്തുകൊണ്ടു് സഭയുടെ ദൈനംദിനമുള്ള തിരുക്കർമ്മാനുഷ്ഠാനങ്ങൾ അഭംഗം നിർവ്വഹിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി സഭയും രാഷ്ട്രവും തമ്മിൽ ഒരു സന്ധിയിൽ ഒപ്പുവെച്ചു. ഈ സന്ധിയിലെ വ്യവസ്ഥയനുസരിച്ചു് കമ്മ്യൂണിസ്റ്റ്വിരുദ്ധങ്ങളായ രാഷ്ട്രീയപ്രവർത്തനങ്ങളെ സഭ സഹായിക്കുകയില്ലെന്നും അതിനുപകരം കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു് സഭയ്ക്കു മതസ്വാതന്ത്ര്യവും മതവിദ്യാഭ്യാസസ്വാതന്ത്ര്യവും അനുവദിച്ചുകൊടുക്കാമെന്നും സമ്മതിച്ചിരുന്നു. സന്ധിയിലെ ഈ വ്യവസ്ഥകൾ ഏറെ കഴിയുന്നതിനുമുമ്പു് കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു് ലംഘിച്ചു. 1950 ൽ പ്രസിദ്ധമായ സ്റ്റോക്കുഹോം സമാധാനപ്രസ്ഥാനത്തിനു പോളണ്ടിലെ മെത്രാന്മാർ വഴങ്ങിക്കൊടുക്കാതെ വന്നപ്പോൾ സഭയെഅടിച്ചമർത്തുവാൻ "സെർവൊ പരിപാടിയിലെ ഏററവും അവസാനനടപടി സ്വീകരിക്കുവാൻ ഗവമ്മെൻറു് തീർച്ചയാക്കി. ഉഗ്രമായ മതമർദ്ദനം കത്തോലിക്കരുടെ നേർക്കു അഴിച്ചുവിട്ടു. വൈദികരുടേയും കന്യാസ്ത്രീകളുടേയും സന്യാസസഭകൾ ഗവമ്മെൻറിനാൽ നിയന്ത്രിതങ്ങളായി. വളരെയധികം കത്തോലിക്കാസ്കൂളുകൾ പൂട്ടപ്പെട്ടു. ഗവമ്മെൻറുസ്വാധീനത്തിലുള്ള ദേശീയവൈദികസംഘത്തിനും അതിൻെറ കൂട്ടാളികളായ അൽമായക്കും എല്ലാററിലും മുൻഗണന നൽകപ്പെട്ടു. യുദ്ധത്തിനു മുമ്പു പോളണ്ടിലെ ഫാഷിസ്റ്റ്ക്ലിക്കിൻെറ നേതാവായിരുന്ന ബോൾസ്ലോവ് പിയാസ്റ്റി "പുരോഗമനകത്തോലിക്കാ പ്രവർത്തനസംഘം" എന്ന കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൻെറ നേതാവായി നിയമിതനായി കത്തോലിക്കാ വിശ്വാസികളെ കമ്മ്യൂണിസ്റ്റ് സ്വാധീനത്തിൽ കൊണ്ടുവരികയാണു് ഈ പുരോഗമനപ്രസ്ഥാനത്തിൻെറ ലക്ഷ്യം. ഇവയെല്ലാററിനും പുറമെ വാർസോയിലുള്ള ഗവർമ്മെണ്ടു നിയന്ത്രണത്തിലുള്ള "പാക്സ്" എന്ന പ്രസിദ്ധീകരണാലയത്തിൻെറ പ്രചരണപ്രവാഹം ഊക്കേറിയതായിരുന്നു. മാർക്സിസവും ക്രിസ്തുമതവും തമ്മിലുള്ള സാധർമ്മ്യങ്ങളെ പണ്ഡിതോചിതമായ രീതിയിൽ പ്രതിപാദിക്കുന്ന ലഘുലേഖകൾ രാജ്യത്തിൽ അങ്ങോളമിങ്ങോളം സദാപി പാറിപ്പറന്നുകൊണ്ടിരുന്നു.



For Favours
Received
Mrs. Eliza Francis & Children

1953-ൽ കമ്മ്യൂണിസ്റ്റ്ഭരണാധികാരികൾക്കു അവരുടെ ഭരണം പരാജയപ്പെടുകയാണെന്നു ബോദ്ധ്യമായി. പോളണ്ടിൽ ആകെയുണ്ടായിരുന്ന 10000 വൈദികരിൽ 60 പേർ മാത്രമേ ദേശീയ വൈദികസംഘത്തിൽ ചേരുകയുണ്ടായുള്ളൂ. നിർഭാഗ്യരായ ഈ അറുപതുപേരിൽ ഏതാണ്ടു മിക്കവരുംതന്നെ കമ്മ്യൂണിസ്റ്റ് ജയിലുകളിൽ കിടന്നു ആരോഗ്യംതകർന്നവരായിരുന്നു. കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിൻെറ ഈ പരാജയബോധത്തിൽനിന്നു തിളച്ചുപൊങ്ങിയ നൈരാശ്യവിദ്വേഷങ്ങളാണു് പോളണ്ടിലെ തിരുസഭയുടെ രാജപുത്രനായ കർദ്ദിനാൾ വിഷിൻസ്കിയെ അറസ്റ്റ്ചെയ്തു തടവിലാക്കുവാൻ കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിനെ പ്രേരിപ്പിച്ചതു്. കർദ്ദിനാൾ വിഷിൻസ്കിക്കു പോളിഷ്ജനതയുടെമേലുള്ള അസാമാന്യസ്വാധീനശക്തികൊണ്ടാണു് കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിനു പോളണ്ടിൽ പരാജയം സംഭവിക്കുന്നതു് എന്നാണു് കമ്മ്യൂണിസ്റ്റുകാർ ധരിച്ചുവശായതു്. തന്മൂലം കർദ്ദിനാളിനെ അറസ്റ്റുചെയ്തു കാരാഗൃഹത്തിലടച്ചാൽ ഇടയനില്ലാത്ത ആട്ടിൻകൂട്ടംപോലെ പോളിഷ് ജനത നിരാലംബരായിത്തീരും. അങ്ങനെ അവരുടെ എതിർപ്പുപരിപാടികളെ ശിഥിലമാക്കാം എന്നു കമ്മ്യൂണിസ്റ്റ്കാർക്കൊരു മിഥ്യാബോധമുണ്ടായി. ഫലം നേരെ മറിച്ചായിരുന്നു. കർദ്ദിനാളിൻെറ അറസ്റ്റ് കത്തോലിക്കാവിശ്വാസികളിൽ അത്ഭുതാവഹമായ പ്രത്യാഘാതമുളവാക്കി. ജനങ്ങൾ പൊതുവെ ഏതൊരടിയന്തിരഘട്ടത്തേയും അഭിമുഖീകരിക്കുവാൻ ഒററക്കെട്ടായി അണിനിരന്നു. ഓരോ ഇടവകയിലെ ജനങ്ങളും അവരുടെ ആത്മീയപിതാവിനെ ഗവമ്മെൻറ്അറസ്റ്റിൽനിന്നു തടയുവാൻ എപ്പോഴും പാറാവുനിന്നിരുന്നു. "നെയിപൊകൊളാങ്കി"കന്യകാമഠത്തിലെ കന്യാസ്ത്രീകളെ അവിടെനിന്നോടിച്ചു് ആ കന്യകാമഠം ഒരു ഭ്രാന്താലയമാക്കി മാററുവാൻ കമ്മ്യൂണിസ്റ്റ്പട്ടാളം കുതിച്ചുകയറിയപ്പോൾ "ജരോസ്ലോവി"ലെ കർഷകർ ആ അക്രമണത്തെ എങ്ങനെ ചെറുത്തുനിന്നുവെന്നു അടുത്ത അവസരത്തിൽ പോളണ്ടിൽനിന്നു രക്ഷപെട്ട ഒരു പോളിഷ്കാരൻ വിവരിക്കുന്നുണ്ടു്.

കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിനെതിരായുള്ള കത്തോലിക്കാ എതിർപ്പ് ഒരു ആഭ്യന്തരവിപ്ലവമായി പരിണമിച്ചേക്കുമോ എന്നുള്ള ഭയംകൊണ്ടു് കമ്മ്യൂണിസ്റ്റ്കാർ അവരുടെ നയതന്ത്രങ്ങൾ പെട്ടെന്നു മാററുവാൻ നിർബന്ധിതരായി. അവരുടെ മർദ്ദനപരിപാടി മതാഭ്യസനത്തിൻെറനേർക്കു മാത്രമായി തിരിച്ചുവിട്ടു. 1952 തൊട്ടു വൈദികാഭ്യസനത്തിനുള്ള 59 സെമ്മിനാരികളെ നിർത്തൽചെയ്തു. കത്തോലിക്കാസ്കൂളുകൾ പൂട്ടപ്പെടുകയും മതാഭ്യസനം നിരോധിക്കുകയുംചെയ്തു. 1954 ആഗസ്റ്റ് 20-ാംനു ക്രാക്കോവിലേയും വാർസോവിലേയും പ്രസിദ്ധങ്ങളായ സർവ്വകലാലയങ്ങളുടെ ദൈവശാസ്ത്രബിരുദം കൊടുക്കുവാനുള്ള അധികാരം എടുത്തുകളഞ്ഞു. 1955 ജൂലായിമാസത്തിൽ നിലവിലുള്ള ലുബ്ലാനിലെ ഏകകലാലയത്തിലെ പാഠ്യപദ്ധതിയിൽനിന്നു ദൈവശാസ്ത്രവും കാനോൻനിയമവും വെട്ടിക്കളഞ്ഞു. ഇപ്പോൾ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിൻെറ നിയന്ത്രണത്തിലുള്ള ഒരു ദൈവശാസ്ത്രഅക്കാഡമി "ബെയിലിനി"ൽ ഉണ്ടു്. പോളണ്ടിലെ ദൈവശാസ്ത്രവിദ്യാർത്ഥികളുടെ എണ്ണവും പ്രവർത്തനങ്ങളും എല്ലാം നിയന്ത്രിക്കുന്നതു് കമ്മ്യൂണിസ്റ്റ്സ്വാധീനശക്തിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ അക്കാഡമിയാണ്.

(തുടരും)

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)
(1938-ൽ സ്ഥാപിച്ചതു്)
ഹെഡാഫീസ്: ചങ്ങനാശേരി
ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ,
കാഞ്ഞിരപ്പള്ളി. കോട്ടയം, മണിമല. തിരുവനന്തപുരം.

അഭിവൃദ്ധിപത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിര നിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |
| 1955 | 5,97,150 | 23,61,040 | 31,74,056 | 39,47,506 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.
മാനേജിംഗ് ഡയറക്ടർ

# ഒന്നു പരീക്ഷിച്ചുനോക്കാമോ?

(A· C)

ഭരണങ്ങാനത്തെ സി. അൽഫോൻസാ ഒരു ക്ലബ്ബ്ഫുട്ട് സ്പെഷ്യലിസ്റ്റ് (പിറവിയിൽതന്നെ പാദത്തിൻെറ അടിവശം മേല്പോട്ടു മടങ്ങിയിരിക്കുന്നവരെ സുഖപ്പെടുത്തുന്നവൾ) എന്ന പേരു പണ്ടേതന്നെ ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ടു്. മുപ്പതിൽപ്പരം ആളുകളെ പ്രസ്തുത രോഗത്തിൽനിന്നു അവൾ വിമുക്തരാക്കിയിട്ടുണ്ടെന്നാണു് കണക്കുകളിൽനിന്നു കാണുന്നതു്.

പാദരോഗം സുഖപ്പെടുത്തുന്നതിനുള്ള ഈ പ്രത്യേകശക്തി അവൾക്കു ലഭിച്ചതു് പൊള്ളലേററ സ്വപാദങ്ങളിൽ ഭയങ്കരവേദന അനുഭവിച്ചതുകൊണ്ടാണെന്നാണു് ഊഹിക്കപ്പെടുന്നതു്. ആ ഊഹം ശരിയായിരിക്കാനുമെളുപ്പമുണ്ടു്.

എന്നാൽ പാദംപൊള്ളാൻ ഇടയായതിനു പിമ്പിലുള്ള ചരിത്രത്തിനു അതർഹിക്കുന്നിടത്തോളം പ്രാധാന്യം നൽകപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു്. സ്വന്തമായി പുത്രികളൊന്നും ഇല്ലാതിരുന്ന മാതൃസഹോദരിയാണു് അന്നക്കുട്ടിയെ (അതായിരുന്നു അവളുടെ ആദ്യത്തെ പേരു്) വാത്സല്യപൂർവ്വം വളർത്തിക്കൊണ്ടുവന്നിരുന്നതു്. സുന്ദരിയും സുശീലയുമായിരുന്ന അവളെ ഏതെങ്കിലും ഒരു നല്ല തറവാട്ടിലേക്കു വിവാഹം ചെയ്തയയ്ക്കണമെന്നായിരുന്നു വളർത്തമ്മയുടെ നിർബന്ധം. എന്നാൽ അന്നക്കുട്ടിക്കു് അതിനു തീരെ മനസ്സുണ്ടായിരുന്നില്ല. ബാല്യംമുതൽ ഒരു കൊച്ചു മാലാഖാകണക്കെ നിർമ്മലയായി ജീവിച്ചിരുന്ന അവൾ ദൈവപ്രേരണയാൽ തൻെറ കന്യാത്വം ആത്മനാ മിശിഹാക്കു നേർന്നിട്ടുണ്ടായിരുന്നു.

പ്രസ്തുത വിവരം "അമ്മ"യെ അറിയിച്ചു കേണപേക്ഷിച്ചിട്ട് യാതൊരു ഫലവുമുണ്ടായില്ല. അവർ വിവാഹാലോചന മുറയ്ക്കു നടത്തിക്കൊണ്ടുതന്നെയിരുന്നു. എങ്ങനെയെങ്കിലും കാര്യം നേടണമെന്നുള്ള ഉദ്ദേശത്തോടെ അന്നക്കുട്ടി ഉപവസിക്കയും പ്രാർത്ഥിക്കയും പലരെക്കൊണ്ടും ശുപാർശപറയിക്കയും ചെയ്തുനോക്കി. എന്നിട്ടും ഫലം നാസ്തി. അവസാനം തൻെറ സൗന്ദര്യം നശിപ്പിച്ചെങ്കിലും രക്ഷനേടണമെന്നു അവൾ തീരുമാനിച്ചു.

അതിനു എന്തുചെയ്യണമെന്നാലോചിച്ചപ്പോൾ അവിടെ ഒരു കുഴിയിൽ ഉമ്മിത്തീയെരിഞ്ഞുകൊണ്ടിരിക്കുന്നതിൻെറ ഓർമ്മവന്നു. ഉത്തരക്ഷണത്തിൽ അവൾ കുഴിയെ സമീപിച്ചു് അതിൻെറ വക്കിൽ ഇരുന്നുകൊണ്ടു് ഒരു പാദംമാത്രം അല്പം പൊള്ളിക്കാമെന്നു കരുതി കാലുനീട്ടി. അപ്പോൾ യാദൃച്ഛികമായി കുഴിയിൽ വീഴുകയും മുട്ടററം ഉമ്മിത്തീയിൽപ്പെട്ടു ഇരുപാദങ്ങളും പൊള്ളലേല്ക്കാൻ ഇടയാകുകയുംചെയ്തു: മൂന്നുമാസം കഠിനവേദനയനുഭവിച്ചതിനുശേഷമേ വ്രണം കരിഞ്ഞുള്ളു. എങ്കിലും അവളുടെ ഉദ്ദേശം സാധിച്ചു.

ഇവിടെ ഒരു സംഗതി വ്യക്തമാണു്. അവൾ വേദന അനുഭവിക്കേണ്ടിവന്നതു പാദത്തിലാണെങ്കിലും അതിനുള്ള യഥാർത്ഥകാരണം നിർമ്മലമായ കന്യാത്വം പാലിക്കുന്നതിനുള്ള തീവ്രമായ ആഗ്രഹമായിരുന്നു.

പാദങ്ങളിൽ വേദന സഹിച്ചുവെന്ന കാരണത്താൽ പാദരോഗം സുഖപ്പെടുത്താനുള്ള ശക്തി ദൈവത്തിൽനിന്നു പ്രാപിച്ചിട്ടുള്ള നമ്മുടെ സഹോദരിക്കു ആ സഹനത്തിൻെറ പ്രഥമപ്രേരകമായിട്ടുള്ള കന്യാത്വസംരക്ഷണകാര്യത്തിൽ മററുള്ളവരെ സഹായിക്കുന്നതിനുള്ള വരവും സ്വർഗ്ഗീയപിതാവു കൊടുത്തിരിക്കാൻ ഇടയുണ്ടെന്നു അനുമാനിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

ഈ നിഗമനത്തിനു ശക്തികൂട്ടുന്ന ഒരു വസ്തുതയാണു് അവൾക്കു മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം ഒരിക്കലും നശിപ്പിച്ചിട്ടില്ലെന്നുള്ളതു്. മഹാഭൂരിപക്ഷം ആളുകളും അശുദ്ധപാപങ്ങൾ വഴിയാണല്ലോ ദൈവേഷ്ടപ്രസാദം നഷ്ടമാക്കുന്നതു്. സി. അൽഫോൻസാ ആ വിപത്തിൽ പെടാതിരിക്കുന്നതിനായി ചെറുപ്പംമുതൽ സുധീരം പോരാടിയിട്ടുണ്ടെന്നു അവളുടെ ചരിത്രം സാക്ഷിക്കുന്നു. അവൾ മഠത്തിൽ ചേരുന്നതിനുമുൻപു ഒരിക്കൽ തന്നെ സ്പർശിക്കാൻ ഭാവിച്ച ഒരു യുവാവിൻെറ കന്നത്തു് ഒരടികൊടുത്തു. മറെറാരാളുടെ മാതാപിതാക്കന്മാരെ വിവരമറിയിച്ചു കണക്കിനു പ്രഹരിപ്പിച്ചു. മഠത്തിൽ ചേർന്നതിനുശേഷം രോഗിണിയായി ആസ്പത്രിയിൽ കിടക്കുമ്പോൾ ഒരു ഡോക്ടറെ ചെറുത്തുനില്ക്കുകയുമുണ്ടായിട്ടുണ്ടു്.

ഏതെങ്കിലും ഒരു പുണ്യവാൻ ഒരു പ്രത്യേകപുണ്യം കൂടുതൽ നിഷ്കർഷയോടുകൂടി അഭ്യസിച്ചിട്ടുണ്ടെങ്കിൽ അതേ പുണ്യാഭ്യാസത്തിനു തൻെറ ആശ്രിതരെ സഹായിക്കുന്നതിനുള്ള ശക്തി ദൈവം അദ്ദേഹത്തിനു പ്രദാനം ചെയ്യാറുണ്ടു്. അതുകൊണ്ടാണല്ലോ വി. ളൂയിസ് ഗൊൺസാഗായെ ശുദ്ധത കാക്കാനാഗ്രഹിക്കുന്നവരുടെ മദ്ധ്യസ്ഥനായി പരിഗണിക്കാറുള്ളതു്. ആ ന്യായത്താൽതന്നെ സി. അൽഫോൻസാക്കും പ്രസ്തുത വിഷയത്തിൽ നമ്മെ സഹായിക്കാൻ കഴിവുണ്ടായിരിക്കണമെന്നു് കഴിഞ്ഞ 1956 ആഗസ്റ്റ്മാസത്തിൽ ഭരണങ്ങാനത്തുനിന്നു ആദ്യമായി പുറപ്പെട്ട "പാഷൻഫ്ളവർ" എന്ന ഇംഗ്ലീഷ് ത്രൈമാസികം പ്രഥമലക്കത്തിൽ വെരി റവ. ഡോക്ടർ ജെ. സി. കാപ്പൻ എഴുതിയിരുന്ന സംക്ഷിപ്തചരിത്രം വായിച്ചപ്പോൾ ഈ എഴുത്തുകാരനു തോന്നി.

ഇതിനകം അതുസംബന്ധിച്ചു് ചില പരീക്ഷണങ്ങളും നടത്താതിരുന്നില്ല. ഫലം പ്രോത്സാഹജനകമായിരുന്നു. ശുദ്ധതയുടെ വിഷയത്തിൽ പരാജയമടഞ്ഞിരുന്ന ചിലർ സി. അൽഫോൻസായുടെ നൊവേന നടത്തിയതിൻെറ ഫലമായി ശക്തിപ്രാപിച്ചതായി അവകാശപ്പെടുന്നുണ്ടു്. വേറെ ഏതാനും പേരുകൂടി ഒന്നു പരീക്ഷിച്ചുനോക്കി ഫലപ്രദമെന്നു കാണുന്ന പക്ഷം വിവരം ഭരണങ്ങാനത്തു അറിയിക്കാമെങ്കിൽ നന്നായിരിക്കും. അശുദ്ധതയുടെ പ്രളയത്തിൽ മുങ്ങി മരിക്കാൻപോകുന്ന പലരേയും രക്ഷിക്കുന്നതിനു ദൈവത്താൽ നിയുക്തയല്ലയോ സി. അൽഫോൻസായെന്നാരറിഞ്ഞു?

സംഭവകഥ

# പോർട്ടറുടെ സംതൃപ്തി

(എം. എക്സ്. ഫ്റാൻസീസ്, എരനെല്ലൂർ)

എറണാകുളത്തേക്കു മടങ്ങുന്ന ആ വൈദികൻ മദ്രാസിലെ സെൻട്രൽസ്റ്റേഷനിൽവച്ചു് തീവണ്ടിയിൽ കയറുവാനുള്ള തിരക്കത്തിനിടയിൽ തൻെറ കൊച്ചുകിടക്കയും പെട്ടിയും സ്റ്റേഷൻവരെ കൊണ്ടുവന്ന പോർട്ടർക്കു് കൂലികൊടുക്കുന്നതിനായി തൻെറ കീശയിൽ കൈയിട്ടു. കിട്ടിയ മൂന്നണ ആ പോർട്ടറുടെ കൈയിലേക്കു കൊടുത്തു. യാതൊരു കണക്കുംപറയാതെ കിട്ടിയതു വാങ്ങി തിരിച്ചുപോകാൻ തുടങ്ങിയ പോർട്ടരുടെനേർക്കു് അദ്ദേഹത്തിൻെറ വാത്സല്യപൂർവ്വകമായ ശ്രദ്ധപതിഞ്ഞു. അദ്ദേഹം പറഞ്ഞു:- "സഹോദരാ താൻ ദൈവത്തോടു പ്രാർത്ഥിക്കുന്നുണ്ടോ? കിടക്കാൻ നേരത്തു് "ദൈവമേ, ഞാൻ ഇന്നു ചെയ്ത പാപങ്ങളെല്ലാം ക്ഷമിക്കേണമേ" എന്നും, കാലത്തെണീക്കുമ്പോൾ "ദൈവമേ, ഇന്നു എന്നെ നല്ല വഴിക്കു നടത്തേണമേ" എന്നും അവിടുത്തോടു അപേക്ഷിക്കണം." "ഓ" എന്നുംപറഞ്ഞു അയാൾ പോയി ജനക്കൂട്ടത്തിനിടയിൽ മറഞ്ഞു.

ഇതിനിടയ്ക്കു അച്ചനിരുന്ന കംപാർട്ടുമെൻറു് ആളുകളെക്കൊണ്ടു നിറഞ്ഞു. അച്ചൻ തൻെറ മന്ത്രാരപുസ്തകമെടുത്തു് പ്രാർത്ഥിക്കുവാൻ തുടങ്ങി. അപ്പോൾ ആരോ അടുത്തുവന്നു: "അച്ചൻ ദയവുചെയ്തു ഒന്നു പുറത്തേക്കു വരണം" എന്നു താണസ്വരത്തിൽ പറഞ്ഞു. അച്ചൻ തലയുയർത്തിനോക്കി; അതേ. ആ പോർട്ടർതന്നെ. അവൻ രണ്ടാമതും തൻെറ അടുക്കൽ വന്നതെന്തിനാണു്? കൊടുത്ത കൂലി പോരാഞ്ഞിട്ടായിരിക്കുമോ? അല്ലെങ്കിൽ തന്നിൽനിന്നും എന്തു പ്രതീക്ഷിച്ചിട്ടാണു് അവൻ തിരിച്ചുവന്നിരിക്കുന്നതു്. ഏതായാലും നാലണ തികച്ചുകിട്ടാഞ്ഞിട്ടായിരിക്കാം, എന്നുള്ള ധാരണയിൽ കീശയിൽനിന്നു നാലു കാലണത്തുട്ടുകളെടുത്തുകൊണ്ടു് അച്ചൻ അവൻെറനേർക്കു് നീട്ടി.

വലത്തുകൈ പുറകോട്ടുവലിച്ചു് "ഇതെന്തിനാണു്?" എന്നവൻ ചോദിച്ചു. മാത്രമല്ല അവൻ ചിന്താകുലനായി കുറച്ചുനേരം നിന്നുകൊണ്ടു്, "അച്ചൻ ഒന്നു പുറത്തേക്കു വരണെ" എന്നു് ആവർത്തിച്ചു. പക്ഷെ താനാസ്ഥലത്തുനിന്നെണീററാൽ ഉണ്ടാകാവുന്ന അസൗകര്യങ്ങളെ പരിഗണിച്ചു് അദ്ദേഹം പോർട്ടറെ അടുത്തുവിളിച്ചു് തൻെറ കാതിൽ കാര്യം രഹസ്യമായി പറയുവാൻ നിർദ്ദേശിച്ചു.

"എൻെറ അച്ചാ, ഞാൻ നല്ലവനായി ജീവിക്കുവാൻ ശ്രമിക്കാറുണ്ടു്. ഒന്നും ഫലപ്പെടുന്നില്ല. സകല സ്ഥലങ്ങളിലും വഞ്ചനയും വക്രതയും പ്രതികാരവുമാണു് കാണുന്നതു്. പലപ്പോഴും എന്നെ ആളുകൾ ചതിക്കയും ഉപദ്രവിക്കയും ചെയ്യുന്നു. ഇതിനു് എന്താണു ഒരു പ്രതിവിധി?"

അവൻെറ ഏയാന്തർഗതത്തിൽനിന്നും ഇടതടവില്ലാതെ പുറത്തുവന്ന ആവലാതികൾ ശ്രദ്ധിച്ചുകേട്ട വൈദികൻ ചോദിച്ചു:

"ആട്ടെ നിൻെറ പേരെന്താണു്?"

പോ:- "മുനിസ്വാമി."

വൈ:- "നീ എന്തു ജാതിയാണു്?"

പോ: "എനിക്കറിഞ്ഞുകൂടാ."

വൈ:- "ശരി. എന്താണു് നിന്നെ ജനങ്ങൾ വഞ്ചിക്കയും ഉപദ്രവിക്കയും ചെയ്യുന്നതിനു് കാരണം? അവർക്കു സന്മനസ്സും സഹോദരസ്നേഹവും ഇല്ലാഞ്ഞിട്ടായിരിക്കാം. അതിനു് നമുക്കു ഒരു കാര്യം ചെയ്യാം (കീശയിൽ കൈയിട്ടു് ക്രിസ്തുവിൻെറ ഒരു ക്രൂശിതരൂപം എടുത്തിട്ടു്) ഇതാ നോക്കൂ: നീങ്ങളെപ്പോലെ ജോലിയെടുത്തു ജീവിച്ച ഒരുത്തമ തൊഴിലാളി. ഇദ്ദേഹം 30 വയസ്സുവരെ ആശാരിപ്പണിചെയ്തു, ആരെയും വഞ്ചിക്കാതെ എല്ലാവരെയും സ്നേഹിച്ചു ജീവിച്ച ഒരു തൊഴിലാളിയാണു്. ഇദ്ദേഹം ദൈവമായിരുന്നു. മനുഷ്യനായി അവതരിച്ചു നമുക്കു് വഴികാണിക്കുവാൻ വന്ന ആളാണു്. ഇദ്ദേഹത്തെപ്പോലെ എല്ലാവരേയും സ്നേഹിച്ചു് എല്ലാവരോടും ക്ഷമിച്ചു് സമാധാനമായി ജോലിചെയ്യുവാൻ ശ്രമിക്കൂ. നീ മററുള്ളവരെ സ്നേഹിച്ചാൽ ക്രമേണ അവർ നിന്നെയും സ്നേഹിക്കും. സ്നേഹമുള്ളിടത്തു് വഞ്ചനയ്ക്കും വക്രതയ്ക്കും സ്ഥാനമില്ല."

ഉൽക്കണ്ഠ, നിസ്സഹായത ഇവമൂലം ദയനീയാവസ്ഥയിലിരുന്ന പോർട്ടറുടെ മുഖം വൈദികൻെറ സാന്ത്വനവാക്കുകൾമൂലം പ്രകാശമാനമായി. മുഖത്തു് ആശ്വാസത്തിൻെറ ലാഞ്ഛനയുണ്ടായി. വൈദികൻ വീണ്ടും ഓർപ്പിച്ചു: "ദൈവത്തിൽ വിശ്വസിച്ചു് അങ്ങിൽ ശരണപ്പെടുക. കിടക്കാൻ പോകുമ്പോൾ, ദൈവമേ, ഞാൻ ഇന്നു ചെയ്ത തെററുകൾ എന്നോടു് ക്ഷമിക്കേണമേ എന്നു പറയുക. കാലത്തെണീക്കുമ്പോൾ ദൈവമേ, ഇന്നുനല്ലവഴിയിൽ നടക്കാൻ എന്നെ സഹായിക്കേണമെ" എന്നും പ്രാർത്ഥിക്കുക. നല്ലപോലെ പണിയെടുക്കയും വേണം."

ഇത്രയും പറഞ്ഞുകൊണ്ടു് വൈദികൻ തൻെറ കൈയിലിരുന്ന നാലു കാലണത്തുട്ടുകൾ അവൻെറ കൈയിൽ വച്ചുകൊടുത്തു. അവൻ മനസ്സില്ലാമനസ്സോടെ അതു വാങ്ങിച്ചു് ധൃതിയിൽ നടന്നുമറയുകയും ചെയ്തു.

—o—

## പ്രോട്ടസ്റ്റൻറുകാർക്കു് അഭിനന്ദനം

കമ്മ്യൂണിസത്തിനെതിരായി കിഴക്കെ ജർമ്മനിയിലെ പ്രോട്ടസ്റ്റൻറുകാർ സ്വീകരിച്ചിരിക്കുന്ന ഉറച്ച നിലപാടിനെ വത്തിക്കാൻറേഡിയോ ഈയിടെ പ്രശംസിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ്മർദ്ദനത്തിൽ അവിടത്തെ കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും ഒന്നുപോലെ മർദ്ദനമനുഭവിക്കുകയാണെന്നു റേഡിയോ ചൂണ്ടിക്കാണിച്ചു. കിഴക്കെജർമ്മനിയിലെ ഇവാൻജലിക്കൽചർച്ചിൽനിന്നു കമ്മ്യൂണിസ്റ്റധികാരികൾ 8 ലക്ഷം പവൻ ആദായനികുതിയെന്നുപറഞ്ഞു് വസൂലാക്കി. സാമ്പത്തികാനുശാസനങ്ങളുടെ ഫലമായി, കത്തോലിക്കരുടെയെന്നപോലെ, പ്രോട്ടസ്റ്റൻറുകാരുടേയും ആശുപത്രികളും സ്കൂളുകളും അടച്ചിടേണ്ടിവന്നിരിക്കുകയാണു്. "നമ്മുടെ വിയുക്തസഹോദരന്മാർ ഭയങ്കരമായ പീഡനമാണു് അനുഭവിക്കുന്നതു്. കമ്മ്യൂണിസ്റ്റ് മഹാസമുദ്രത്തിൽ ഒററതിരിക്കപ്പെട്ടിരിക്കുന്ന ബർലിനും അതിലെ പൗരന്മാരും നമ്മുടെ സഹാനുഭൂതിയേയും പ്രാർത്ഥനകളേയും അർഹിക്കുന്നു"എന്നാണു് റേഡിയോ തുടർന്നു പ്രസ്താവിച്ചതു്.





## കാത്തലിക്ക് യൂണിയൻ ബാങ്ക് ലിമിററഡ്

### ഹെഡാഫീസ്: മാള

കേരള സംസ്ഥാനത്തു് ക്ലിപ്തബാദ്ധ്യതയോടുകൂടി രജിസ്റ്റാക്കപ്പെട്ടതു്.

ബ്രാഞ്ചുകൾ: അങ്കമാലി, ആലുവാ, ഇരിഞ്ഞാലക്കുട, കാലടി, ചാലക്കുടി, ചേർപ്പ്, തൃശ്ശൂർ, N. പറൂർ, & മാള.

| | | | |
|---|---|---|---|
| അധികൃത മൂലധനം | ക. 1000000 | ഫണ്ടുകൾ | ക. 114384 |
| വിററ മൂലധനം | ക. 400000 | ഡിപ്പോസിററുകൾ | ക. 2768032 |
| പിരിഞ്ഞ മൂലധനം | ക. 178500 | പ്രവർത്തക മൂലധനം | ക. 3229127 |

### നോട്ടീസ്

### കൊല്ലക്കുറി

ബ. കേരളാ സ്റ്റെയ്ററു് ഗവമ്മെണ്ടിൻെറ 4-1-1957-ലെ D. Dis. 133233/56-ാം നമ്പ്രായി അനുവാദം സിദ്ധിച്ച കുറി.

നറുക്കു് 1ക്കു 1000 ക. 32 നറുക്കു് 16 തവണ നറുക്കു് കിട്ടുന്നവർക്കു് 12500 ക.
രണ്ടു ഡിവിഷൻ ഒരു നറുക്കു് എടുപ്പു് ഒരു നറുക്കു് ലേലം

**സ്ഥിരപലിശ 4995 ക.**

1957 ഏപ്രിൽ 1-ാംനു- ടി കുറി ഇരിഞ്ഞാലക്കുട ബ്രാഞ്ചിൽ വെച്ചു് നടത്തുന്നതാകുന്നു. കുറിയിൽ 31 ക. 4ണ യുടെ (32-ൽ ഒരംശം) വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ടി ആഫീസുകളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണു്. ഫോൺ ഉള്ള ആഫീസുകളും ഫോൺ നമ്പറും താഴെ ചേർക്കുന്നു. തൃശ്ശൂർ 349, ഇരിഞ്ഞാലക്കുട 39, ചാലക്കുടി 43, ആലുവാ 129.

മാള, 18-1-1957 മാനേജിംഗ് ഡയറക്ടർ

# ചോദിച്ചാൽ പറയാം

80. ചോ: മാമ്മോദീസാ മുങ്ങി ഉത്ഭവദോഷത്തിൽനിന്നും മോചിതരാകാത്ത ശിശുക്കൾ മരിച്ചാൽ ആത്മാവ് എവിടെപ്പോകും? അവർക്കായി ഇരുട്ടുകുഴി എന്നൊരു സ്ഥാനം ഉള്ളതായി സഭ പഠിപ്പിക്കുന്നുണ്ടോ?

(സി. എം. ജെ ഈരാററുപേട്ട)

ഉ: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഒരു മനുഷ്യൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ, ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴിയുകയില്ല" (യോഹ: III 5) എന്നാണു ക്രിസ്തു പഠിപ്പിച്ചിരിക്കുന്നത്. "അശുദ്ധനും മ്ളേച്ഛതയും വ്യാജവും പ്രവർത്തിക്കുന്നവനുമായ ഒരുവനും" സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലായെന്നു വെളിപാടുപുസ്തകത്തിലും (XXI 27) എഴുതപ്പെട്ടിരിക്കുന്നു. ദൈവരാജ്യം, പിതാവിന്റെ രാജ്യം, ദൈവത്തിന്റെ നഗരം എന്നെല്ലാം വിളിക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തിൽ പാപമാലിന്യത്തോടുകൂടിയ യാതൊന്നിനും പ്രവേശിക്കുക സാദ്ധ്യമല്ലെന്നുള്ളതു അനുഭവസിദ്ധമാണല്ലോ. എല്ലാ മനുഷ്യരും ഉത്ഭവപാപത്തോടുകൂടിയാണു ജനിക്കുന്നതു്. മാമ്മോദിസാ മുങ്ങാതെ മരിക്കുന്ന ശിശുക്കൾ ഉത്ഭവപാപത്തോടുകൂടിയാണു മരിക്കുന്നതു്. അതിനാൽ അവരുടെ ആത്മാവുകൾക്കു യഥാർത്ഥമായ സ്വർഗ്ഗസൗഭാഗ്യം ലഭിക്കുക സാദ്ധ്യമല്ല.

എന്നാൽ അങ്ങനെയുള്ള ആത്മാവുകൾ നരകത്തിനു ശിക്ഷിക്കപ്പെടുകയില്ല. യാതൊരു കർമ്മപാപത്തിന്റെയും മാലിന്യമില്ലാത്ത ആ ആത്മാവുകൾ സൗഭാഗ്യാവസ്ഥയിൽതന്നെയാണു കഴിഞ്ഞുകൂടുന്നതു്. ദൈവത്തെ അഭിമുഖമായി കാണുകയെന്നതൊഴികെയുള്ള സൗഭാഗ്യങ്ങളെല്ലാം അവർക്കു ലഭിക്കുന്നുണ്ടെന്നാണു പല വേദശാസ്ത്രികളുടെയും അഭിപ്രായം. ഈ അവസ്ഥയെ "ലിംബോ", "അബ്രാഹത്തിന്റെ മടി", "പറുദീസാ" മുതലായ പദങ്ങൾകൊണ്ടു ക്രിസ്തുതന്നെ നിർവ്വചിച്ചിട്ടുണ്ടു്. നീതിമാനായ ദരിദ്രൻ മരിച്ചപ്പോൾ ദൈവദൂതന്മാർ അവനെ അബ്രാഹത്തിന്റെ മടിയിലേക്കാണല്ലോ കൊണ്ടുപോയതു്. (ലൂക്കാ XVI 22) മിശിഹാ തന്റെ മരണംകൊണ്ടു സ്വർഗ്ഗവാതിൽ തുറന്നതുവരെ, ക്രിസ്തുവിനുമുൻപുണ്ടായിരുന്ന വിശുദ്ധന്മാരുടെ ആത്മാവുകൾ പാർത്തിരുന്ന വിശ്രമസ്ഥാനം, നമ്മുടെ കർത്താവു് ഇറങ്ങിയതായി വിശ്വാസപ്രമാണത്തിൽ പറഞ്ഞിരിക്കുന്ന "പാതാളം" ഇതാകുന്നു.

ലിംബോ എന്ന പദത്തിനു അതിരു് എന്നാണർത്ഥം. അതിനാൽ ലിംബോ സ്വർഗ്ഗത്തിന്റെ അതിർത്തിയിലുള്ള ഒരവസ്ഥ എന്നു് ആലങ്കാരികമായി പറയാം. സ്വർഗ്ഗീയസൗഭാഗ്യം ഒരേതരത്തിലുള്ളതല്ലല്ലോ. "എന്റെ പിതാവിന്റെ ഭവനത്തിൽ വളരെ വാസസ്ഥലങ്ങൾ ഉണ്ടു്" (യോഹ: XIV, 2 എന്നു ക്രിസ്തുതന്നെ പഠിപ്പിച്ചിരിക്കുന്നു. "സൂര്യന്റെ തേജസ്സു വേറെയാകുന്നു; ചന്ദ്രന്റെ തേജസ്സു വേറെയാകുന്നു; നക്ഷത്രങ്ങളുടെ തേജസ്സും വേറെ. ഒരു നക്ഷത്രം മറെറാരു നക്ഷത്രത്തെ തേജസ്സിൽ അതിശയിക്കുകയും ചെയ്യുന്നു. മരിച്ചവരുടെ ഉയിർപ്പും ഇപ്രകാരം തന്നെ" (I കോറി XV, 1,42) എന്നു വിശുദ്ധ പൗലോസ് പറയുന്നു. ആകയാൽ കുറഞ്ഞ പദവിയിലുള്ള ഒരു ഭാഗ്യാവസ്ഥ മാമ്മോദീസാ ലഭിക്കാതെ മരിക്കുന്ന ശിശുക്കളുടെ ആത്മാവുകൾക്കു ലഭിക്കുകയെന്നതു ദുർഗ്രഹമായ ഒരു വിഷയമല്ല.

മാമ്മോദീസാ സ്വീകരിക്കാതെ മരിക്കുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലായെന്നതു സഭയുടെ ഒരു വിശ്വാസസത്യമാകുന്നു. അതിനാൽ മാമ്മോദീസാ മുങ്ങാതെ മരിക്കുന്ന ശിശുക്കളുടെ അനന്തരാവസ്ഥയെക്കുറിച്ചു വേദശാസ്ത്രികൾ വളരെയധികം ചർച്ച നടത്തിയിട്ടുണ്ടു്. അവരുടെ നിഗമനങ്ങളെ മൂന്നായി തരംതിരിക്കാം. (1) ലിംബോയിൽ ഇന്ദ്രിയപരമായ വേദനകളോ ദുരിതങ്ങളോ ഉണ്ടായിരിക്കുന്നില്ല. സ്വബുദ്ധി ഉപയോഗിച്ചു കർമ്മപാപങ്ങൾ ചെയ്യുന്നവർക്കുള്ള ഇത്തരം ശിക്ഷ ശിശുക്കൾ അർഹിക്കുന്നില്ലല്ലൊ. (2) സ്വർഗ്ഗം നഷ്ടപ്പെട്ടതിലുള്ള സങ്കടം അവരനുഭവിക്കുന്നില്ല. ദൈവത്തെ ഉപേക്ഷിച്ചു ജീവിച്ചവർക്കല്ലേ ദൈവം നഷ്ടപ്പെടുന്നതിലുള്ള വേദന അനുഭവിക്കേണ്ടതുള്ളു. ശിശുക്കൾ ഒരിക്കലും ദൈവത്തെ ഉപേക്ഷിച്ചിട്ടില്ല. നഷ്ടം സംബന്ധിച്ച യാതൊരു വേദനയും ഇവർക്കില്ലായെന്നാണു വിശുദ്ധ തോമ്മസ് അക്വിനാസ് പറയുന്നതു്. എന്തെങ്കിലും നഷ്ടപ്പെട്ടുവെന്നു് അറിയുന്നവർക്കല്ലേ അതേപ്പററി വേദനയുണ്ടാകൂ. (3) തങ്ങൾക്കു ലഭിച്ചിരിക്കുന്ന സ്വാഭാവികാനന്ദംകൊണ്ടു അവർ പരിപൂർണ്ണ സംതൃപ്തരാണു്. കർമ്മപാപത്തിൽനിന്നും നരകശിക്ഷയിൽനിന്നും ദൈവം തങ്ങളെ കാത്തുരക്ഷിച്ചതിൽ അവർ സന്തോഷിക്കും. അവർ ദൈവത്തെ കാണുന്നില്ല; എന്നാൽ അവിടുത്തെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവയെ കാണുന്നുണ്ടു്. ദൈവത്തിന്റെ സൗന്ദര്യം അവർ ദർശിക്കുന്നില്ല; എന്നാൽ അവിടുത്തെ തിരിഞ്ഞെടുക്കപ്പെട്ടവരിൽ പ്രതിഫലിക്കുന്ന അവിടുത്തെ സൗന്ദര്യം അവർ കാണുന്നു.

തന്റെ സ്വന്തം മതാനുശാസനപ്രകാരം നല്ലജീവിതം നയിക്കുന്ന അക്രൈസ്തവൻ, ചില പരിതസ്ഥിതികളിൽ സ്വർഗ്ഗത്തിൽ പോകുമെന്നുള്ള സ്ഥിതിക്കു്, മാമ്മോദീസാമുങ്ങാത്ത ശിശുവിന്റെ ആത്മാവും സ്വർഗ്ഗത്തിൽ പോകേണ്ടതു് സാമാന്യനീതിക്കുപോലും ആവശ്യമല്ലേയെന്നും പ്രായമാകുന്നതുവരെ ജീവിക്കാത്തതു് ആ ശിശുക്കളുടെ കുററമാണോയെന്നും ചോദ്യകർത്താവു തുടന്നു ചോദിക്കുന്നുണ്ടു്. മനുഷ്യനു് അവന്റെ സ്വായത്തമായ യോഗ്യതകൊണ്ടു് അവകാശപ്പെട്ട ഒന്നായിരുന്നു സ്വർഗ്ഗമെങ്കിൽ ഈ ചോദ്യത്തിനു പ്രസക്തി ഉണ്ടായിരുന്നു. പക്ഷെ സ്വർഗ്ഗസൗഭാഗ്യം ദൈവത്തിന്റെ ഒരു ദാനമാണു്. അവിടുത്തെ പ്രമാണങ്ങളനുഷ്ഠിക്കുകയും ഉപദേശങ്ങളനുസരിക്കുകയും ചെയ്യുന്നവർക്കു അവിടുന്നു സൗജന്യമായി നൽകുന്ന ഒരു ദാനം. ദാനമായതുകൊണ്ടു അവകാശമായി ചോദിക്കുവാൻ ആർക്കും അർഹതയില്ലല്ലോ. തന്മൂലം മാമ്മോദീസാ മുങ്ങാതെ മരിക്കുന്ന ശിശുക്കൾക്കു സ്വർഗ്ഗഭാഗ്യം ലഭിക്കാത്തതു് ഒരു വിധത്തിലും സാമാന്യനീതിക്കു് എതിരായിരിക്കുന്നില്ല.

സ്വന്തം മതശാസനപ്രകാരം നല്ല ജീവിതം നയിക്കുന്ന ഒരു അക്രൈസ്തവൻ ചില പരിതസ്ഥിതികളിൽ സ്വർഗ്ഗത്തിൽ പോകുമെന്നു സഭ പഠിപ്പിക്കുന്നതു്, അവൻ ആഗ്രഹത്താലെയുള്ള മാമ്മോദീസ സ്വീകരിക്കുന്നു എന്നതുകൊണ്ടാണു്. ക്രിസ്തുവിനെപ്പററി അറിഞ്ഞിരുന്നുവെങ്കിൽ അവിടുത്തെ അവൻ അനുഗമിക്കുമായിരുന്നു എന്ന പരിതസ്ഥിതിയിലാണു് അങ്ങനെയുള്ളവർക്കു സ്വർഗ്ഗഭാഗ്യം ലഭിക്കുമെന്നു പറയുന്നതു്. അതുതന്നെയാണല്ലോ ആഗ്രഹത്താലെയുള്ള മാമ്മോദീസാ.

81. ചോ: പിശാചുണ്ടെന്നുള്ളതു് അന്ധവിശ്വാസമല്ലേ? അതോ കത്തോലിക്കൻ അവശ്യം വിശ്വസിക്കേണ്ട ഒരു പാഠമാണോ?

(സി എം ജെ ഈരാററുപേട്ട)

ഉ: പിശാചു് ഉണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. ദൈവം പിശാചുക്കളെ പിശാചുക്കളെന്ന നിലയിൽ സൃഷ്ടിച്ചതല്ല. അവിടുന്നു മാലാഖമാരെയാണു സൃഷ്ടിച്ചതു്. എന്നാൽ ലൂസിഫറിന്റെ നേതൃത്വത്തിൽ ഒരു ഗണം മാലാഖമാർ, അഹങ്കാരപ്രേരിതരായി, ദൈവാജ്ഞയെ ലംഘിക്കുകയാൽ, ദൈവം അവരെ പിശാചുക്കളാക്കുകയും നരകശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു. "സാത്താൻ ഇടിമിന്നൽപോലെ ആകാശത്തുനിന്നു വീണതു ഞാൻ കണ്ടിരുന്നു" (ലൂക്കാ X, 18) എന്നു് ക്രിസ്തു അരുളിച്ചെയ്തിട്ടുണ്ടു്. "തങ്ങളുടെ ആധിപത്യം കാത്തുകൊള്ളാതെ, തങ്ങളുടെ വാസസ്ഥലം ഉപേക്ഷിച്ച ദൂതന്മാരെ, വലിയദിവസത്തിലെ ശിക്ഷാവിധിക്കായി എന്നേക്കുമുള്ള ബന്ധനങ്ങളിൽ അന്ധകാരത്തിൻകീഴിൽ സൂക്ഷിച്ചു. (യൂദാ I,6). "പാപം ചെയ്ത മാലാഖമാരോടു ദൈവം ദയ ചെയ്തില്ല. പിന്നെയോ അവരെ അന്ധകാരശൃംഖലകൾകൊണ്ടു (ബന്ധിക്കപ്പെട്ടവരായി) പാതാളങ്ങളിൽ തള്ളിയിടുകയും, ശിക്ഷാവിധിക്കായി സൂക്ഷിക്കപ്പെടുവാൻ അവരെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു." (II പത്രോ II, 4)



For Favours Received
Excuse for delay
Mrs. Thresiamma Joseph
Narakaden, Kuzhupilly

വേദപുസ്തകത്തിൽ നമ്മുടെ ആദിമാതാപിതാക്കന്മാരെ സാത്താൻ പ്രലോഭിപ്പിക്കുന്നതായി ഉല്പത്തി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. മരുഭൂമിയിൽവെച്ചു അവൻ നമ്മുടെ കർത്താവിനെയും പരീക്ഷിച്ചുവല്ലോ (മത്തായി IV,10). നമ്മുടെ കർത്താവിനെ ഒററിക്കൊടുക്കുന്നതിനു മുൻപു സാത്താൻ യൂദാസ്കറിയോത്തായിൽ പ്രവേശിച്ചിരുന്നു. (ലൂക്കാ: XXII, 3). സാത്താൻ മനുഷ്യവർഗ്ഗത്തെ പ്രലോഭിപ്പിക്കുന്നുണ്ടെന്നു വേദപുസ്തകം സ്പഷ്ടമായി പ്രസ്താവിക്കുന്നു. "ശിമയോനേ, ഇതാ സാത്താൻ നിങ്ങളെ കോതമ്പുകൾ എന്നപോലെ കൊഴിക്കുവാൻ അന്വേഷിക്കുന്നു" (ലൂക്കാ XXII, 31). "നിങ്ങൾ പിശാചു് എന്ന പിതാവിൽ നിന്നുള്ളവരാകുന്നു; നിങ്ങളുടെ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ നിങ്ങൾ ഇച്ഛിക്കുകയും ചെയ്യുന്നു." (യോഹ: VIII, 44). "മിശിഹായുടെ തേജസ്സാകുന്ന സുവിശേഷത്തിന്റെ പ്രകാശം അവർക്കു് ഉദിക്കാതിരിക്കേണ്ടതിനു ഈ ലോകത്തിന്റെ ദൈവം (സാത്താൻ) അവരുടെ ബോധത്തെ ഇരുട്ടാക്കിക്കളഞ്ഞു." (II കോറി: IV 4). "നിങ്ങൾ ഉണർന്നിരിക്കുവിൻ... നിങ്ങളുടെ ശത്രുവായ സാത്താൻ ആരെവിഴുങ്ങേണ്ടുവെന്നു് അന്വേഷിച്ചു സിംഹത്തെപ്പോലെ അലറിക്കൊണ്ടു ചുററിനടക്കുന്നു." (I പത്രോ: V,3)

നമ്മെപരീക്ഷിക്കുന്നതിനു സാത്താനും ദുഷ്ടാരൂപികൾക്കുമുള്ള ശക്തി വളരെ വലുതുതന്നെയാണു്. "പിശാചിന്റെ കെണികളോടു എതിർത്തു നിൽക്കുവാൻ നിങ്ങൾക്കു കഴിയേണ്ടതിനു ദൈവത്തിന്റെ ആയുധമെല്ലാം നിങ്ങൾ ധരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുദ്ധം ശരീരത്തോടും രക്തത്തോടുമല്ല, പിന്നെയോ പ്രഭുത്വങ്ങളോടും അധികാരികളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും ആകാശത്തിൻ കീഴുള്ള ദുരാത്മാക്കളോടുമാകുന്നു." (എഫേ: VI, 11.12) പക്ഷെ "നിങ്ങൾക്കു കഴിയുന്നതിൽ അധികമായി നിങ്ങൾ പരീക്ഷിക്കപ്പെടുവാൻ ദൈവം നിങ്ങളെ കൈവിടുകയില്ല. എന്നല്ല, സഹിക്കുവാൻ നിങ്ങൾക്കു കഴിയത്തക്കവണ്ണം നിങ്ങളുടെ പരീക്ഷയ്ക്കു് അവൻ നീക്കുപോക്കു് ഉണ്ടാക്കുകയും ചെയ്യും." (I കോറി: X 13)

നാലാമത്തെ ലാത്തറാൻ സൂനഹദോസ് പഠിപ്പിക്കുന്നതിങ്ങനെയാണു്: "സാത്താനെയും മററു പിശാചുക്കളെയും സ്വഭാവത്തിൽ നല്ലവരായിട്ടാണു ദൈവം സൃഷ്ടിച്ചതു്. എന്നാൽ തങ്ങളുടെ സ്വന്തം കുററംകൊണ്ടു് അവർ ദുഷ്ടരായിത്തീർന്നു." ആകയാൽ പിശാചു് ഉണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. അന്ധവിശ്വാസമല്ല. തന്മൂലം കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ട ഒരു കാര്യവുമാകുന്നു.

82. ചോ: നരകവാസികൾക്കു ഒരുകാലത്തും ദൈവത്തെ കാണുവാൻ സാദ്ധ്യമല്ലെന്നുള്ളതാണല്ലോ അവർക്കുള്ള ഏററവും വലിയ പീഡ. എന്നാൽ പൊതുവിധി ദിവസത്തിൽ എല്ലാ മനുഷ്യരും ദൈവസന്നിധിയിൽ നിർത്തപ്പെടുമല്ലോ. അപ്പോൾ അവർക്കു ദൈവത്തെ കണ്ടുകൂടെയോ?

(ജെ. പി. മുടിയൂർക്കര)

ഉ: നരകവാസികൾ അനുഭവിക്കുന്ന പീഡയിൽ ഏററവും വലുതു അവരുടെ നഷ്ടത്തെപ്പററിയുള്ള വേദനയാണു്. അതായതു് തങ്ങളുടെ സ്രഷ്ടാവും രക്ഷകനുമായ ദൈവവും അവിടുത്തെ അനുഗ്രഹപ്രദമായ സാന്നിദ്ധ്യവും സ്വർഗ്ഗസൗഭാഗ്യവും നഷ്ടപ്പെട്ടിരിക്കുന്നുവെന്ന ചിന്തതന്നെ. ദൈവത്തെ അഭിമുഖമായി കാണുകയെന്ന സൗഭാഗ്യം നരകവാസികളായ ആത്മാവുകൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. തങ്ങളുടെ സ്വന്തം കുററംകൊണ്ടാണു് ഈ നഷ്ടമെന്ന ബോധം അവരുടെ വേദനയെ വർദ്ധിപ്പിക്കുന്നതേയുള്ളു. താഴെപ്പറയുന്ന വേദപുസ്തകവാക്യം ഇതാണു സൂചിപ്പിക്കുന്നതു്. "നിങ്ങൾ എവിടെ നിന്നാകുന്നു എന്നു ഞാൻ അറിയുന്നില്ല. അനീതിപ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്നു് അകന്നുപോകുവിൻ... അവിടെ, അബ്രാഹത്തെയും ഇസഹാക്കിനെയും യാക്കോബിനെയും പ്രവാചകന്മാരേവരെയും ദൈവരാജ്യത്തിൽ നിങ്ങൾ കാണുമ്പോൾ കരച്ചിലും പല്ലുകടിയും ഉണ്ടാകും. നിങ്ങളെ പുറത്തുതള്ളപ്പെടും" (ലൂക്കാ XIII,27.23)

വിശുദ്ധ ജോൺ ക്രിസോസ്റ്റോം പറയുന്നതു നോക്കുക. "നരകത്തിലെ അഗ്നി അതുല്യംതന്നെ. അതിന്റെ വേദനയും അതിദുസ്സഹം. എന്നാൽ ഒരായിരം നരകാഗ്നികൾ ഒന്നിനുമുകളിൽ ഒന്നായി അടുക്കിവച്ചാൽ അതു തീർത്തും നിസ്സാരമാണു് ക്രിസ്തുവിനാൽ വിദ്വേഷിക്കപ്പെട്ടു സ്വർഗ്ഗീയസൗഭാഗ്യത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടിരിക്കുന്നുവെന്ന ശിക്ഷയോടു തുലനം ചെയ്യുമ്പോൾ."

പൊതുവിധിദിവസം എല്ലാ മനുഷ്യരും ദൈവതിരുമുൻപാകെ സമാനയിക്കപ്പെടുമെന്നതു വാസ്തവംതന്നെ. "മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കും. അവന്റെ മുൻപിൽ സകല ജനങ്ങളും കൂട്ടപ്പെടും" (മത്താ: XXV. 31,32). ഇങ്ങനെ ദൈവതിരുമുൻപാകെ കൂട്ടപ്പെടുന്നവരുടെ ഗണത്തിൽ, നരകശിക്ഷയ്ക്കർഹരായ ആത്മാക്കളും ഉണ്ടായിരിക്കുന്നു. "ശപിക്കപ്പെട്ടവരെ നിങ്ങൾ എന്നെവിട്ടു്, പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കപ്പെട്ടിരിക്കുന്നതായ നിത്യാഗ്നിയിലേക്കു പോകുവിൻ" (മത്തായി XXV, 41) എന്ന വേദവാക്യം അതാണല്ലോ വിശദമാക്കുന്നതു്.

ഇങ്ങനെ, പൊതുവിധിദിവസം ദൈവതിരുമുൻപാകെ ഹാജരാക്കപ്പെടുന്ന പാപാത്മാക്കൾക്കു ദൈവത്തെ കണ്ടുകൂടേ എന്നാണു ചോദ്യം. തങ്ങളുടെ ദ്രോഹത്തിനു പാത്രമായവനും, ഉഗ്രമായ ശിക്ഷ നൽകുവാൻ പ്രതാപത്തോടെ എഴുന്നള്ളിയിരിക്കുന്നവനുമായ ദൈവത്തെ നോക്കുവാൻതന്നെ അവർക്കു ധൈര്യമുണ്ടാകയില്ലല്ലോ. തീക്ഷ്ണപ്രതാപവാനായ ആ വിധികർത്താവിൽനിന്നു് അവർ മുഖം തിരിച്ചു കളയുകയില്ലേ? "ദൈവത്തെ അഭിമുഖമായി കാണുക"യെന്നു പറഞ്ഞതുകൊണ്ടു് ദൈവം ദൃഷ്ടിലക്ഷ്യമാകുകയെന്നല്ലല്ലോ അർത്ഥം. കാണുന്നവർക്കു ആനന്ദകരമായിരിക്കത്തക്കവണ്ണം സന്തുഷ്ടനായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുകയെന്നാണതിനർത്ഥം. വിധിയാളനായ ദൈവത്തിന്റെ സാന്നിദ്ധ്യം ആ പാപികളുടെ ദുഃഖത്തെ ഇരട്ടിപ്പിക്കുകയേയുള്ളു. അതിനാൽ വിധിദിവസം അവരെ ദൈവമുൻപാകെ ഹാജരാക്കപ്പെടുന്നുവെന്ന വസ്തുത അവരുടെ വേദനയെ വർദ്ധിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു.

—o—

(2-ാംപേജ് തുടർച്ച)

യിരുന്നു അവയെല്ലാം. ആ സത്യാവസ്ഥകൾ സൂക്ഷ്മമായി മനസ്സിലാക്കുന്നതിനു ക്ഷമ അനുവദിച്ചില്ല. അതിനു മുൻപായി മോളിയെ വെറുത്തു. മോളി നിഷ്കളങ്കയാണു്..."

ഊഹാപോഹങ്ങളായിരുന്നു തങ്കച്ചൻ മോളിയെ വെറുക്കുവാൻ ഉണ്ടായ കാരണം എന്നു മനസ്സിലായതോടുകൂടി ജെയിംസിനും അതിയായ വേദനയുണ്ടായി. എന്തുചെയ്യാം എത്ര വേദനിച്ചാലോ, സങ്കടപ്പെട്ടാലോ മരിച്ച മോളി തിരികെവരാൻ പോകുന്നില്ല.

കഴിഞ്ഞകാലങ്ങളിൽ ആ രണ്ടു ഹൃദയങ്ങളെ ഒന്നിപ്പിച്ച ആ "കത്തുകൾ" തന്നെ ആയിരുന്നു ഇന്നു് അവരെ അകററാനും, വെറുക്കാനും കാരണം.

ഒടുങ്ങാത്ത ഹൃദയവേദനയോടെ മോളിയെ പ്രസവിച്ച മാതാവിന്റെ സന്നിധാനത്തിലേക്കു് തങ്കച്ചനും ജെയിംസും നീങ്ങുകയാണു്...

തങ്കച്ചനെ കാണുമ്പോൾ ആ മാതൃഹൃദയത്തിനു് ശാന്തി ഉണ്ടാകുമോ, അതോ, അല്പം ശമിച്ചുനില്ക്കുന്ന വേദനയുടെ കൊടുങ്കാററു് ആഞ്ഞടിക്കുമോ? എന്തോ....?

(പകർപ്പവകാശം കഥാകൃത്തിനു്)

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യയ്ക്കു പുറമെ " 8—12—0

Wednesday
March 6
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 29





വി. തർസീസിയൂസ്


പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

ഭക്തിപാരവശ്യത്തോടും, ക്രിസ്തുവിനെ വഹിക്കുന്നതിനു ലഭിച്ച സൗഭാഗ്യത്തിൽ ഹൃദയാനന്ദത്തോടും, യാതൊരാപത്തുംകൂടാതെ വിശുദ്ധകുർബാനയെ ലക്ഷ്യസ്ഥാനത്തെത്തിക്കേണ്ട ഉൽക്കണ്ഠയോടുംകൂടി തർസീസിയൂസ് തെരുവിലൂടെ ധൃതിയായി നടന്നുപോവുകയാണ്. തെരുവിന്റെ ഒരു ഭാഗത്തു വന്നപ്പോൾ അകലെനിന്നും ഒരു സ്വരമുയർന്നു. അവന്റെ ചില ബാലസ്നേഹിതന്മാർ കളിക്കു വട്ടംകൂട്ടുകയാണ്. തർസീസിയൂസിനെ അകലത്തിൽ കണ്ടപ്പോൾ അവർ വിചാരിച്ചു. ഒരാളെക്കൂടി അവരുടെ കളിക്കു കിട്ടിയെന്ന്. അവർ ഉല്ലാസനിർഭരരായി വിളിക്കുകയാണ് തർസീസിയൂസിനെ, കളിയിൽ ചേരുന്നതിനു്. തർസീസിയൂസിനു ആശങ്കയായി, എങ്ങിനെയാണ് അവരെ ഒഴിഞ്ഞുപോകേണ്ടതെന്ന്. മറു മാർഗ്ഗമൊന്നുമില്ലായിരുന്നു. തർസീസിയൂസ് അവർ നിന്ന സ്ഥലത്തോടടുത്തു. അവർ വന്നവനെ വട്ടമിട്ടു അവൻ കളിയിൽ ചേരണം തീരു. പക്ഷേ അവർക്കറിയാം തർസീസിയൂസ് ഒരു "രസംകൊല്ലി"യാണെന്ന്. അവരുടെ മൃഗീയമായ വിനോദങ്ങളും അസഭ്യമായ സംഭാഷണങ്ങളും അവനു വളരെ വെറുപ്പാണ്. അതിലൊന്നും അവൻ പങ്കെടുക്കാറില്ല. അതുകൊണ്ടു് കുറെ വിത്തപറഞ്ഞോ ചിലപ്പോൾ ചില ചില്ലറ ഉപദ്രവങ്ങൾ ഏല്പിച്ചോ അവനെ കൂട്ടത്തിൽനിന്നു ഓടിച്ചുവിടാറാണ് അവരുടെ പതിവ്. അതുപോലെ ഇപ്പോഴും അവർ അവനെ അധിക്ഷേപിച്ചു പറഞ്ഞയക്കുമെന്നു തർസീസിയൂസ് ആശിച്ചു. അതുകൊണ്ടു് തനിക്കു പോയിട്ടു ഒരു അത്യാവശ്യമുണ്ടെന്നും കളിയിൽ കൂടാൻ നിവൃത്തിയില്ലെന്നും അവൻ പറഞ്ഞു. അവർ വിട്ടില്ല നിർബന്ധം വർദ്ധിപ്പിക്കുകയാണുണ്ടായതു്. മടങ്ങിവരുമ്പോൾ കളിയിൽ കൂടാമെന്നു പറഞ്ഞുനോക്കി. അതും ഫലപ്പെട്ടില്ല. ബലമായിത്തന്നെ അവനെ കളിയിൽ ചേർക്കുമെന്നു ശഠിക്കായി. തർസീസിയൂസ് എന്തുചെയ്യും?

വല്യേട്ടൻ.


## "ബാലഹൃദയങ്ങളിൽ വർണ്ണഭേദമില്ല"

അമേരിക്കയിൽ ചില ഭാഗങ്ങളിൽ വെള്ളക്കാരും നീഗ്രോജാതിക്കാരും തമ്മിൽ പണ്ടുമുതലേ വലിയ വർണ്ണഭേദചിന്ത നടമാടുകയാണ്. ഈ പരിഷ്കൃതകാലത്തും അതു നിലനിന്നിരുന്നു. അതിനെതിരായി ഒരു വലിയ പ്രസ്ഥാനം ഇപ്പോൾ ആരംഭിച്ചിരിക്കുന്നു. കത്തോലിക്കാ മതാദ്ധ്യക്ഷന്മാരും സ്ഥാപനങ്ങളും ഈ പ്രസ്ഥാനത്തിൽ മുൻപന്തിയിൽ പ്രവർത്തിക്കുന്നു. ഒരു കത്തോലിക്കാ വിദ്യാലയത്തിൽ വർണ്ണവിവേചന കൂടാതെ കുട്ടികൾ ഉല്ലസിക്കുന്നതാണ് ചിത്രം.


11. വഴിമദ്ധ്യേ കൂട്ടുകാർ കണ്ടുമുട്ടുന്നു:- "തർസീ അവിടെ നിൽക്കൂ. ഇന്നു നീ ഞങ്ങളോടുകൂടി കളിക്കണം."
തർസീ:- "ഞാൻ ഒരത്യാവശ്യകാര്യം പ്രമാണിച്ചു പോകയാണ്. എനിക്കു കളിക്കാൻ നേരമില്ല.

12. അവർ നിർബന്ധിക്കുന്നു:- "കളിക്കുകയില്ലെന്നോ? എന്നാൽ നിന്നെ കളിപ്പിച്ചേ വിടൂ."
തർസീ:- "കൂട്ടുകാരെ, എന്നെ നിർബന്ധിക്കരുതു്. ഞാൻ മടങ്ങിവരുമ്പോൾ കളിച്ചുകൊള്ളാം."

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

ബാലരംഗത്തിൽ ചേരുവാനുള്ള വ്യവസ്ഥകൾ:—

1) 16 വയസ്സു കഴിയാതിരിക്കുക, അല്ലെങ്കിൽ വിദ്യാർത്ഥിയായിരിക്കുക. അല്ലെങ്കിൽ ഇടവകയിലെ ബാലികാബാലന്മാർക്കുള്ള ഏതെങ്കിലും ഭക്തസംഘടനയിൽ അംഗമായിരിക്കുക. 2) സത്യദീപത്തിനു ഒരു വരിക്കാരനെ പുതുതായി ചേർക്കുക, അല്ലെങ്കിൽ വീട്ടിൽ വരുത്തുന്ന സത്യദീപം അതു വരുത്തുവാൻ കഴിവില്ലാത്ത ഒരാൾക്കു കൊണ്ടുപോയി കൊടുത്തു വായിപ്പിക്കുക. ഈ വ്യവസ്ഥകൾ നിറവേറുന്നുവെന്നതിനുള്ള സാക്ഷ്യങ്ങളോടെ അപേക്ഷ "വല്യേട്ടൻ, സത്യദീപം ആഫീസ്, എറണാകുളം 1." എന്ന മേൽവിലാസത്തിൽ അയക്കുക പ്രവേശനഫീസില്ല. യോഗ്യതയുള്ളവരെ സ്വീകരിച്ചു് പേരും അതോടൊന്നിച്ചു് രജിസ്റ്റർനമ്പരും "ബാലരംഗ"ത്തിൽ പ്രസിദ്ധപ്പെടുത്തും. പിന്നീടുള്ള എഴുത്തുകുത്തുകളിലും, ലേഖനം, ചെറുകഥ, പ്രശ്നം മുതലായവയിലും രജിസ്റ്റർനമ്പർ കാണിച്ചിരിക്കണം. വല്യേട്ടൻ

| Reg. No. | |
|---|---|
| 136 | കുസുമാസ് സി. കുഴിക്കാട്ടുമാലിൽ കരിമണ്ണൂർ |
| 137 | ഇ. എൽ. കൊച്ചുവുസപ്പ്, ഒരുമനയൂർ |
| 138 | കെ. എക്സ് ജോർജ് കാട്ടുവള്ളിൽ, പുതുപ്പള്ളി |
| 139 | കെ. എക്സ്. സേവ്യർ കാട്ടുവള്ളിൽ, പുതുപ്പള്ളി |
| 140 | കെ. ജേക്കബ്ബ് മാത്യു കുഴിക്കാട്ട് പൊൻകുന്നം |

## മിഷൻപ്രവർത്തനം

(എം. ജെ. വർഗ്ഗീസ് Reg. No. 81)

ഒരു യഥാർത്ഥ കത്തോലിക്കനു എല്ലാ പരിതസ്ഥിതികളിലും ഏറ്റവും ഹൃദ്യമായി തോന്നേണ്ട ഒന്നാണ് മിഷൻപ്രവർത്തനം. ക്രിസ്തു കാണിച്ചുതന്ന സത്യപ്രകാശത്തെ അന്യർക്കു വെളിപ്പെടുത്തിക്കൊടുക്കേണ്ടതു് ക്രിസ്ത്യാനികളുടെ കടമയാണ്. ഈ കടമയനുസരിച്ച് ക്രിസ്തുവിനെ ഓരോ വ്യക്തിയുടെ അന്തരാത്മാവിലും വെളിപ്പെടുത്തിക്കൊടുക്കാൻ നാം പരിശ്രമിക്കേണ്ടതാണ്.

തിരുസ്സഭ മിഷൻപ്രവർത്തനം സജീവമായി നടത്തുന്നുണ്ട്. അവൾക്കറിയാം, ലോകത്തിൽ സമാധാനവും സൗഭാഗ്യവും കൈവരണമെങ്കിൽ, ലോകത്തെ അജ്ഞാനാന്ധകാരത്തിൽനിന്നു രക്ഷിക്കണമെന്നു്; ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുക്കണമെന്നു്. ഇന്നത്തെ ലോകം പൈശാചികപ്രബോധനങ്ങളുടേയും നശീകരാശയങ്ങളുടേയും കെണികളിൽ കുടുങ്ങി നട്ടംതിരിയുകയാണ്. തിരുസ്സഭ അചഞ്ചലമായി നിന്നുകൊണ്ടു് ശത്രുക്കൾക്കെതിരായി സുധീരം പോരാടുന്നു.

മിഷൻപ്രവർത്തനം നടത്തുന്നതു മിഷനറിമാർ മുഖേനയാണ്. മിഷനറിമാർ സുവിശേഷതത്വങ്ങളെ നാനാരാജ്യങ്ങളിലും പ്രചരിപ്പിക്കുന്നു. "നിങ്ങൾപോയി സകല ജാതികളേയും പഠിപ്പിക്കുവിൻ" എന്ന ദിവ്യരക്ഷകന്റെ കല്പനയുടെ നിർവ്വഹണമാണ് സഭയുടെ ഇന്നുവരെയുള്ള മിഷൻചരിത്രം. നൂറ്റാണ്ടുകൾ 20 കഴിഞ്ഞെങ്കിലും പ്രസ്തുത കല്പനയ്ക്കു ആദിമശതകങ്ങളിലുണ്ടായിരുന്ന ശക്തി ഇന്നും ക്ഷയിച്ചിട്ടില്ല. അപ്പസ്തോലികപിതാക്കന്മാർക്കുണ്ടായിരുന്ന തീക്ഷ്ണത ഇന്നും മിഷനറിമാരെ ഉന്മേഷഭരിതരാക്കുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം ജറുസലേംനിവാസികളോട് അപ്പസ്തോലന്മാർ പ്രസംഗിച്ചപ്പോൾ ഉണ്ടായിരുന്ന തീക്ഷ്ണത അതേ മട്ടിൽ ഇന്നും മനുഷ്യസമുദായത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും കുഗ്രാമങ്ങളിലും എവിടേയും സുവിശേഷം പ്രസംഗിക്കുന്നതായ മിഷനറിമാരെ കർമ്മോദ്യുക്തരാക്കുന്നു. ഈദൃശ ആത്മധൈര്യം മാനുഷികമായ ഒരു സംരംഭത്തിലും നാം ദർശിക്കുന്നില്ല. വിശുദ്ധ പൗലോസിനെപ്പോലെ. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" എന്ന മനോഭാവമാണ് അവരുടെ നിരന്തരപ്രേരണ.

ഒരു മിഷനറിക്കു സഹിക്കേണ്ട ബുദ്ധിമുട്ടുകളും ത്യാഗങ്ങളും വളരെയുണ്ട്. ഏവംവിധങ്ങളായ ദുരിതങ്ങൾക്കും സങ്കടങ്ങൾക്കും സ്വസന്താനങ്ങളെ വിധേയരാക്കുന്നതിൽ തിരുസഭ വൈമുഖ്യം പ്രദർശിപ്പിക്കുന്നില്ല. കാരണം, തിരുസ്സഭ അത്രയ്ക്കു ചുമതലാബോധത്തോടുകൂടിയാണ് മിഷൻജോലിയെ വീക്ഷിക്കുന്നതു്. അതിപ്രധാനമായ ഇക്കാര്യത്തിൽ നമ്മുടെ സഹകരണമില്ലായ്മ തികച്ചും അക്ഷന്തവ്യമാണ്. സഭയുടെ ആവശ്യം നമ്മുടെ ആവശ്യവും സഭയുടെ അഭിലാഷങ്ങൾ നാം ഓരോരുത്തരുടേയും അഭിലാഷങ്ങളുമാണെങ്കിൽ ഈ സംരംഭത്തിൽ കഴിയുന്നത്ര സഹകരിക്കുവാൻ നമുക്കു സന്നദ്ധതയുണ്ടാകാതിരിക്കുകയില്ല.

മിഷൻപ്രവർത്തനത്തിൽ നമ്മുടെ സഹകരണം മൂന്നുവിധത്തിൽ നടത്താവുന്നതാണ്. ഒന്നാമതായി, കഴിയുമെങ്കിൽ നാംതന്നെ മിഷനറിമാരാകുക. മാതാപിതാക്കന്മാർ, ദൈവം അവർക്കു നൽകിയിട്ടുള്ള സന്താനങ്ങളെ ദൈവരാജ്യം വിസ്തൃതമാക്കുന്നതിനുവേണ്ടി മിഷനറിമാരാക്കുക. അതുമില്ലെങ്കിൽ മിഷനിലേക്കു ദൈവവിളിയുള്ളവരെ സഹായിക്കുക. രണ്ടാമതായി മിഷൻപ്രവർത്തനങ്ങൾക്കു ധനസഹായം ചെയ്യുക. നമുക്കുള്ളതായ സ്വത്തിന്റെ ഒരു ഭാഗം മിഷൻപ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കുന്നെങ്കിൽ നാം ഭാഗ്യവാന്മാരത്രെ. മൂന്നാമത്തെ മാർഗ്ഗം പ്രാർത്ഥനയാണ്. ഇതിനു നമ്മുടെ നന്മനസ്സുമാത്രം മതി. ഇങ്ങനെ മൂന്നുവിധത്തിലും നാം മിഷൻപ്രവർത്തനത്തെ സഹായിച്ചുകൊണ്ടു് നമുക്കു അതിനെ വിജയിപ്പിക്കാം. ലോകത്തെ അന്ധകാരത്തിൽനിന്നും രക്ഷിക്കാം.

—o—

## 106-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

| | | |
|---|---|---|
| 8 | 3 | 4 |
| 1 | 5 | 9 |
| 6 | 7 | 2 |

(പുറംകളങ്ങളിലെ നമ്പറുകൾ ക്രമമായി ഓരോ വശത്തും മാറിയിടാവുന്നതാണ്.)

## പ്രശ്നം നമ്പർ 107

(അഗസ്റ്റിൻ എം. രാമപുരം Reg No. 3)

ഒരു സമചതുരക്കളത്തെ 9 സമചതുരക്കളങ്ങളായി തിരിക്കുക. 3 മുതൽ 11 വരെ അക്കങ്ങൾ ഓരോ കളത്തിലായി നിരത്തുക. ഇടത്തുനിന്നു വലത്തോട്ടോ, വലത്തുനിന്നു ഇടത്തോട്ടോ, മേലേനിന്നു കീഴോട്ടോ, കീഴേനിന്നു മേലോട്ടോ, കോണോടുകോണോ കൂട്ടിയാൽ ആകത്തുക 21 കിട്ടണം.

(ഉത്തരം അടുത്തതിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1